# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അകത്തേത്തറ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: kSA PKD 14-673/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 01/07/2021
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അകത്തേത്തറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അകത്തേത്തറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അകത്തേത്തറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: kSA PKD 14-673/2021 തീയ്യതി: 01/07/2021

## പാലക്കാട് ജില്ലയിലെ അകത്തേത്തറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ അകത്തേത്തറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-11-2019 മുതൽ 16-06-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 19-11-2019 മുതൽ 16-06-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 27 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സതീശൻ.എൻ | ഡെപ്യൂട്ടി ഡയറക്ടർ | 17-06-2021 | 24-06-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-06-2021 | 24-06-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി:ബിന്ദു.പി.ജി , ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ )
ശ്രീ : നസ്സീർ.ടി.കെ , ഓഡിറ്റ് ഓഫീസർ

ശ്രീ :ഹരിഗോവിന്ദ് , അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി:ഉഷാകുമാരി വി.ടി, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ :ഷഹീർ .എസ്, ഓഡിറ്റർ
ശ്രീമതി:ലിക്സി അലക്സ് , ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഡി.സദാശിവൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി: കലാറാണി | സെക്രട്ടറി (ചാർജ്ജ് ) | 01-04-2019 | 25-04-2019 |
| ശ്രീ:ആനന്ദ് .എം | സെക്രട്ടറി | 26-04-2019 | 31-03-2020 |
| ശ്രീ:ഹരിമോഹൻ ഉണ്ണികൃഷ്ണൻ | അസി.സെക്രട്ടറി | 01-04-2019 | 13-06-2019 |
| ശ്രീ:മധു,പി.കെ | അസി.സെക്രട്ടറി | 24-07-2019 | 28-07-2019 |
| ശ്രീമതി:ബിന്ദു.കെ.എം | അസി.സെക്രട്ടറി | 14-06-2019 | 23-07-2019 |
| ശ്രീമതി:ബിന്ദു.കെ.എം | അസി.സെക്രട്ടറി | 29-07-2019 | 31-03-2020 |
| ശ്രീമതി. വനജ | ICDS സൂപ്പർ വൈസർ | 01-04-2019 | 31-03-2020 |
| ഡോ.കേശവപ്രസാദ് .എൻ | മെഡക്കിൽ ഓഫീസർ (ആയൂർവ്വേദം) | 01-04-2019 | 31-03-2020 |
| ഡോ.രാമകൃഷ്ണൻ .പി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ശ്രീമതി: ബിന്ദു.കെ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.ഷർമിള .ബി | വെറ്റിനറി സർജ്ജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി: ഷൈല മേരി.ജെ | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി.നഷീദ | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി. സുജിഷ | വി.ഇ.ഒ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | | | |
| ശ്രീമതി: അഫ്സ | ഡി.ഇ.ഒ | 01-04-2019 | 31-07-2019 |
| ശ്രീമതി. ദിവ്യ.പി | ഡി.ഇ.ഒ | 01-08-2019 | 31-03-2020 |
| ശ്രീമതി: ശ്രൂതി.ജിഎസ് | അസി.എൻജിനിയർ | 01-04-2019 | 07-12-2019 |
| ശ്രീമതി. റീജ എസ്.രാജ് | അസി.എൻജിനിയർ | 08-12-2019 | 27-01-2020 |
| ശ്രീ.അജിത് കുമാർ | അസി.എൻജിനിയർ | 28-01-2020 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: V.T. Ushakumari (Asst. Audit Officer, On 25-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 29-06-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: V.T. Ushakumari (Asst. Audit Officer, On 25-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 29-06-2021) | 1-2 |
| 3 | ഫണ്ട് വിനിയോഗം<br>Written By: V.T. Ushakumari (Asst. Audit Officer, On 26-06-2021)<br>Last Updated By: T.K.Naseer (Audit Officer, On 01-07-2021) | 1-3 |
| 4 | പദ്ധതി അവലോകനം (എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വകയിരുത്തൽ സഹിതം)<br>Written By: P.G. Bindu (Audit Officer, On 26-06-2021)<br>Last Updated By: P.G. Bindu (Audit Officer, On 01-07-2021) | 1-4 |
| 5 | തൊഴിലുറപ്പ് പദ്ധതി<br>Written By: T.K.Naseer (Audit Officer, On 01-07-2021)<br>Last Updated By: T.K.Naseer (Audit Officer, On 01-07-2021) | 1-5 |
| 6 | ക്ഷേമ പെൻഷൻ<br>Written By: T.K.Naseer (Audit Officer, On 23-06-2021)<br>Last Updated By: P.G. Bindu (Audit Officer, On 01-07-2021) | 1-6 |
| 7 | ക്യാഷ് പരിശോധന<br>Written By: Lixy Alex (Auditor, On 26-06-2021)<br>Last Updated By: P.G. Bindu (Audit Officer, On 26-06-2021) | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: P.G. Bindu (Audit Officer, On 26-06-2021)<br>Last Updated By: P.G. Bindu (Audit Officer, On 01-07-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം- പോരായ്മകൾപരിഹരിക്കേണ്ടതാണ്<br>Written By: P.G. Bindu (Audit Officer, On 28-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 29-06-2021) | 1-9 |
| 10 | ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നു<br>Written By: Sheheer (Auditor, On 26-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 30-06-2021) | 1-10 |
| 11 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: Sheheer (Auditor, On 26-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 30-06-2021) | 1-11 |
| 12 | ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sheheer (Auditor, On 26-06-2021)<br>Last Updated By: Sheheer (Auditor, On 26-06-2021) | 1-11-1 |
| 13 | റേഷൻ കട, കള്ള് ഷാപ്പ് നടത്തിപ്പുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sheheer (Auditor, On 26-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 30-06-2021) | 1-11-2 |
| 14 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sheheer (Auditor, On 26-06-2021)<br>Last Updated By: Sheheer (Auditor, On 01-07-2021) | 1-11-3 |
| 15 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sheheer (Auditor, On 26-06-2021)<br>Last Updated By: Sheheer (Auditor, On 01-07-2021) | 1-11-4 |

| | | |
|---|---|---|
| 16 | ഒരേ ഉപയോഗക്രമമുള്ള വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികതി കുറവായി നിർണ്ണയിച്ചു - കുറവായ തുക ഈടാക്കേണ്ടതാണ്<br>Written By: Sheheer (Auditor, On 26-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 30-06-2021) | 1-12 |
| 17 | വസ്തു നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ - അർഹത പുനപരിശോധിക്കേണ്ടതാണ്<br>Written By: Sheheer (Auditor, On 26-06-2021)<br>Last Updated By: Sheheer (Auditor, On 30-06-2021) | 1-13 |
| 18 | വസ്തു നികുതി ഈടാക്കുന്ന കെട്ടിടങ്ങളുടെ Exemption Type എന്ന കോളത്തിൽ വസ്തു നികുതി ഒഴിവാക്കുന്നതിനായുള്ള വിവിധ കാരണങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു<br>Written By: Sheheer (Auditor, On 26-06-2021)<br>Last Updated By: Sheheer (Auditor, On 01-07-2021) | 1-14 |
| 19 | കെട്ടിടങ്ങളുടെ ക്രമവൽകരണ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്<br>Written By: Sheheer (Auditor, On 26-06-2021)<br>Last Updated By: Sheheer (Auditor, On 01-07-2021) | 1-15 |
| 20 | വസ്തു നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്<br>Written By: Sheheer (Auditor, On 26-06-2021)<br>Last Updated By: Sheheer (Auditor, On 01-07-2021) | 1-16 |
| 21 | പഞ്ചായത്ത് പരിധിയിലെ റേഷൻ ഡിപ്പോകൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു<br>Written By: Lixy Alex (Auditor, On 26-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 30-06-2021) | 1-17 |
| 22 | വാടക – അപാകങ്ങൾ പരിഹരിക്കേണ്ടതാണ്<br>Written By: Lixy Alex (Auditor, On 26-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 30-06-2021) | 1-18 |
| 23 | നിഷ്ക്രിയ അക്കൗണ്ടുകൾ നിയമപ്രകാരം ക്ലോസ് ചെയ്യേണ്ടതാണ്<br>Written By: Lixy Alex (Auditor, On 26-06-2021)<br>Last Updated By: Lixy Alex (Auditor, On 01-07-2021) | 1-19 |
| 24 | പഞ്ചായത്ത് ഫണ്ട് സൂക്ഷിപ്പിനായുള്ള വിവിധ ബാങ്ക് അക്കൗണ്ടുകളിൽ റീകൺസിലിയേഷൻ നടത്തേണ്ടതാണ്<br>Written By: Lixy Alex (Auditor, On 26-06-2021)<br>Last Updated By: Lixy Alex (Auditor, On 01-07-2021) | 1-19-1 |
| 25 | കല്യാണമണ്ഡപം വാടക-രേഖകൾ ഓഡിറ്റ് വേളയിൽ ഹാജരാക്കിയില്ല<br>Written By: Lixy Alex (Auditor, On 26-06-2021)<br>Last Updated By: Lixy Alex (Auditor, On 01-07-2021) | 1-20 |
| 26 | നിർവ്വഹണോദ്യോഗസ്ഥ കളക്ഷൻ രജിസ്റ്ററായി TR-7A ക്യാഷ്ബുക്ക് ഉപയോഗിക്കുന്നു<br>Written By: Lixy Alex (Auditor, On 26-06-2021)<br>Last Updated By: Lixy Alex (Auditor, On 01-07-2021) | 1-21 |
| 27 | ലൈബ്രേറിയന്റെ രസീതി പിരിവ് - അപാകതകൾ<br>Written By: Lixy Alex (Auditor, On 27-06-2021)<br>Last Updated By: Lixy Alex (Auditor, On 01-07-2021) | 1-21-1 |
| 28 | ഗുണഭോക്തൃവിഹിതം രസീതി പിരിവ് - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - ശ്രദ്ധയിൽപ്പെട്ട അപാകതകൾ<br>Written By: Lixy Alex (Auditor, On 27-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 30-06-2021) | 1-21-2 |

| | | |
|---|---|---|
| 29 | രസീതിബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല<br>Written By: Lixy Alex (Auditor, On 26-06-2021)<br>Last Updated By: Lixy Alex (Auditor, On 01-07-2021) | 1-21-3 |
| 30 | രസീതി ബുക്ക് -ഉപയോഗിച്ചില്ലാത്ത രസീതികൾ ക്യാൻസൽ ചെയ്യേണ്ടതാണ്<br>Written By: Lixy Alex (Auditor, On 26-06-2021)<br>Last Updated By: Lixy Alex (Auditor, On 01-07-2021) | 1-21-4 |
| 31 | അഗതിരഹിത കേരളം പദ്ധതി -അവലോകനം<br>Written By: T.K.Naseer (Audit Officer, On 24-06-2021)<br>Last Updated By: T.K.Naseer (Audit Officer, On 30-06-2021) | 1-22 |
| 32 | LED ലൈറ്റുകൾ സ്ഥാപിക്കൽ - അപാകതകൾ<br>Written By: T.K.Naseer (Audit Officer, On 24-06-2021)<br>Last Updated By: T.K.Naseer (Audit Officer, On 30-06-2021) | 1-23 |
| 33 | ഖരമാലിന്യ സമസ്കരണം-അവലോകനം<br>Written By: T.K.Naseer (Audit Officer, On 24-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 30-06-2021) | 1-24 |
| 34 | ഗ്രാമസഭ - അവലോകനം<br>Written By: T.K.Naseer (Audit Officer, On 24-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 30-06-2021) | 1-25 |
| 35 | ദുരിദാശ്വാസ നിധി -കാര്യക്ഷമമാക്കണം<br>Written By: T.K.Naseer (Audit Officer, On 23-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 30-06-2021) | 1-26 |
| 36 | ലൈബ്രറി സെസ്സ് അടവാക്കുന്നതിൽ കാലതാമസം<br>Written By: T.K.Naseer (Audit Officer, On 23-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 30-06-2021) | 1-27 |
| 37 | പൊതു ടാപ്പുകൾ -അധിക തുക തിരികെ ഈടാക്കണം<br>Written By: T.K.Naseer (Audit Officer, On 23-06-2021)<br>Last Updated By: T.K.Naseer (Audit Officer, On 30-06-2021) | 1-28 |
| 38 | തെരുവ് വിളക്ക് -സർക്കാർ നിർദ്ധേശം പാലിക്കണം<br>Written By: T.K.Naseer (Audit Officer, On 23-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 30-06-2021) | 1-29 |
| 39 | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ-വിനിയോഗം ലഭ്യമാക്കിയിട്ടില്ല<br>Written By: T.K.Naseer (Audit Officer, On 23-06-2021)<br>Last Updated By: T.K.Naseer (Audit Officer, On 30-06-2021) | 1-30 |
| 40 | വാട്ടർ അതോറിറ്റിക്ക് സെന്റേജ് ചാർജ്ജ് നൽകിയതിന്റെ കൃത്യത ഉറപ്പാക്കേണ്ടതാണ്<br>Written By: T.K.Naseer (Audit Officer, On 23-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 30-06-2021) | 1-30-1 |
| 41 | തൊഴിലുറപ്പ് പദ്ധതി -അവലോകനം<br>Written By: T.K.Naseer (Audit Officer, On 24-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 30-06-2021) | 1-31 |
| 42 | ഡപ്പോസിറ്റ് പ്രവർത്തി വിനിയോഗം ലഭ്യമാക്കണം<br>Written By: T.K.Naseer (Audit Officer, On 23-06-2021)<br>Last Updated By: T.K.Naseer (Audit Officer, On 30-06-2021) | 1-32 |
| 43 | പാലിയേറ്റീവ് കെയർ - നിർവ്വഹണം<br>Written By: K.C.Harigobind (Senior Grade Auditor, On 26-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 30-06-2021) | 1-33 |
| 44 | അംഗീകാരം ലഭ്യമാക്കിയ പ്രൊജക്റ്റുകൾ നിർവ്വഹിച്ചിട്ടില്ല<br>Written By: K.C.Harigobind (Senior Grade Auditor, On 26-06-2021)<br>Last Updated By: P.G. Bindu (Audit Officer, On 01-07-2021) | 1-34 |
| 45 | സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി - അവലോകനം<br>Written By: K.C.Harigobind (Senior Grade Auditor, On 27-06-2021)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 01-07-2021) | 1-35 |

| | | |
|---|---|---|
| 46 | മഴക്കാല പൂർവ്വ ശുചീകരണം - ചെലവ് രേഖകൾ ഹാജരാക്കേണ്ടതാണ്<br>Written By: K.C.Harigobind (Senior Grade Auditor, On 26-06-2021)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 01-07-2021) | 1-36 |
| 47 | സാക്ഷരത പദ്ധതി – പദ്ധതി ലക്ഷ്യത്തിൽ ഉൾപ്പെടാത്ത ഇനങ്ങൾക്കുവേണ്ടിയുള്ള ചെലവ് നിരാകരിക്കുന്നു<br>Written By: Sheheer (Auditor, On 26-06-2021)<br>Last Updated By: Sheheer (Auditor, On 01-07-2021) | 1-37 |
| 48 | സാക്ഷരതാ കേന്ദ്രങ്ങൾക്ക് കമ്പ്യൂട്ടർ, പ്രിന്റർ - അധികം അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണ്<br>Written By: Sheheer (Auditor, On 26-06-2021)<br>Last Updated By: Sheheer (Auditor, On 01-07-2021) | 1-38 |
| 49 | വിജയശ്രീ പദ്ധതി - ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ വരാത്ത പദ്ധതികൾ ഏറ്റെടുത്ത് നടത്താതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്<br>Written By: Sheheer (Auditor, On 26-06-2021)<br>Last Updated By: Sheheer (Auditor, On 01-07-2021) | 1-39 |
| 50 | എസ് എസ് എ വിഹിതം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്<br>Written By: Sheheer (Auditor, On 26-06-2021)<br>Last Updated By: Sheheer (Auditor, On 01-07-2021) | 1-40 |
| 51 | വെറ്ററിനറി സർജ്ജൻ നിർവ്വഹണം നടത്തിയ പദ്ധതികൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്<br>Written By: Lixy Alex (Auditor, On 26-06-2021)<br>Last Updated By: Lixy Alex (Auditor, On 30-06-2021) | 1-41 |
| 52 | പ്രൊജക്റ്റുകൾ സമയബന്ധിതമായി ഏറ്റെടുത്ത് പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്<br>Written By: Lixy Alex (Auditor, On 26-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 30-06-2021) | 1-42 |
| 53 | ക്ഷീരസഹകരണസംഘങ്ങൾക്ക് പാൽ ശീതികരണികൾ വാങ്ങൽ പ്രൊജക്റ്റ് - രേഖകൾ ഹാജരാക്കിയില്ല<br>Written By: Lixy Alex (Auditor, On 26-06-2021)<br>Last Updated By: Lixy Alex (Auditor, On 30-06-2021) | 1-43 |
| 54 | അങ്കണവാടികളുടെ പ്രവർത്തനം-അവലോകനം<br>Written By: V.T. Ushakumari (Asst. Audit Officer, On 25-06-2021)<br>Last Updated By: V.T. Ushakumari (Asst. Audit Officer, On 30-06-2021) | 1-44 |
| 55 | ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ പദ്ധതി ഉപേക്ഷിച്ചത്- പദ്ധതി രൂപീകരണത്തിലെ അപാകങ്ങൾ ഒഴിവാക്കണം<br>Written By: V.T. Ushakumari (Asst. Audit Officer, On 25-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 30-06-2021) | 1-45 |
| 56 | ജൈവവളം വില്പന-ബദൽ സംവിധാനം കണ്ടെത്തണം<br>Written By: V.T. Ushakumari (Asst. Audit Officer, On 25-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 30-06-2021) | 1-46 |
| 57 | ICDS സൂപ്പർവൈസറുടെ പദ്ധതികൾ- രൂപീകരണത്തിൽ അപാകങ്ങൾ<br>Written By: V.T. Ushakumari (Asst. Audit Officer, On 27-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 30-06-2021) | 1-47 |
| 58 | ഗുണഭോക്താക്കളെ കണ്ടെത്താതെ പദ്ധതി രൂപീകരിച്ച് അംഗീകാരം നേടിയത് ശരിയായ നടപടിയല്ല<br>Written By: V.T. Ushakumari (Asst. Audit Officer, On 27-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 30-06-2021) | 1-48 |
| 59 | ബഡ്സ് സ്കൂളിനു വേണ്ടി ലഭ്യമായ കുടുംബശ്രീ മിഷൻ | 1-49 |

| | | |
|---|---|---|
| | ഫണ്ട് നഷ്ടപ്പെടുത്താൻ ഇടയാക്കാതെ ഉപയോഗപ്പെടുത്തണം<br>Written By: V.T. Ushakumari (Asst. Audit Officer, On 27-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 30-06-2021) | |
| 60 | രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്<br>Written By: V.T. Ushakumari (Asst. Audit Officer, On 27-06-2021)<br>Last Updated By: C.S.Santhosh (Audit Officer, On 30-06-2021) | 1-50 |
| 61 | അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ മരാമത്തു പ്രവൃത്തികൾ - അവലോകനം<br>Written By: P.G. Bindu (Audit Officer, On 28-06-2021)<br>Last Updated By: P.G. Bindu (Audit Officer, On 30-06-2021) | 1-51 |
| 62 | രണ്ടു വ്യത്യസ്ത കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് വേർതിരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയില്ല<br>Written By: P.G. Bindu (Audit Officer, On 28-06-2021)<br>Last Updated By: P.G. Bindu (Audit Officer, On 30-06-2021) | 1-52 |
| 63 | അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാങ്ക് അക്കൗണ്ടിലുള്ള ഇ ടെണ്ടർ ഫോറങ്ങളുടെ വില തനത് ഫണ്ടിലേക്ക് കൈമാറേണ്ടതാണ്<br>Written By: P.G. Bindu (Audit Officer, On 28-06-2021)<br>Last Updated By: P.G. Bindu (Audit Officer, On 30-06-2021) | 1-53 |
| 64 | യഥാസമയം എഗ്രിമെന്റ് വെയ്ക്കാത്തതിന് കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല<br>Written By: P.G. Bindu (Audit Officer, On 28-06-2021)<br>Last Updated By: P.G. Bindu (Audit Officer, On 01-07-2021) | 1-54 |
| 65 | അംഗീകൃത പ്രൊജക്റ്റ് ഫോറത്തിലുള്ളതിൽ നിന്നും വ്യതിചലിച്ച് പ്രവൃത്തി നടപ്പിലാക്കി<br>Written By: P.G. Bindu (Audit Officer, On 28-06-2021)<br>Last Updated By: P.G. Bindu (Audit Officer, On 30-06-2021) | 1-55 |
| 66 | പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചതിന് നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല<br>Written By: P.G. Bindu (Audit Officer, On 28-06-2021)<br>Last Updated By: P.G. Bindu (Audit Officer, On 30-06-2021) | 1-56 |
| 67 | കമ്മിറ്റി തീരുമാനങ്ങൾക്ക് സമയബന്ധിതമായ തുടർനടപടികൾ ഉറപ്പു വരുത്തണം<br>Written By: P.G. Bindu (Audit Officer, On 28-06-2021)<br>Last Updated By: P.G. Bindu (Audit Officer, On 30-06-2021) | 1-57 |
| 68 | ടാറിംഗ് പ്രവൃത്തി- ബിറ്റുമിൻ വിതരണത്തിൽ സുതാര്യത ഇല്ല<br>Written By: P.G. Bindu (Audit Officer, On 28-06-2021)<br>Last Updated By: P.G. Bindu (Audit Officer, On 01-07-2021) | 1-58 |
| 69 | ആസ്തി സംരക്ഷണ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കേണ്ടതാണ്<br>Written By: P.G. Bindu (Audit Officer, On 29-06-2021)<br>Last Updated By: P.G. Bindu (Audit Officer, On 30-06-2021) | 1-59 |
| 70 | പി.എച്ച്.സി യിലെ വിവിധ പ്രവൃത്തികൾ - സ്ഥല ലഭ്യത ഉറപ്പുവരുത്തുന്നതിൽ വീഴ്ച<br>Written By: P.G. Bindu (Audit Officer, On 29-06-2021)<br>Last Updated By: P.G. Bindu (Audit Officer, On 30-06-2021) | 1-60 |

**ഭാഗം 2**

--- No Records Found ---

| | | |
|---|---|---|
| **ഭാഗം 3** | | |
| 1 | സാക്ഷരത പദ്ധതി - പദ്ധതി ലക്ഷ്യത്തിൽ ഉൾപ്പെടാത്ത ഇനങ്ങൾക്കുവേണ്ടിയുള്ള 22450/- രൂപയുടെ ചെലവ് നിരാകരിക്കുന്നു<br>Written By: Sheheer (Auditor, On 26-06-2021)<br>Last Updated By: Sheheer (Auditor, On 01-07-2021) | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം<br>Written By: V.T. Ushakumari (Asst. Audit Officer, On 25-06-2021)<br>Last Updated By: P.G. Bindu (Audit Officer, On 30-06-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം<br>Written By: V.T. Ushakumari (Asst. Audit Officer, On 24-06-2021)<br>Last Updated By: V.T. Ushakumari (Asst. Audit Officer, On 01-07-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: P.G. Bindu (Audit Officer, On 25-06-2021)<br>Last Updated By: P.G. Bindu (Audit Officer, On 30-06-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: P.G. Bindu (Audit Officer, On 25-06-2021)<br>Last Updated By: P.G. Bindu (Audit Officer, On 25-06-2021) | 4-4 |
| 5 | വായ്പ / വായ്പാ തിരിച്ചടവ്<br>Written By: V.T. Ushakumari (Asst. Audit Officer, On 25-06-2021)<br>Last Updated By: P.G. Bindu (Audit Officer, On 30-06-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: P.G. Bindu (Audit Officer, On 25-06-2021)<br>Last Updated By: P.G. Bindu (Audit Officer, On 30-06-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: P.G. Bindu (Audit Officer, On 25-06-2021)<br>Last Updated By: P.G. Bindu (Audit Officer, On 25-06-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: V.T. Ushakumari (Asst. Audit Officer, On 24-06-2021)<br>Last Updated By: V.T. Ushakumari (Asst. Audit Officer, On 24-06-2021) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: P.G. Bindu (Audit Officer, On 25-06-2021)<br>Last Updated By: P.G. Bindu (Audit Officer, On 25-06-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P.G. Bindu (Audit Officer, On 25-06-2021)<br>Last Updated By: P.G. Bindu (Audit Officer, On 01-07-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം<br>Written By: V.T. Ushakumari (Asst. Audit Officer, On 26-06-2021)<br>Last Updated By: P.G. Bindu (Audit Officer, On 30-06-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | വാർഷികകണക്ക്-വിവിധ പത്രികകൾ | |

## ഭാഗം -1

### 1-1 ബജറ്റ്.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്.

സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് പാലിക്കേണ്ട നടപടിക്രമങ്ങൾ താഴെ പറയുന്ന പ്രകാരമാണ്.

| | |
|---|---|
| ഘടകസ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചുചേർക്കേണ്ടതും പദ്ധതിയേതര നിർദ്ദേശങ്ങൾ ആവശ്യപ്പെടേണ്ടതും | ഡിസംബർ 15-ന് മുൻപ് |
| ഘടകസ്ഥാപന മേധാവികൾ പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടത് | ജനുവരി 15-ന് മുൻപ് |
| സ്റ്റാന്റിംഗ് കമ്മിറ്റികൾ എസ്റ്റിമേറ്റും നിർദ്ദേശങ്ങളും ചർച്ചചെയ്യേണ്ടത് | ജനുവരി 22-ന് മുൻപ് |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് എസ്റ്റിമേറ്റുകൾ സമർപ്പിക്കേണ്ടത് | ഫെബ്രുവരി 1-ന് മുൻപ് |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി-പദ്ധതിയേതര നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് കരട് ബജറ്റ് തയ്യാറാക്കേണ്ടത് | മാർച്ച് 1-ന് മുൻപ് |
| കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം പ്രസിഡന്റ് വിളിച്ചുചേർക്കേണ്ടത് | മാർച്ച് 7 -ന് മുൻപ് |
| ബഡ്ജറ്റ് അംഗീകരിക്കേണ്ടത് | മാർച്ച് 31 -ന് മുൻപ് |

2019-20 വർഷത്തെ ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ മേൽ സൂചിപ്പിച്ച പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല. സെക്രട്ടറി ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ചു ചേർക്കുയോ ഉദ്യോഗസ്ഥരിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്യുകയോ തീരുമാനമെടുക്കുകയോ ഉണ്ടായിട്ടില്ല. പദ്ധതിയേതര നിർദ്ദേശങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ഫെബ്രുവരി ഒന്നിന് മുമ്പ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കണമെന്ന നിബന്ധന പാലിച്ചിട്ടില്ല.

വിവിധ സ്ഥാപന മേധാവികളോട് പ്രതീക്ഷിത വരവ്, ചെലവ് കണക്കുകളുടെ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതായി കാണുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥർ വിവരങ്ങൾ ലഭ്യമാക്കിയോ എന്നത് സംബന്ധിച്ച് രേഖകളൊന്നും ഫയലിൽ ലഭ്യമല്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 13.2.2019 -ലെ 1-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് ശിപാർശ ചെയ്ത വാർഷിക ബജറ്റ്, ഭരണ സമിതി 01.03.2019 ലെ 1-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട്. സാധാരണ യോഗത്തിലാണ് ബജറ്റ് അംഗീകരിച്ചത്. ബജറ്റിന്റെ വിശദാംശങ്ങളോ സംക്ഷിപ്തമോ ഭരണസമിതി മിനുട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. 2019-20 വർഷത്തിൽ സപ്ലിമെന്ററി ബജറ്റോ പരിഷ്കരിച്ച ബജറ്റോ തയ്യാറാക്കിയിട്ടില്ല. ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 4544624 |
| പ്രതീക്ഷിത വരവ് | 140079000 |
| ആകെ | 144623624 |
| പ്രതീക്ഷിതചെലവ് | 138981950 |
| പ്രതീക്ഷിത നീക്കിയിരിപ്പ് | 5641674 |

ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2019-20 | 31-7-2020 | 18.6.2020 | - | - |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 10624619 | 10624619 | 9156643 | 1467976 |

| | | | | | |
|---|---|---|---|---|---|
| (ACR പ്രകാരം) | | | | | |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 7472882 | 7472882 | 4912118 | 2560764 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 607000 | 607000 | 597588 | 9412 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് (ACR പ്രകാരം) | 0 | 6458000 | 6458000 | 1578745 | 4879255 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് (ACR പ്രകാരം) | 0 | 4190000 | 4190000 | 2145948 | 2044052 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 10027472 | 10027472 | 4239826 | 5787646 |

സർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റുകളിൽ ACR പ്രകാരമുള്ള തുകകളാണ് മുകളിൽ ചേർത്തിരിക്കുന്നത്. Receipt & Payment പ്രകാരമുള്ള കണക്കുകൾ വ്യത്യാസമുണ്ട്. (പ്ലാൻ ജനറൽ, എസ്.സി.പി എന്നിവയിൽ സ്രോതസ്സിൽ കുറവുചെയ്ത തുകകൾ ജി.ഒ പ്രൊജക്ട് മുഖേന 'സുലേഖ'യിൽ ഉൾപ്പെടുത്തിയെങ്കിലും 'സാംഖ്യ'യിൽ , വരവ്-ചെലവുകൾ രേഖപ്പെടുത്താത്തതാണ് വ്യത്യാസത്തിന് കാരണം)

1-4 പദ്ധതി അവലോകനം (എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വകയിരുത്തൽ സഹിതം)

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 242 | 154491065 | 129 | 49030099 | - | 113 | 53.30 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 53.30% എണ്ണം തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 31.74% ചെലവഴിച്ചിട്ടുള്ളൂ.

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 5 | 4326075 | 1653323 | 38.21 |
| വി.ഇ.ഒ 1 | 9 | 6 | 92890916 | 23433966 | 25.23 |

| | | | | | |
|---|---|---|---|---|---|
| വി.ഇ.ഒ 2 | 8 | 6 | 4679040 | 1399800 | 30 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 18 | 11 | 5043650 | 3355782 | 66.53 |
| സെക്രട്ടറി | 47 | 22 | 11429801 | 5660694 | 49.52 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 86 | 29 | 23117187 | 5577352 | 24.13 |
| മെഡിക്കൽ ഓഫീസർ-PHC | 5 | 5 | 763000 | 451546 | 59.18 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 5 | 5 | 1030000 | 1029996 | 99.99 |
| വെറ്ററിനറി സർജ്ജൻ | 7 | 7 | 2446500 | 1516500 | 61.98 |
| ഡയറി എക്സ്ടെൻഷൻ ഓഫീസർ | 3 | 1 | 688000 | 100000 | 14.53 |
| പ്രധാന അധ്യാപകൻ | 28 | 16 | 2802100 | 1669415 | 60 |
| അസി.സെക്രട്ടറി | 19 | 16 | 5274796 | 3181725 | 60.31 |
| ആകെ | 242 | 129 | 154491065 | 49030099 | 31.74 |

പരമാവധി തുക അതാത് സാമ്പത്തിക വർഷം തന്നെ ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-5 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 170347 | 1430901 | 1601243 | 1595343 | 5900 |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം | 0 | 16374175 | 16374175 | 16374175 | 0 |
| ആകെ | 170347 | 17805076 | 17975423 | 17969523 | 5900 |

## 1-6 ക്ഷേമ പെൻഷൻ

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കൾ |
|---|---|---|---|
| 1 | തൊഴിൽ രഹിത വേതനം | *6720 | 7 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 1510200 | 254 |
| 3 | വിധവാ പെൻഷൻ | 5032200 | 698 |
| 4 | വാർദ്ധക്യ കാല പെൻഷൻ | 9849600 | 1629 |
| 5 | വികലാംഗ പെൻഷൻ | 1456100 | 241 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 397800 | 52 |
| 7 | വിവാഹ ധനസഹായം | 0 | 0 |

*തൊഴിൽ രഹിത വേതനം വാർഷിക കണക്ക് പ്രകാരം 21600 രൂപയും പഞ്ചായത്ത് രേഖകൾ പ്രകാരം 6720 രൂപയുമാണ് .പിൻവലിച്ച് ചെലവാകാതെ തിരിച്ചടച്ച തുക കൂടി വാർഷിക കണക്കിൽ

വരവിലെടുത്തിട്ടുണ്ട്.

1-7 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.06.2021 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 7559/-രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു. അപാകതകളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.04.2021 & 08.04.2021 | 02/2021 &03/2021 | 05.05.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.05.2006 മുതൽ 07.06.2006 വരെ | 2009-10 മുതൽ 2013-14വരെ | 15.07.2006 |

1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം- പോരായ്മകൾപരിഹരിക്കേണ്ടതാണ്

അകത്തേത്തറ ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഓഡിറ്റുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, അവ ആനുകാലികമാക്കി സൂക്ഷിക്കുന്നതിലും ആയത് സംബന്ധിച്ച രേഖകളുടെ സൂക്ഷിപ്പ്, അക്കൗണ്ടിംഗ് എന്നിവയിൽ കൃത്യവും സമയബന്ധിതവുമായ മേൽ നോട്ടത്തിന്റെ അഭാവം ബോധ്യപ്പെട്ടു.

ലോൺ രജിസ്റ്റർ, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വരവ്-ചെലവു രജിസ്റ്റർ, ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിന്റെ രജിസ്റ്ററുകൾ എന്നിവയിലെ രേഖപ്പെടുത്തലുകൾ കൃത്യമല്ല. വിവിധ അക്കൗണ്ടുകളുടെ പ്രതിമാസ, പ്രതിവർഷ റീകൺസിലേഷൻ നടത്തിയിട്ടില്ലെന്നും പരിശോധനയിൽ കണ്ടെത്തി. അടിസ്ഥാന രേഖകളും രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നുവെന്ന് ഉറപ്പാക്കാതെയാണ് വാർഷിക ധനകാര്യപത്രിക ഓഡിറ്റിന് സമർപ്പിച്ചിട്ടുള്ളത്. ഈ പ്രവണത ഒഴിവാക്കേണ്ടതാണ്. തനതു വരുമാന ഇനങ്ങൾ കൈകാര്യം ചെയ്യുന്ന സെക്ഷനുകളും നിർവ്വഹണ ഉദ്യോഗസ്ഥരും അക്കൗണ്ടന്റും വരവ്-ചെലവ് കണക്കുകൾ അതാത് അക്കൗണ്ടുകളിൽ കൃത്യമായി രേഖപ്പെടുത്തുവാൻ ശ്രദ്ധിച്ചിട്ടില്ല. വാർഷിക കണക്ക് അംഗീകരിക്കുന്നതിനു മുമ്പായി എല്ലാ വരവ്-ചെലവുകളും വാർഷിക കണക്കിൽ കൃത്യമായി ഉൾപ്പെട്ടിട്ടുണ്ടെന്ന് മേലധികാരികൾ ഉറപ്പാക്കാതിരുന്നത് ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മയാണ്. സുലേഖ സോഫ്റ്റ് വെയറിൽ നിന്നുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റ് സാംഖ്യ പ്രകാരമുള്ള വിവിധ ഫണ്ടുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ

രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല. ബജറ്റും വാർഷിക കണക്കുകളും തയ്യാറാക്കുന്നതിന് നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല എന്നത് ധനകാര്യ മേൽ നോട്ടത്തിന്റെ പാളിച്ചയാണ്.

2018-19 വാർഷിക കണക്ക് പരിശോധനയുടെ അടിസ്ഥാനത്തിൽ 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ അനുബന്ധമായി ചേർത്ത ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ചൂണ്ടിക്കാണിച്ച അപാകങ്ങൾ പൂർണ്ണമായി പരിഹരിക്കപ്പെട്ടിട്ടില്ല. ഖ 1-2-1 ൽ സൂചിപ്പിച്ചിരിക്കുന്ന അപാകങ്ങൾ പരിഹരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്. ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

**1-10 ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നു**

സഞ്ചയയിൽ താഴെ പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി ഉപയോഗക്രമം തെറ്റായി 'വ്യവസായത്തിനാവശ്യമുള്ളവ – കൈത്തറി ഷെഡ്, കയർ പിരി ഷെഡ്' നിരക്കിൽ നിശ്ചയിച്ചിട്ടുള്ളതായി ഫോറം-6 ന്റെ പരിശോധനയിൽ കണ്ടെത്തി.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥന്റെ പേര് | വിസ്തീർണ്ണം (ച.മീ.) | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 1/181 | ജോൺസൺ | 90 | ടിഷ്യൂകൾച്ചർ ലാബ് |
| 2 | 2/483 | ജിമ്മി ജോസഫ് | 40 | പാറപ്പുറം റൈസ് മിൽ |
| 3 | 6/267 | എസ് കൃഷ്ണകുമാർ | 98 | ഷൺമുഖാ റൈസ് & ഫ്ലവർ മിൽ |

മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി ഉപയോഗക്രമം 'ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ' യുടെ നിരക്കായ 50/- രൂപ നിശ്ചയിച്ച് ഈടാക്കുന്നതിനു പകരം 'വ്യവസായത്തിനാവശ്യമുള്ളവ– കൈത്തറി ഷെഡ്, കയർപിരി ഷെഡ്' ന്റെ നിരക്കായ 15/- രൂപ നിശ്ചയിച്ച് ഈടാക്കിയതിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 14/22.06.2021) പ്രസ്തുത കെട്ടിടങ്ങൾക്ക് 'ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ' യുടെ നിരക്കിൽ നികുതി നിർണ്ണയിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയറിൽ ആവശ്യമായ തിരുത്തലുകൾ വരുത്തി വസ്തു നികുതി ഇനത്തിലുണ്ടായ നഷ്ടം കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-11 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്**

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പഞ്ചായത്തിന്റെ തൊഴിൽ നികതി പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

**1-11-1 ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

2019-20 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി തൊഴിലുടമ മുഖേന ഡിമാന്റ്

ചെയ്ത് ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി അറിയിക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസിയുടെ പേര് | അപേക്ഷ പ്രകാരം സ്ഥാപനത്തിലെ ജോലിക്കാരുടെ എണ്ണം | ലൈസൻസ് നം. |
|---|---|---|---|---|
| 1 | ഒളിമ്പിക് ബാക്ക്സ് | സഫിയ കെ കെ | 4 | 14/19-20 |
| 2 | സഫ പവർ ലാന്റ് | മുഹമ്മദ് യു | 3 | 49/19-20 |
| 3 | ശ്രീകൃഷ്ണ എഞ്ചിനീയറിംഗ് | ഷിബു പി | 4 | 51/19-20 |
| 4 | എച്ച് എം സൂപ്പർ മാർക്കറ്റ് | ബാബു സി | 3 | 66/19-20 |
| 5 | ആർ എൻ സോമസുന്ദരൻ ക്ലോത്ത് & റെഡിമെയ്ഡ്സ് | ആർ എൻ സോമസുന്ദരൻ | 6 | 93/19-20 |
| 6 | തേജസ് ബേക്കറി | നിഷ ആർ | 4 | 15/19-20 |
| 7 | എൻ എസ് എസ് എഞ്ചിനീയറിംഗ് കോളേജ് കാന്റീൻ | കെ വി വാസു | 8 | 37/19-20 |
| 8 | കേക്ക് കഫേ | ഉണ്ണികൃഷ്ണൻ കെ | 8 | 118/19-20 |

### 1-11-2 റേഷൻ കട, കള്ള് ഷാപ്പ് നടത്തിപ്പുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കള്ള് ഷാപ്പുകൾ എന്നിവയുടെ നടത്തിപ്പുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായികാണുന്നില്ല. ആയത് ഈടാക്കി അറിയിക്കേണ്ടതാണ്.

### 1-11-3 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി നാളിതുവരെ ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|---|
| 1 | മേരി മാതാ ഫിനാൻസ്, അകത്തേത്തറ | I &II |

| | | |
|---|---|---|
| 2 | കെ എസ് ഇ ബി ലിമിറ്റഡ്, അകത്തേത്തറ | I &II |
| 3 | ബി എസ് എൻ എൽ ടെലഫോൺ എക്സ്ചേഞ്ച്, അകത്തേത്തറ | I &II |
| 4 | ഖാദി പ്രൊഡ്യൂസേഴ്സ് ഇൻഡസ്ട്രീയൽ കോ. ഓപ്പറേറ്റീവ് സൊസൈറ്റി, തെക്കേത്തറ | I &II |
| 5 | പാഞ്ചാലിയമ്മൻ കല്യാണ മണ്ഡപം, ആണ്ടിമഠം | I &II |
| 6 | മായ ആഡിറ്റോറിയം, കൊങ്ങപ്പാടം | I &II |
| 7 | സെൻ്റ് ജയിംസ് ദി ഗ്രേറ്റ് ചർച്ച് ആഡിറ്റോറിയം, ധോണി | I &II |
| 8 | സോപാനം ആഡിറ്റോറിയം, അകത്തേത്തറ | I &II |

മേൽ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാൻ്റ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതാണ്.

1-11-4 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി നാളിതുവരെ ഡിമാൻ്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. ആയത് ഡിമാൻ്റ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിൻ്റെ പേര് | ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|---|
| 1 | ബി എസ് എൻ എൽ ടെലഫോൺ എക്സ്ചേഞ്ച്, അകത്തേത്തറ | I &II |
| 2 | നീതി ക്ലിനിക്കൽ ലബോറട്ടറി, കല്ലേകുളങ്ങര | I &II |
| 3 | ഖാദി പ്രൊഡ്യൂസേഴ്സ് ഇൻഡസ്ട്രീയൽ കോ. ഓപ്പറേറ്റീവ് സൊസൈറ്റി, തെക്കേത്തറ | I &II |
| 4 | പാഞ്ചാലിയമ്മൻ കല്യാണ മണ്ഡപം, ആണ്ടിമഠം | I &II |
| 5 | മായ ആഡിറ്റോറിയം, കൊങ്ങപ്പാടം | I &II |
| 6 | സെൻ്റ് ജയിംസ് ദി ഗ്രേറ്റ് ചർച്ച് ആഡിറ്റോറിയം, ധോണി | I &II |
| 7 | സോപാനം ആഡിറ്റോറിയം, അകത്തേത്തറ | I &II |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 12/21.06.2021 ന് ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽ നികുതി ഡിമാൻ്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 ഒരേ ഉപയോഗക്രമമുള്ള വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി കുറവായി നിർണ്ണയിച്ചു - കുറവായ തുക ഈടാക്കേണ്ടതാണ്

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ, 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് വിനിയോഗിച്ചിരിക്കുകയാണെങ്കിൽ മാത്രമെ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിടത്തിനും പ്രത്യേകം വസ്തുനികുതി ചുമത്തേണ്ടതുള്ളൂ. മേൽ ചട്ടങ്ങളിലെ ചട്ടം 3(4) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പെടെ) വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണെങ്കിലോ, ഒരാളിന്റെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണങ്ങളാൽ ആ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പറുകൾ നൽകിയിട്ടുണ്ടെങ്കിലോ ഓരോ ഭാഗത്തേയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരോന്നിനും വസ്തുനികുതി ചുമത്തേണ്ടതാണ്. അകത്തേത്തറ ഗ്രാമപഞ്ചായത്തിൽ 100 ച.മീ.വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ച.മീ.ന് 40/- രൂപയും 100 ച.മീ.ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 60/- രൂപയായും നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ നികുതി നിർണ്ണയ രേഖകൾ പരിശോധിച്ചതിൽ നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള 100 ച.മീന് മുകളിലുള്ള ഒരേ ഉപയോഗക്രമമുള്ള പല വാണിജ്യ കെട്ടിടങ്ങളും (കെട്ടിടങ്ങളുടെ അംഗീകരിച്ച പ്ലാൻ, ഉടമസ്ഥൻ എന്നിവ ഒന്നാണ്) വ്യക്തമായ കാരണങ്ങൾ ഒന്നും രേഖപ്പെടുത്താതെ വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണ്ണയിക്കുകയും, അവയ്ക്ക് ബാധകമാകുന്ന ഉയർന്ന നിരക്ക് ഈടാക്കുന്നതിന് പകരം 100 ച.മീ ൽ താഴെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമാകുന്ന 40/- രൂപ നിരക്കിൽ നികുതി ഈടാക്കുകയുമാണ് ചെയ്തിരിക്കുന്നത്.

കെട്ടിടങ്ങളുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | ഉടമസ്ഥൻ | കെട്ടിടത്തിന്റെ തരം | ആകെ വിസ്തീർണ്ണം ($M^2$) | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | 10/270(1) മുതൽ 17/270(19) വരെ | ഹംസ, അപെക്സ് ട്രേഡ് സെന്റർ | വാണിജ്യം | 573 | 10/270(19) [248 ച.മീ.] കെട്ടിടത്തിന് 200 ച.മീ.ന് മുകളിൽ തറ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ കെട്ടിടങ്ങളുടെ നിരക്കായ 80/- രൂപ കണക്കാക്കിയിട്ടുണ്ട്. |
| 2 | 10/296(3) മുതൽ 10/296(12) വരെ | ശാന്ത, കളത്തിൽ ഹൗസ് | വാണിജ്യം | 188 | |
| 3 | 11/55(1) മുതൽ 11/55(7) വരെ | കുഞ്ഞുമോൻ, ആമിന കോംപ്ലക്സ് | വാണിജ്യം | 116.96 | |
| 4 | 12/166(1) മുതൽ | എ.ബി ഹേമചന്ദ്രൻ, അരവിന്ദം | വാണിജ്യം | 113 | |

| | | | | | |
|---|---|---|---|---|---|
| | 12/166(4) വരെ | | | | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 14/22.06.2021) കുറവ് വന്ന തുക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്വെയറിൽ ആവശ്യമായ തിരുത്തലുകൾ വരുത്തി വസ്തു നികുതി ഇനത്തിലുണ്ടായ നഷ്ടം കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 വസ്തു നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ - അർഹത പുനപരിശോധിക്കേണ്ടതാണ്

സഞ്ചയ സോഫ്റ്റ്വെയറിലെ വസ്തു നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ പരിശോധനയിൽ താഴെ പറയുന്ന കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥൻ/ സ്ഥാപനത്തിന്റെ പേര് | വിസ്തീർണ്ണം ($M^2$) | റിമാർക്ക്സ് | ഓഡിറ്റ് നിരീക്ഷണം |
|---|---|---|---|---|---|
| 1 | 2/551 | എൻ.എസ്.എസ് കരയോഗം | 70 | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയതിന്റെ കാരണം രേഖപ്പെടുത്തിയിട്ടില്ല. | കാരണം രേഖപ്പെടുത്താതെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയത് പുനപരിശോധിക്കേണ്ടതാണ്. |
| 2 | 3/466 | ഫോറസ്റ്റ് റേഞ്ച് ഓഫീസർ | 38 | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയതിന്റെ കാരണം രേഖപ്പെടുത്തിയിട്ടില്ല. | കാരണം രേഖപ്പെടുത്താതെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയത് പുനപരിശോധിക്കേണ്ടതാണ്. |
| 3 | 2/76(4) | ഭാഗ്യലക്ഷ്മി | 62 | സ.ഉ(എം.എസ്)നം.385/15/ തസ്വഭവ എന്ന രേഖപ്പെടുത്തി വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. | (*) |

(*) സ.ഉ(എം.എസ്) നം.144/15/തസ്വഭവ പ്രകാരം 60 ച.മീ.വരെ തറ വിസ്തീർണ്ണമുള്ള വാസഗൃഹ കെട്ടിടങ്ങളെയാണ് വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്. ആയതിനാൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയ നടപടി പുന:പരിശോധിക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കൾക്ക് (നം. 04/18.06.2021, 17/21.06.2021) മേൽ കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയ നടപടി പുന:പരിശോധിച്ച് അർഹമായ

കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണ്ണയിച്ച് വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. മതിയായ കാരണങ്ങളില്ലാതെ കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയ നടപടി പുന:പരിശോധിച്ച് കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണ്ണയിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 276(3)-ാം വകുപ്പ് പ്രകാരം ഫയൽ ചെയ്ത ഒരു അപ്പീൽ, അതു ലഭിച്ചശേഷം 60 ദിവസത്തിനകം പഞ്ചായത്തോ അല്ലെങ്കിൽ സ്റ്റാന്റിംഗ് കമ്മിറ്റിയോ അതിനു യുക്തമെന്നു തോന്നുന്ന രീതിയിൽ തീർപ്പു കൽപ്പിക്കേണ്ടതാണ് എന്ന് വിശദമാക്കിയിട്ടുണ്ട്. ആയതുകൊണ്ട് സമയബന്ധിതമായി ഇവയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ഇവ നിരീക്ഷണ വിധേയമാക്കുന്നതിനും ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടത് അനിവാര്യമാണ്. അത്തരത്തിലുള്ള വസ്തുനികുതി അപ്പീൽ രജിസ്റ്റർ, നികുതി എഴുതിതള്ളൽ സംബന്ധിച്ച രജിസ്റ്റർ, വേക്കൻസി റെമിഷൻ രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 വസ്തു നികുതി ഈടാക്കുന്ന കെട്ടിടങ്ങളുടെ Exemption Type എന്ന കോളത്തിൽ വസ്തു നികുതി ഒഴിവാക്കുന്നതിനായുള്ള വിവിധ കാരണങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു

സഞ്ചയയിലെ താഴെ പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നുണ്ടെങ്കിലും അസസ്മെന്റ് രജിസ്റ്ററിലെ Exemption Type എന്ന കോളത്തിൽ വസ്തു നികുതി ഒഴിവാക്കുന്നതിനായുള്ള വിവിധ കാരണങ്ങൾ രേഖപ്പെടുത്തിയതായി കാണുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥന്റെ പേര് | വിസ്തീർണ്ണം (ച.മീ.), ഉപയോഗക്രമം | Exemption Type കോളത്തിൽ രേഖപ്പെടുത്തി യിരിക്കുന്നത് |
|---|---|---|---|---|
| 1 | 6/11 | കെ ജി വിശ്വനാഥൻ | 130, പാർപ്പിടം | സ.ഉ(എം.എസ്)നം.385/15/ തസ്വഭവ |
| 2 | 11/495 | രാജേഷ് എം & സൗമ്യ ജെ | 100, പാർപ്പിടം | " |
| 3 | 16/234(1) | വേണുഗോപാലൻ ടി കെ | 9, വ്യവസായം | വിമുക്തഭടൻമാരുടെ വാസഗൃഹം |
| 4 | 16/354 | മുഹമ്മദ് | 26, വാണിജ്യം | സ.ഉ(എം.എസ്)നം.385/15/ തസ്വഭവ |
| 5 | 17/199(1) | എം ഗിരീഷ് കുമാർ | 48.6, പാർപ്പിടം | " |
| 6 | 17/199(2) | എം ഗിരീഷ് കുമാർ | 48.6, പാർപ്പിടം | " |
| 7 | 17/199(3) | എം ഗിരീഷ് കുമാർ | 48.6, പാർപ്പിടം | " |

മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുകയും എന്നാൽ അസസ്മെന്റ് രജിസ്റ്ററിലെ Exemption Type എന്ന കോളത്തിൽ വസ്തു നികുതി ഒഴിവാക്കുന്നതിനായുള്ള വിവിധ കാരണങ്ങൾ രേഖപ്പെടുത്തുകയും ചെയ്തത് ശരിയായ നടപടിയല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 06/21.06.2021) ഡാറ്റാ പ്യൂരിഫിക്കേഷൻ ഓപ്പൺ ആകുന്ന മുറയ്ക്ക് ആവശ്യമായ മാറ്റങ്ങൾ സഞ്ചയയിൽ വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 കെട്ടിടങ്ങളുടെ ക്രമവൽകരണ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2019 ലെ ചട്ടം 95(3) പ്രകാരം കെട്ടിടങ്ങളുടെ ക്രമവൽകരണം സംബന്ധിച്ച നിബന്ധനകൾ, രാജിയാക്കൽ ഫീസ് എന്നിവ ഉൾപ്പെടെ പൂർണ്ണമായ വിവരങ്ങൾ അടങ്ങുന്ന ഒരു രജിസ്റ്റർ 'അനുബന്ധം-ജി2' മാതൃകയിൽ സൂക്ഷിക്കേണ്ടതാകുന്നു. എന്നാൽ പഞ്ചായത്തിൽ കെട്ടിടങ്ങളുടെ ക്രമവൽകരണ രജിസ്റ്റർ നിശ്ചിത മാതൃകയിൽ സൂക്ഷിച്ചിട്ടില്ല. 2019-20 വാർഷിക ധനകാര്യ പത്രിക പ്രകാരം കെട്ടിടങ്ങളുടെ ക്രമവൽകരണ ഫീസിനത്തിൽ 72732/- രൂപ വരവുണ്ട്. പഞ്ചായത്തിൽ കെട്ടിടങ്ങളുടെ ക്രമവൽകരണ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ കെട്ടിടങ്ങളുടെ ക്രമവൽകരണ ഫീസിനത്തിന്റെ വാർഷിക സംക്ഷിപ്തം വാർഷിക ധനകാര്യ പത്രികയിലെ കെട്ടിടങ്ങളുടെ ക്രമവൽകരണ ഫീസിനത്തിലെ വരവുമായി ഒത്തുനോക്കി ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ കെട്ടിടങ്ങളുടെ ക്രമവൽകരണ രജിസ്റ്റർ 'അനുബന്ധം-ജി2' മാതൃകയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 17/22.06.2021)

## 1-16 വസ്തു നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

പഞ്ചായത്തിന്റെ 2019-20 വാർഷിക ധനകാര്യ പത്രികയിലെ (ബാലൻഷീറ്റ് B-15) വിവരങ്ങൾ പ്രകാരം വസ്തു നികുതി ഇനത്തിൽ ആകെ 298421/- രൂപയും (തൻവർഷ കുടിശ്ശിക 101766/- രൂപ, മുൻവർഷങ്ങളിലെ കുടിശ്ശിക 196655/- രൂപ) സർവ്വീസ് സെസ് ഇനത്തിൽ 26869/-രൂപയും (തൻവർഷ കുടിശ്ശിക 9363/- രൂപ, മുൻവർഷങ്ങളിലെ കുടിശ്ശിക 17506/- രൂപ) പഞ്ചായത്ത് പിരിച്ചെടുക്കാൻ ബാക്കിയുള്ളതായി കാണുന്നു. നിലവിലെ വസ്തു നികുതി കുടിശ്ശിക വിവരം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 03/12.01.2021) താഴെ പറയും പ്രകാരമുള്ള കുടിശ്ശിക നിലനിൽക്കുന്നതായി അറിയിച്ചിട്ടുണ്ട്.

| ബാക്കി നിലനിൽക്കുന്ന കുടിശ്ശിക | |
|---|---|
| തൻവർഷം | മുൻവർഷം |
| 49594 (വസ്തു നികുതി)<br>5537 (സർവ്വീസ് സെസ്) | 246661 (വസ്തു നികുതി)<br>31142 (സർവ്വീസ് സെസ്) |

വസ്തു നികുതി കുടിശ്ശിക ഈടാക്കുവാനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 പഞ്ചായത്ത് പരിധിയിലെ റേഷൻ ഡിപ്പോകൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 232, 233, 234 വകുപ്പുകളും 254 വകുപ്പു കൂട്ടി വായിച്ചതും 2017-ലെ കേരളാ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫസിലിറ്റേഷൻ ഓർഡിനൻസിലെ സെക്ഷൻ 10 പ്രകാരവും 1996-ലെ കേരളാ പഞ്ചായത്ത് രാജ്(അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം പ്രസ്തുത ചട്ടത്തിന്റെ ബ്രാക്കറ്റിലുള്ള പേര് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ്

ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിലെ (പട്ടിക 1 ക്രമനം 149) പ്രകാരം ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. അകത്തേത്തറ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ ലൈസൻസ് എടുത്തിട്ടില്ലെന്ന് ലൈസൻസ് രജിസ്റ്റർ പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണ (19-22/6/2021) ത്തിന് മറുപടിയായി സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22-1-2019 തിയതിയിലെ (സി.എസ്)നം.എ9 764/19 നം. കത്ത്, പഞ്ചായത്ത് അസി.ഡയറക്ടറുടെ 20-2-2018 തിയതിയിലെ പി.എ9/13526/18 നം. കത്ത്, എന്നിവയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പരിധിയിലുള്ള റീട്ടെയിൽ റേഷൻ ഡിപ്പോകൾ കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരമുള്ള ലൈസൻസ് എടുക്കുന്നതിനായി 23-3-2019 നം. 4-12-2019 നം കത്ത് നല്കിയിട്ടുള്ളതാണെന്ന് പഞ്ചായത്തധികൃതർ അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>1-18 വാടക – അപാകങ്ങൾ പരിഹരിക്കേണ്ടതാണ്</u>

2019-20 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ താഴെ പറയുന്ന മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്.

| ക്രമ നം. | വാടകക്കാരന്റെ / സ്ഥാപനത്തിന്റെ പേര് | മാസ വാടക | ഈടാക്കിയ വാടക |
|---|---|---|---|
| 1 | ബ്രാഞ്ച് പോസ്റ്റ് ഓഫീസ്, അകത്തേത്തറ | 348 | 4176 |
| 2 | അകത്തേത്തറ ക്ഷീരവ്യവസായ സഹകരണ സംഘം | 1340 | 16080 |
| 3 | അകത്തേത്തറ ഖാദിഉൽപാദക വ്യവസായ സഹകരണ സംഘം | 1119 | 13428 |
| 4 | മാവേലി സ്റ്റോർ, അകത്തേത്തറ | 299 | 3588 |
| 5 | മാവേലി സ്റ്റോർ, അകത്തേത്തറ | 788 | 9456 |
| 6 | ഗിരീഷ് കുമാർ, ദേവി ലൈറ്റ് & സൗണ്ട് | 1231 | 14772 |
| 7 | ജിജിമോൾ, ചൈതന്യ കൺസ്ട്രക്ഷൻ | 1250 | 15000 |
| | ആകെ | | 76500 |

വാടക രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

<u>എ. പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് – ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങണം</u>

പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നടത്തിപ്പിനായുള്ള ബൈലോ നാളിതുവരെ തയ്യാറാക്കി അംഗീകാരം വാങ്ങിയതായി കാണുന്നില്ല. അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക നിശ്ചയിക്കുന്ന രീതി, കൃത്യത, അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256-ാം വകുപ്പ്, 1995 ലെ കേരള പഞ്ചായത്ത് രാജ്(ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങൾ ചട്ടം 3 (5, 6, 7) പ്രകാരമുള്ള ബൈലോ തയ്യാറാക്കി സർക്കാരിന്റെയോ സർക്കാരിനാൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെയോ അംഗീകാരം ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>ബി. വാടക കരാർ ചട്ട പ്രകാരം ചമക്കേണ്ടതാണ്</u>

2005 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടത്തിലെ ചട്ടം 7(2)(1) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ഫോറം III ന്റെ മാതൃകയിലല്ല വാടകക്കാരുമായി കരാർ ചമച്ചിട്ടുള്ളത്. ചട്ട പ്രകാരമുള്ള മാതൃകയിൽ കരാർ ചമക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>സി. ചരക്ക് സേവന നികുതി ഇടാക്കിയിട്ടില്ല</u>

വാടക തുകകളിന്മേൽ ചട്ട പ്രകാരം ഈടാക്കേണ്ട ചരക്ക് സേവന നികുതി ഈടാക്കിയിട്ടില്ല. വാടക തുകകളിന്മേൽ നിയമാനുസൃത ചരക്ക് സേവന നികുതി ഈടാക്കി സർക്കാരിലേക്ക് ഒടുക്കു വരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.21/22.06.2021 ന് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### <u>1-19 നിഷ്ക്രിയ അക്കൗണ്ടുകൾ നിയമപ്രകാരം ക്ലോസ് ചെയ്യേണ്ടതാണ്</u>

താഴെപ്പറയുന്ന അക്കൗണ്ടുകളിൽ തൻവർഷം ട്രാൻസാക്ഷനുകൾ നടന്നിട്ടുള്ളതായി കാണുന്നില്ല.

1. ഇൻഡ്യൻ ബാങ്ക് PYCKA – 22003 രൂപയാണ് അക്കൗണ്ടിൽ പാസ്ബുക്ക് പ്രകാരം 30-3-2020 ൽ ഉള്ളത്. ഇത് 1-4-19 പ്രകാരമുള്ള മുന്നിരിപ്പ് തുക തന്നെയാണ്.

2. NABARD JOINT474 – 2019-20 - 30-3-2020ലെ ക്ലോസിങ്ങ് ബാലൻസ് - 114613 രൂപ

3. NABARD 315- 2019-20 - 30-3-2020ലെ ക്ലോസിങ്ങ് ബാലൻസ് - 86647 രൂപ

നീക്കിയിരുപ്പ് തുകകൾ ബന്ധപ്പെട്ട മറ്റ് അക്കൗണ്ടുകളിലേക്ക് മാറ്റി നിഷ്ക്രിയ അക്കൗണ്ടുകൾ നിയമപ്രകാരം ക്ലോസ് ചെയ്യേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം -18, തിയതി 22-6-2021)

### <u>1-19-1 പഞ്ചായത്ത് ഫണ്ട് സൂക്ഷിപ്പിനായുള്ള വിവിധ ബാങ്ക് അക്കൗണ്ടുകളിൽ റീകൺസിലിയേഷൻ നടത്തേണ്ടതാണ്</u>

പഞ്ചായത്തിൽ ഫണ്ട് സൂക്ഷിപ്പിനായി നിലവിലുള്ള 13 ബാങ്ക് അക്കൗണ്ടുകളുടെ ഓഡിറ്റ് തിയതി വരെയുള്ള റീകൺസിലിയേഷൻ വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷ ണത്തിന് (നം.24, തിയതി 23-6-2021), പ്രസ്തുത ബാങ്ക് അക്കൗണ്ടുകളുടെ 21-10-2020 വരെയുള്ള റീകൺസിലിയേഷൻ പൂർത്തിയാക്കിയിട്ടുണ്ടെന്ന് അധികൃതർ അറിയിച്ചിട്ടുണ്ട്. 21-10-2020 മുതൽ സാംഖ്യ സോഫ്റ്റ്‌വെയറിൽ നിന്നും ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയറിലേയ്ക്ക് മാറിയിട്ടുണ്ട്. ആയതിൽ വളരെ കുറച്ച് നാളുകൾക്ക് മുൻപ് മാത്രമേ റീകൺസിലിയേഷൻ സൗകര്യം ലഭ്യമായിട്ടുള്ളൂ എന്നതിനാലാണ് റീകൺസിലിയേഷൻ നടത്താൻ സാധിക്കാതിരുന്നത് എന്ന് ബോധിപ്പിച്ചിട്ടുണ്ട്. പ്രസ്തുത ബാങ്ക് അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ നടപടികൾ പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### <u>1-20 കല്യാണമണ്ഡപം വാടക-രേഖകൾ ഓഡിറ്റ് വേളയിൽ ഹാജരാക്കിയില്ല</u>

കല്യാണമണ്ഡപം, ഹാൾ എന്നിവയിൽ നിന്നും പഞ്ചായത്തിന് 2019-2020 വർഷത്തിൽ AFS പ്രകാരം വാടകയിനത്തിൽ 402500 രൂപ വരവുണ്ട്. ഓഡിറ്റോറിയം, ഹാൾ എന്നിവ ഉപയോഗിക്കുന്നതിന് എത്ര രൂപയാണ് വാടക നിശ്ചയിച്ചിരിക്കുന്നത്, ഇവ ഉപയോഗിക്കുന്നതിനുള്ള മറ്റു നിർദ്ദേശങ്ങൾ എന്നിവ കൈക്കൊണ്ട ഭരണസമിതി തീരുമാനം ഇവ ഉൾപ്പെട്ട പഞ്ചായത്ത് ബൈലോ ഓഡിറ്റ് വേളയിൽ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. കല്യാണമണ്ഡപ വരവ് രജിസ്റ്റർ, അപേക്ഷകൾ, വരവ് പരിശോധിക്കാനാവശ്യമായ മറ്റു രേഖകൾ എന്നിവ ഓഡിറ്റിന് പരിശോധനയ്ക്കായി ഓഡിറ്റ് അന്വേഷണം നം.1, 17-6-2021 മുഖേന ആവശ്യപ്പെട്ടിരുന്നു. കല്യാണമണ്ഡപ വരവ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയെങ്കിലും മണ്ഡപം

ഉപയോഗിക്കാനുള്ള അപേക്ഷകൾ, ബൈലോ {ഓഡിറ്റ് അന്വേഷണം (24, തിയതി-23-6-2021)} ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ AFS പ്രകാരമുള്ള തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256-ാം വകുപ്പ്, 1995 ലെ കേരള പഞ്ചായത്ത് രാജ്(ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങൾ ചട്ടം 3 (5, 6, 7) പ്രകാരമുള്ള ബൈലോ തയ്യാറാക്കി സർക്കാരിന്റെയോ സർക്കാരിനാൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെയോ അംഗീകാരം ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 നിർവ്വഹണോദ്യോഗസ്ഥ കളക്ഷൻ രജിസ്റ്ററായി TR-7A ക്യാഷ്ബുക്ക് ഉപയോഗിക്കുന്നു

അകത്തേത്തറ ഗ്രാമപഞ്ചായത്തിൽ ഖരമാലിന്യ പ്ലാന്റിൽ നിന്നും ഉത്പാദിപ്പിക്കപ്പെടുന്ന വെർമി കമ്പോസ്റ്റ് വില്പന നടത്തുന്നുണ്ട്. 30-10.2018 ലെ ഭരണസമിതി തീരുമാനപ്രകാരം പ്ലാന്റിൽ ഉത്പാദിപ്പിക്കപ്പെടുന്ന വളം പാക്ക് ചെയ്ത് ഖരമാലിന്യ പ്ലാന്റിലെ ജീവനക്കാർ കൃഷി ഓഫീസിൽ എത്തിക്കേണ്ടതും കൃഷി ഓഫീസർ ആയത് കൈപ്പറ്റേണ്ടതുമാണ്. അതാതു ദിവസം വില്ക്കുന്ന വളത്തിന്റെ തുക കൃഷി ഓഫീസർ രസീത് മുഖേന കൈപ്പറ്റി പഞ്ചായത്തിൽ ഒടുക്കേണ്ടതുമാണ്. കൂടാതെ കൃഷി ഓഫീസർ പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്.

ഓരോ ദിവസത്തെ വളം വില്പനയുടെ തുക (ഒരു പാക്കറ്റിന് – 10 രൂപ) കൃഷി ഓഫീസർ രേഖപ്പെടുത്തുന്നത് TR-7A ക്യാഷ്ബുക്കിലാണ്. കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിനു പകരം ക്യാഷ്ബുക്കിലെ മറ്റു വരവുകളോടൊപ്പം ഓരോ പാക്കറ്റിന്റെ തുകകളും അതാതു ദിവസത്തെ തുകകൾ തുടർച്ചയായി എഴുതി രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്. ഇതു കൂടാതെ കൃഷി ഓഫീസർ നിർവ്വഹണം നടത്തുന്ന പദ്ധതികളുടെ ഭാഗമായുള്ള ഗുണഭോക്തൃ വിഹിതവും ക്യാഷ്ബുക്കിലാണ് രേഖപ്പെടുത്തുന്നത്.

ഓഡിറ്റ് നിർദ്ദേശം

പഞ്ചായത്ത് രസീതി മുഖേന പിരിക്കുന്ന തുകകൾ അതാതു ദിവസം തന്നെ കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും കളക്ഷൻ പഞ്ചായത്തിൽ അടച്ചതിന്റെ രസീത് സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

## 1-21-1 ലൈബ്രേറിയന്റെ രസീതി പിരിവ് - അപാകതകൾ

അകത്തേത്തറ പബ്ലിക് ലൈബ്രറിയ്ക്ക് പഞ്ചായത്തിൽ നിന്ന് ലൈബ്രേറിയന്റെ ഉപയോഗത്തിനായി രസീതി ബുക്കുകൾ ഇഷ്യൂ ചെയ്തിട്ടുള്ളതാണ്. ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ അച്ചടിച്ചിരിക്കുന്ന ഈ രസീതി ബുക്കുകൾ പഞ്ചായത്തിൽ നിന്ന് രസീതി സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ഇഷ്യൂ ചെയ്യപ്പെട്ട മറ്റു രസീതിബുക്കുകളിൽ നിന്നും വ്യത്യസ്തമാണ്. ലൈബ്രറി ഉപയോഗിക്കുന്നവരുടെ അഡ്മിഷൻ ഫീ, സബ്സ്ക്രിപ്ഷൻ ഫീ ആയതിന്റെ പിരിവാനായിട്ടാണ് ലൈബ്രേറിയൻ ഇവ ഉപയോഗിക്കുന്നത്. എന്നാൽ ഈ രസീതി ബുക്കുകൾ ലൈബ്രേറിയന് ഇഷ്യൂ ചെയ്തിരിക്കുന്ന തിയതി, ഇഷ്യൂ ചെയ്ത എണ്ണം - ഇവ പരിശോധിക്കാനാവശ്യമായ രേഖകൾ ഒന്നും പഞ്ചായത്തിൽ ലഭ്യമല്ല. രസീതി ബുക്കുകൾ വഴി പിരിക്കുന്ന തുകയുടെ ആധികാരികത തന്മൂലം ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. രസീതിയുടെ ബുക്ക് നമ്പർ പ്രിന്റ് ചെയ്യുന്നതിനു പകരം എഴുതി ചേർക്കുകയാണ് ചെയ്യുന്നത്. രസീതി പുസ്തകങ്ങളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല. ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കാതെയാണ് തുകകൾ സ്വീകരിക്കുന്നത്.

ലൈബ്രേറിയന് ഇഷ്യൂ ചെയ്തിരിക്കുന്ന രസീതി പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(നം.24/23-6-2021) നിലവിലെ രസീതി സ്റ്റോക്ക് രജിസ്റ്ററിൽ അല്ല അവ

രേഖപ്പെടുത്തിയിരിക്കുന്നത് എന്നും അപ്രകാരമുള്ള ഒരു സ്റ്റോക്ക് രജിസ്റ്റർ പഞ്ചായത്തിൽ ഇപ്പോൾ നിലവിലില്ല എന്നുമാണ് അധികൃതർ അറിയിച്ചിട്ടുള്ളത്.

ഓഡിറ്റ് നിർദ്ദേശം

രസീതി ബുക്കുകൾക്കായി സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഇഷ്യൂ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുകയും വേണം. ഇതിന്റെ കൈകാര്യ ചുമതല നിർവ്വഹിക്കാൻ ഓഫീസ് ഓർഡർ മുഖേന ഉദ്യോഗസ്ഥനെ നിയോഗിക്കേണ്ടതാണ്.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 20 സി പ്രകാരം കയ്യെഴുത്ത് സമ്പ്രദായത്തിൽ നൽകുന്ന രസീതികൾ മെഷീൻ നമ്പർ നൽകിയവയും ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ച് എഴുതിയവയും രസീതിയുടെ അസ്സൽ ഓഫീസിൽ സൂക്ഷിച്ച് ഡ്യൂപ്ലിക്കേറ്റ് പാർട്ടിക്ക് നല്കേണ്ടതുമാണ് എന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

രസീതി ബുക്കുകൾ അവയുടെ ക്രമ നമ്പർ അടിസ്ഥാനത്തിൽ ഇഷ്യൂ ചെയ്യുകയും രസീതി ബുക്കിലുള്ള പേജുകളുടെ എണ്ണം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 1-21-2 ഗുണഭോക്തൃവിഹിതം രസീതി പിരിവ് - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - ശ്രദ്ധയിൽപ്പെട്ട അപാകതകൾ

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 7(2) പ്രകാരം ഓരോ ദിവസത്തേയും കളക്ഷൻ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ അടവാക്കേണ്ടതാണ് എന്നും ആർട്ടിക്കിൾ 10 പ്രകാരം കളക്ഷൻ രജിസ്റ്റർ പ്രകാരമുള്ള തുകകൾ രസീതികളുമായി പൊരുത്തപ്പെടുത്തി പരിശോധിക്കേണ്ടതാണ് എന്നും നിഷ്കർഷിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ രസീതി ബുക്ക് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 34900, 34917 എന്നീ നമ്പറിലുള്ള മാന്വൽ രസീതിബുക്കുകൾ നിർവ്വഹണോദ്യോഗസ്ഥയായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്ക് യഥാക്രമം 4-6-2020, 20-3-2021 എന്നീ തിയതികളിൽ ഇഷ്യൂ ചെയ്തിട്ടുള്ളതാണ്. ഇപ്രകാരം ഇഷ്യൂ ചെയ്യപ്പെട്ട 34900 നമ്പർ രസീതി ബുക്കിൽ വരവായി 9136 രൂപ യും, 34917 നമ്പർ രസീതി ബുക്കിൽ വരവായി 6600 രൂപയും ഉണ്ട്.

| | രസീതി നം. | തുക | |
|---|---|---|---|
| രസീതി ബുക്ക് നം. 34900 | 1 | 1435/- | കിച്ചൻ ബിൻ |
| | 2-22 | 41/- വീതം | “ |
| | 23-60 | 180/- വീതം | ബയോകമ്പോസ്റ്റർ ബിൻ |
| രസീതി ബുക്ക് നം. 34917 | 1 | 3300/- | പോർട്ടബിൾ ബയോഗ്യാസ് |
| | 2 | 3300/- | “ |
| ആകെ | 15736 രൂപ | | |

എന്നാൽ ഈ രണ്ടു രസീതി ബുക്കുകളിലും തിയതി രേഖപ്പെടുത്താതെയാണ് ഗുണഭോക്താക്കളിൽ നിന്ന് നിർവ്വഹണോദ്യോഗസ്ഥ തുകകൾ സ്വീകരിച്ചിരിക്കുന്നത്. സ്വീകരിച്ച തുകകൾ കളക്ഷൻ രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല.

മേൽക്കാരണങ്ങളാൽ ഗുണഭോക്തൃ വിഹിതം പിരിവ്, അടവ് എന്നിവയിൽ സുതാര്യത ഇല്ല. രസീതി മുഖേന പിരിച്ചെടുത്ത തുകകൾ തൊട്ടടുത്ത പ്രവൃത്തി ദിനത്തിൽ തന്നെ പഞ്ചായത്തിൽ അടവാക്കിയോ എന്ന് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. ഓരോ സാമ്പത്തിക വർഷത്തിലും ഉപയോഗിച്ച് കഴിഞ്ഞുള്ള ബാക്കി രസീതികൾ ക്യാൻസൽ ചെയ്തിട്ടില്ല. ആയതിനാൽ പിരിവ്

ദുരുപയോഗം ചെയ്യാനുള്ള സാധ്യതയുണ്ട്. രസീതി ബുക്കുകളിൽ തീയതി രേഖപ്പെടുത്താതെ സ്വീകരിച്ചതിന്റെയും, കളക്ഷൻ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിന്റെയും കാരണം വിശദമാക്കാൻ നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.24, 23-6-2021) മറുപടിയായി, നിർവ്വഹണോദ്യോഗസ്ഥയായ വി.ഇ.ഒ, മേൽ രസീതി ബുക്കുകളിലെ തുക അടവാക്കിയ രസീതികൾ ഹാജരാക്കുകയുണ്ടായി. ഗുണഭോക്തൃവിഹിതം പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ടെന്നും നല്കുന്ന രസീതുകളിൽ തിയതി രേഖപ്പെടുത്തി കളക്ഷൻ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുമെന്നും ബോധിപ്പിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. രസീതി ബുക്കുകളിൽ തീയതി രേഖപ്പെടുത്തി മാത്രമേ പണം സ്വീകരിക്കാവൂ. അതതു ദിവസത്തെ തുക കളക്ഷൻ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

2. രസീതി മുഖേന പിരിച്ചെടുത്ത തുകകൾ തൊട്ടടുത്ത പ്രവൃത്തി ദിനത്തിൽ തന്നെ പഞ്ചായത്തിൽ അടവാക്കേണ്ടതാണ്.

3. സാമ്പത്തിക വർഷാവസാനം ഉപയോഗിച്ച് കഴിഞ്ഞുള്ള ബാക്കി രസീതികൾ ക്യാൻസൽ ചെയ്തു എന്നുറപ്പുവരുത്തേണ്ടതാണ്.

## 1-21-3 രസീതിബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

വെറ്ററിനറി സർജ്ജന് രസീതി സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ഇഷ്യൂ ചെയ്ത 34906 നമ്പർ രസീതി പുസ്തകം (ഇഷ്യൂ തിയതി-30-10-2020) ഓഡിറ്റിന് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. രസീതി പുസ്തകം ഹാജരാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നം.24 തിയതി-23-06-2021 നല്കിയിരുന്നിന് മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് പരിശോധനാ സമയപരിധിയിലെ എല്ലാ രസീതി പുസ്തകങ്ങളും ഹാജരാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണം-1 തിയതി 17-6-2021 ന് ആവശ്യപ്പെട്ടിരുന്നതാണ്.)

## 1-21-4 രസീതി ബുക്ക് -ഉപയോഗിച്ചില്ലാത്ത രസീതികൾ ക്യാൻസൽ ചെയ്യേണ്ടതാണ്

കൃഷി ഓഫീസർക്ക് ഇഷ്യൂ ചെയ്ത തൻ വർഷം ഉപയോഗിച്ചിട്ടില്ലാത്ത 34902 നമ്പർ രസീതി ബുക്ക് (രസീതി ബുക്ക് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ഇഷ്യൂ തിയതി 8-6-2020) സാമ്പത്തിക വർഷാവസാനം പഞ്ചായത്തിൽ തിരിച്ചേല്പിക്കുകയോ, ക്യാൻസൽ ചെയ്യുകയോ ചെയ്തിട്ടില്ല. രസീതി ബുക്കിന്റെ ദുരുപയോഗം തടയാൻ ഉപയോഗിച്ചില്ലാത്ത രസീതികൾ ക്യാൻസൽ ചെയ്യേണ്ടതാണ്.

## 1-22 അഗതിരഹിത കേരളം പദ്ധതി -അവലോകനം

അഗതിരഹിത കേരളം പദ്ധതിയുടെ സർവേ പ്രകാരം 151 ഗുണഭോക്താക്കളാണ് അഗതി കുടുബങ്ങളെയാണ് കണ്ടെത്തിയിട്ടുള്ളത്. 2019-20 വർഷത്തിൽ ആശ്രയയുടെ പ്രവർത്തനം എന്ന നിലയിൽ ജില്ലാ മിഷന്റെ ഫണ്ടുപയോഗിച്ച് ഭക്ഷ്യകിറ്റ് വിതരണം, മെഡിക്കൽ ക്യാമ്പ്, എന്നിവ ചെയ്തു വരുന്നുമുണ്ട്.

സെക്രട്ടറി ആശ്രയ ഗുണഭോക്താക്കൾക്കായി ജില്ലാകുടുംബശ്രീ മിഷൻ അനുവദിച്ച താഴെപ്പറയുന്ന തുകകൾ പിൻവലിച്ച് കുടുംബശ്രീയുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്.

| ഫണ്ട് ഇനം | തുക | വൗച്ചർ നം. |
|---|---|---|
| കുടുംബശ്രീ മിഷൻ ഫണ്ട് | 1290330 | 21900948/16.12.2019 |
| - ടി- | 80000 | 21900949/16.12.2019 |
| - ടി- | 827233 | 21900950/16.12.2019 |
| | | |

| | | |
|---|---|---|
| ആകെ | 1297563 | |

മേൽ പ്രകാരം പിൻവലിച്ച തുക കുടുംബശ്രീയുടെ 478902010209910 എന്ന Union Bank ബാങ്കിലുള്ള അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ടെങ്കിലും പ്രസ്തുത തുകയിൽ തൻവർഷം 725612/- രൂപ ജനറൽ വിഭാഗത്തിലും, 312330/രൂപ എസ്.ടി വിഭാഗത്തിലും ചെലവഴിച്ചിട്ടുണ്ട്.
ലൈഫ് മിഷൻ ഗുണഭോക്താക്കളുടെ മുൻഗണനാ മാനദണ്ഡം പ്രകാരം അഗതികളായ ഗുണഭോക്താക്കൾക്ക് മുൻഗണന നൽകി അവർക്ക് ധനസഹായം അനുവദിച്ചതിനുശേഷം മാത്രം മറ്റ് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഭവനരഹിതരായ ആശ്രയ ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയിലേക്ക് മാറ്റിയിട്ടില്ല. ഭവനരഹിതരായ അഗതികളായ ഗുണഭോക്താക്കളെ എത്രയും പെട്ടെന്ന് ലൈഫ് പദ്ധതിയിലേക്ക് മാറ്റി ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അഗതിരഹിത കേരളം പദ്ധതിയുടെ മാർഗ്ഗനിർദ്ദേശത്തിനനുസൃതമായി പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കേണ്ടതാണ്.

## 1-23 LED ലൈറ്റുകൾ സ്ഥാപിക്കൽ - അപാകതകൾ

(1)

| | |
|---|---|
| പ്രൊജക്ട് :60 /20-തെരുവ് വിളക്ക് സാധന സമാഗ്രികൾ | അടങ്കൽ :532484 |
| ചെലവ് :532482 | ബിൽ : 7/19-20/10.7.19 -279383<br>ബിൽ : 22/19-20/16.12.19 -68145<br>ബിൽ : 24/19-2/21.1.20-26638<br>ബിൽ : 36/19-20/4.2.20 -90000<br>ബിൽ : 37/19-20/4.2.20 -22213<br>ബിൽ : 46/19-20/27.3.21-46105<br>ആകെ -532484 |
| നിർവ്വഹണം :സെക്രട്ടറി | ഏജൻസി : KREWS |

(2)

| | |
|---|---|
| പ്രൊജക്ട് :136/20-തെരുവ് വിളക്ക് -LED സ്ഥാപിക്കൽ | അടങ്കൽ :300000 |
| ചെലവ് :299970 | ബിൽ : 10/19-20/18.8.19 -299970 |
| നിർവ്വഹണം :സെക്രട്ടറി | ഏജൻസി : KREWS |

മേൽപ്പറഞ്ഞ 2 പദ്ധതികൾ പ്രകാരം പഞ്ചായത്തിൽ സ്ട്രീറ്റ് മെയ്ൻ വലിച്ചിട്ടുള്ള പ്രദേശങ്ങളിൽ LED (24 W) 110 എണ്ണം സ്ഥാപിക്കുന്നതിനും, ഇലക്ട്രിക്ക് സാധന സാമഗ്രികൾ വാങ്ങുന്നതിനും KREWS ന് ടെൻഡർ കൂടാതെ എൽപ്പിച്ച് നിർവ്വഹണം നടത്തി തുക അനുവദിച്ചു.

<u>അപാകതകൾ</u>

1. KREWS ൽ നിന്നും LED ലൈറ്റുകൾ നേരിട്ടു വാങ്ങുവാൻ സർക്കാർ അനുമതിയില്ല.

2. 2019-20 മുതൽ 25000 രൂപയ്ക്ക് മുകളിലുള്ളതും GeM ൽ ലഭ്യമായതുമായ സാധനങ്ങൾ GeM (Government E-Marketplace) മുഖേന മാത്രമേ പർച്ചേസ് നടത്താവൂ എന്ന നിബന്ധന നിലനിൽക്കേ KREWS ൽ നിന്നും ടെൻഡർ കൂടാതെ പർച്ചസ് ചെയ്തു.

3 . KSEB യ്ക്ക് സൂപ്പർവിഷൻ ചാർജ്ജ് നൽകിയിട്ടുണ്ടെങ്കിലും ( 110X 26 =2529 രൂപ ) KSEBയുടെ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിട്ടില്ല.

സർക്കാർ മാനദണ്ഡങ്ങൾ പാലിച്ച് പദ്ധതികൾ നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്

1-24 ഖരമാലിന്യ സമസ്കരണം-അവലോകനം

ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിക്കുകയും ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുകയും ചെയ്യുക എന്നത് പഞ്ചായത്തുകളുടെ അനിവാര്യ ചുമതലകളിൽ ഒന്നാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 219A മുതൽ 219X വരെയുള്ള വകുപ്പുകൾ പ്രകാരം നൽകിയിട്ടുള്ള ചുമതലകളും അധികാരങ്ങളും ഗ്രാമപഞ്ചായത്ത് ഫലപ്രദമായി നിർവ്വഹിക്കുന്നുണ്ടോ എന്നും നിയന്ത്രണ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഫലപ്രദമാണോ എന്നും പരിശോധിക്കുവാനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയും സബ്ഡിഡി മാനദണ്ഡങ്ങളും മറ്റ് സർക്കാർ ഉത്തരവുകളും കണക്കിലെടുത്ത് സുസ്ഥിര മാലിന്യ നിയന്ത്രണ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ടോ എന്നും സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016, പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016 മുതലായ കേന്ദ്ര ചട്ടങ്ങളിലെ നിബന്ധനകൾ പാലിച്ചിട്ടുണ്ടോ എന്നതും പരിശോധനയിൽ ഉൾപ്പെട്ടിരുന്നു.

ഗ്രാമപഞ്ചായത്തിന്റെ നിലവിലുള്ള മാലിന്യ സംസ്കരണ സംവിധാനം എത്രത്തോളം ഫലപ്രദമാണ് എന്ന് വിലയിരുത്തുന്നതിനായി വിവിധ രേഖകൾ പരിശോധിക്കുകയും നേരിട്ടും അല്ലാതെയും വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിലുള്ള കണ്ടെത്തലുകളും നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

എ. സുസ്ഥിര മാലിന്യ സംസ്കരണ സംവിധാനം

ഗ്രാമപഞ്ചായത്തിൽ നിലവിൽ സുസ്ഥിര മാലിന്യ സംസ്കരണത്തിനായി സംവിധാനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. മാലിന്യം നീക്കം ചെയ്യുന്നതിനുള്ള ജീവനക്കാരുടെ തസ്തിക ഗ്രാമപഞ്ചായത്തിലില്ല. ദിവസ വേതനത്തിൽ തൊഴിലാളികളെ നിയമിച്ച് ജൈവ മാലിന്യങ്ങൽ ശേഖരിച്ച് സംസ്കരിച്ച വരുന്നു. അജൈവ മാലിന്യങ്ങൾ സംസ്കരിക്കാൻ 2018-19 ൽ തയ്യാറാക്കിയ ഒരു പ്രൊജക്റ്റ് നാളിതുവരെ നടപ്പിലാക്കിയിട്ടില്ല.
തുക ചെലവഴിച്ചതിന്റെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | ചെലവു തുക | ചെക്ക് നം. |
|---|---|---|
| കേന്ദ്രാവിഷ്കൃതം | 517275 | 21801290/27.3.19 |
| തനത് ഫണ്ട് | 2097 | 21801292/27.3.19 |

ശുചിത്വമിഷൻ നൽകിയ ഫണ്ടിന്റെ വിനിയോഗ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകി ഓഡിറ്റ് എൻക്വയറിക്ക് (നം:16/19-20/22.6.2021) പ്രൊജക്ട് റിവൈസ് ചെയ്ത് ബെയ്‌ലിംഗ് മെഷീൻ വാങ്ങാൻ ഭരണസമിതി തീരുമാനിച്ചതായി അറിയിച്ചിട്ടുണ്ട്. (തീരുമാനം 13/17.5.2021) തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

ബി. മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിച്ച

സ.ഉ(സാധാ)നം.306/2019/തസ്വഭവ തിയതി 12-02-2019 പ്രകാരം എം.സി.എഫ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള എസ്റ്റിമേറ്റും മാതൃകാ പ്ലാനും സർക്കാർ അംഗീകരിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങൾക്ക് ആയതിൽ ഉചിതമായ മാറ്റം വരുത്തുന്നതിനുള്ള അനുമതിയും നൽകിയിട്ടുള്ളത് സ്ഥാപനം നടപ്പാക്കിയിട്ടുണ്ട്.

സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള എം.സി.എഫ് സെന്റർ 2007 മുതൽക്ക് ഗ്രാമപഞ്ചായത്ത് സ്ഥാപിച്ച് പ്രവർത്തന ക്ഷമമാക്കിയിട്ടുണ്ട്.

<u>സി. ഹരിതകർമ്മസേന</u>

സ.ഉ(സാധാ)നം.2420/17/തസ്വഭവ തിയതി 15-07-2017 പ്രകാരം ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചത് പ്രകാരം ഹരിതകർമ്മസേന യഥാസമയം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച സ്വീകരിച്ചിട്ടുണ്ട്.

<u>ഡി. പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016 പ്രകാരമുള്ള നടപടികൾ</u>

പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016 ലെ നിർദ്ദേശാനുസരണം 50 മൈക്രോണിൽ കൂടുതലുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനായി കടകളിൽ നിന്നും ചട്ട പ്രകാരമുള്ള ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായും ഇക്കാര്യത്തിനായി ബൈലോ രൂപീകരിച്ചതായും ബോദ്ധ്യപ്പെട്ടു.

<u>ഇ. വികേന്ദ്രീകൃത മാലിന്യ സംസ്കരണം</u>

സബ്സിഡി മാർഗ്ഗരേഖ പ്രകാരം വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിനായി സബ്സിഡി അനുവദിക്കുന്നതിനുള്ള പദ്ധതികളൊന്നും തൻവർഷത്തിലോ മുൻവർഷങ്ങളിലോ ആവിഷ്കരിച്ചിട്ടില്ല. (2018-19 ലെ വ്യക്തിഗത ബയോഗ്യസ് പ്ലാൻറ് പ്രൊജക്റ്റ് പാതിവഴിയിൽ ഉപേക്ഷിച്ചത് ക്രമപ്രകാരമല്ല.

ഉറവിട മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള തീരുമാനം ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗത്തിൽ ഉണ്ടായിട്ടുണ്ടെങ്കിലും തുടർനടപടികൾ ഉണ്ടായിട്ടില്ല. മാലിന്യ നിർമ്മാർജ്ജനത്തിനായി ബഡ്ജറ്റിൽ വകയിരിത്തിയ തുകയൊന്നും തൻവർഷത്തിൽ പ്രസ്തുത ഇനത്തിൽ ചെലവഴിച്ചിട്ടില്ല.

<u>എഫ്. ഓഡിറ്റ് നിരീക്ഷണങ്ങൾ/നിർദ്ദേശങ്ങൾ</u>

*സുസ്ഥിര മാലിന്യ സംസ്കരണത്തിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

*പ്ലാസ്റ്റിക്ക് ഷ്രഡിങ് യൂണിറ്റ് സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കി ക്ലീൻ കേരള കമ്പനിക്ക് നൽകിയതിൽ നാളിതുവരെ 370022/-രൂപ വരവുണ്ട്. ആയത് അഭിനന്ദാർഹമാണ്.

*വീടുകളിലും വ്യാപാര സ്ഥാപനങ്ങളിലും ഉത്പാദിപ്പിക്കപ്പെടുന്ന ജൈവ-അജൈവ മാലിന്യങ്ങൾ വേർതിരിച്ച് സംസ്കരിക്കുന്നുണ്ടെന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പാക്കേണ്ടതാണ്.

*പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016 ലെ നിർദ്ദേശ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

*1994 ലെ കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ മറ്റ് നടപടികളും കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

*വ്യക്തിഗത ബയോഗ്യാസ് പ്ലാന്റ്, റിംഗ് കംപോസ്റ്റ് മുതലായവയ്ക്ക് സബ്സിഡി അനുവദിച്ചു കൊണ്ട് വികേന്ദ്രീകൃത മാലിന്യ സംസ്കരണം കാര്യക്ഷമമാക്കേണ്ടതാണ്. നിലവിൽ വി.ഇ.ഒ യ്ക്ക് ആണ് ചുമതല നൽകിയിട്ടുള്ളത്.

*സർക്കുലർ നം. ഡി.സി.1/282/20/തസ്വഭവ തിയതി 29-07-2020 പ്രകാരം ഹരിത കർമ്മസേനാംഗങ്ങൾ ശേഖരിക്കുന്ന പാഴ്വസ്തുക്കൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനും

വിപണനം ചെയ്യുന്നതിനും ക്ലീൻ കേരളാ കമ്പനിയുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്ത് തുടർനടപടികളുടെ മോണിട്ടറിംഗ് കാര്യക്ഷമമാക്കേണ്ടതാണ്

* ജൈവമാലിന്യങ്ങളിൽ നിന്ന് വളം നിർമ്മിച്ച് സ്റ്റോക്ക് ചെയ്യുന്നതിനും വിൽപ്പന നടത്തുന്നതിനും ഉള്ള പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കേണ്ടതാണ്.

ഈ വിഷയത്തിലുള്ള തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 ഗ്രാമസഭ - അവലോകനം

2019-20 വർഷത്തിൽ രണ്ട് തവണ മാത്രമാണ് ഗ്രാമസഭകൾ ചേർന്നിട്ടുള്ളത്. സെപ്റ്റംബർ, ഫെബ്രുവരി മാസങ്ങളിലാണ് എല്ലാ വാർഡുകളിലും ഗ്രാമസഭാ യോഗങ്ങൾ നടന്നത്. ലേബർ ബജറ്റ്, ഗുണഭോക്തൃ ലിസ്റ്റ് അംഗീകാരം, ആക്ഷൻ പ്ലാൻ തയ്യാറാക്കൽ, പദ്ധതി രൂപീകരണം എന്നീ നടപടിക്രമങ്ങൾക്കായാണ് ഗ്രാമസഭകൾ ചേർന്നിട്ടുള്ളത്. സോഷ്യൽ ഓഡിറ്റിന് പ്രത്യേക ഗ്രാമസഭ ചേർന്നിട്ടുണ്ട്. മിനിറ്റ്സ് ബുക്കുകളിൽ ഹാജർ, തീരുമാനങ്ങൾ എന്നിവ രേഖപ്പെടുത്തി ക്ളോസ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്.

1994 ലെ കേരള പഞ്ചായത്ത് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കുറഞ്ഞ പക്ഷം ഗ്രാമപഞ്ചായത്തിൽ ഗ്രാമസഭ മൂന്ന് മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്. 2019-20 വർഷത്തിൽ സപ്റ്റംബർ 2019, ഫെബ്രുവരി, 2020 മാസങ്ങളിൽ മാത്രമാണ് ഗ്രാമസഭകൾ ചേർന്നിട്ടുള്ളത്. നിയമപരമായ സമയപരിധി പാലിച്ചുകൊണ്ട് വിളിച്ചു ചേർക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 ദുരിദാശ്വാസ നിധി -കാര്യക്ഷമമാക്കണം

2003 കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാ രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമ പഞ്ചായത്ത് നിവാസികളും നിർദ്ദനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. കലാ കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500 രൂപ വരെ അടിയന്തിരസഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകൾ പരിശോധിച്ചപ്പോൾ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെന്നും (അക്കൗണ്ട് നമ്പർ 450410107 Indian Bank) നിലവിൽ 118020 രൂപ നീക്കിയിരിപ്പുണ്ടെന്നും ബോധ്യപ്പെട്ടു. സമൂഹത്തിലെ ജനങ്ങൾക്ക് ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നല്ലാതെ ധനസഹായം ലഭ്യമാകുന്നതിനുള്ള ദുരിതാശ്വാസ നിധി സജീവമാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി 13/19-20/23.6.21 )

## 1-27 ലൈബ്രറി സെസ്സ് അടവാക്കുന്നതിൽ കാലതാമസം

സർക്കുലർ നം.10088/എൽ3/05/തസ്വഭവ തീ. 20.09.2005 പ്രകാരം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരു വർഷം ലൈബ്രറി സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക രണ്ടു ഗഡുക്കളായി ലൈബ്രറി കൗൺസിലിന് അടയ്ക്കണം. ആദ്യ ഗഡു ഏപ്രിൽ 30നകവും രണ്ടാമത്തെ ഗഡു നവംബർ 30നകവും അടക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തിയാൽ അത് തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ 2018-19 ലെ വസ്തു നികുതിയോടൊപ്പം പിരിച്ചെടുത്ത ലൈബ്രറി സെസ് (രണ്ടാം ഗഡു), 2019-20 ഒന്നാം ഗഡു എന്നിവ 17.3.2020 ലെ വൗച്ചർ നമ്പർ 21901266 പ്രകാരം മാത്രമാണ് ലൈബ്രറി കൗൺസിലിലേക്ക് അടവാക്കിയത്. ആയതിന്റെ രശീതി പരിശോധനയ്ക്ക് ലഭ്യമായിട്ടുമില്ല. സർക്കാർ നിർദ്ദേശം പാലിക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി സമർപ്പിച്ച ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.20/19-20/24.6.2021) മറുപടിയിൽ ഭാവിയിൽ അപാകത ഉണ്ടാകാതിരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മറ്റു സ്ഥാപനങ്ങൾക്കുള്ള തുകകൾ കൃത്യമായി ഒടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 പൊതു ടാപ്പുകൾ -അധിക തുക തിരികെ ഈടാക്കണം

2019-20 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ 290 പൊതു കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ @5512.5 നിരക്കിൽ പ്രതിമാസം 126875/- രൂപ കേരള വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്.
പൊതു ടാപ്പുകളുടെ വാർഡ് തിരിച്ചുള്ള വിവരം ചുവടെ

| ക്രമ നം. | വാർഡ് | എണ്ണം |
|---|---|---|
| 1 | 1 | 14 |
| 2 | 2 | 14 |
| 3 | 3 | 25 |
| 4 | 4 | 20 |
| 5 | 5 | 15 |
| 6 | 6 | 21 |
| 7 | 7 | 12 |
| 8 | 8 | 17 |
| 9 | 9 | 15 |
| 10 | 10 | 18 |
| 11 | 11 | 18 |
| 12 | 12 | 22 |
| 13 | 13 | 19 |
| 14 | 14 | 10 |
| 15 | 15 | 19 |
| 16 | 16 | 12 |
| 17 | 17 | 19 |
| | ആകെ | 290 |

കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച് ഉത്തരവിൽ (സ.ഉ (സാ)നം 1275/2009/LSGD/30.5.2009 ഖണ്ഡിക 7) പറയും പ്രകാരം ഗാർഹിക കണക്ഷൻ ഏർപ്പെടുത്തി പൊതു ടാപ്പുകൾ പരമാവധി ഒഴിവാക്കാൻ പഞ്ചായത്ത് പദ്ധതി ആവിഷ്കരിക്കേണ്ടതാണ്. പദ്ധതി, സബ്സിഡി മാർഗ്ഗരേഖകളിലും ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്.
ഓഡിറ്റ് എൻക്വയറി (നം:2/19-20/17.6.21 )ക്ക് മറുപടി സമർപ്പിച്ചിട്ടുണ്ട്. ആയതിൽ 290 ടാപ്പുകളുടെ സംയുക്ത പരിശോധനയിൽ 234 ടാപ്പുകളായി പുനഃക്രമീകരിച്ചിട്ടുണ്ടെന്നും 126875/- രൂപയിൽ നിന്നും വാട്ടർ ചാർജ്ജ് 107504/- രൂപയായി ക്രമീകരിച്ചിണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. അധിക തുക അടവാക്കിയത് മുൻകാല പ്രാബല്യത്തിൽ ക്രമീകരിച്ചതായി കാണുന്നില്ല.

## 1-29 തെരുവ് വിളക്ക് -സർക്കാർ നിർദ്ദേശം പാലിക്കണം

ഗ്രാമപഞ്ചായത്ത് 2019-20 ൽ തെരുവ് വിളക്കുകൾക്ക് മൂന്ന് ഡിവിഷനുകളിലായി താഴെപ്പറയും പ്രകാരം വൈദ്യുത

ചാർജ്ജ് അടവാക്കി വരുന്നു.

| ക്രമ നം. | ഡിവിഷൻ | ചാർജ്ജ്/പ്രതിമാസം (മാർച്ച് 2020 ലെ ചെലവ്) |
|---|---|---|
| 1 | മലമ്പുഴ | 60394 |
| 2 | ഒലവക്കോട് | 115194 |
| 3 | കൽപ്പാത്തി | 12777 |
| | ആകെ | 188365 |

KSEB യുടെ ഡിമാന്റ് വിശദ വിവരം ലഭ്യമാക്കിയിട്ടില്ല. നിലവിൽ ഡിമാൻറിന്റിൽ ഉൾപ്പെട്ട ഉപകരണങ്ങൾ പ്രവർത്തിക്കുണ്ടോ എന്നും സംയുക്ത പരിശോധന നടത്തി എണ്ണം പുനഃക്രമീകരിച്ചിട്ടുണ്ടോ എന്നും അധികം നൽകിയ തുക തിരിച്ച് പിടിച്ചിട്ടുണ്ടോ എന്നും സ്ട്രീറ്റ് മെയ്ൻ സ്ഥാപിച്ച് മീറ്റർ സംമ്പ്രദായം നടപ്പാക്കിയിട്ടുണ്ടോ എന്നും സർക്കാർ പദ്ധതി “നിലാവ് ” നടപ്പാക്കുന്നത് സംബന്ധിച്ച് വിവരവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി (3/19-20/17.6.21 ) ന് നിലവിൽ മീറ്റർ സമ്പ്രദായം ആവിഷ്കരിച്ച് വരുന്നതായും നിലാവ് പദ്ധതി പ്രകാരം 1000 തെരുവ് വിളക്കുകൾ LED ആക്കുന്നതിന്ന് ലക്ഷ്യമിട്ടതിൽ 589 എണ്ണം സ്ഥാപിച്ചതായും മറുപടി നൽകിയത് അംഗീകരിക്കുന്നു.
തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

## 1-30 കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ-വിനിയോഗം ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രൊജക്റ്റ് നം :144/20 കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | അടങ്കൽ 1450000<br>(45000 പ്ലാൻ ഫണ്ട് , 100000 ബ്ലോക്ക് വിഹിതം) |
| ചെലവ് -1450000 | 450000 – പ്ലാൻ Bill 20/19-20 11.2.20<br>500000 -ചെക്ക് നം-2616634/7/2/20<br>200000 ചെക്ക് നം-2616648/7/2/20<br>300000 ചെക്ക് നം- 2616650/7/2/20 |
| നിർവ്വഹണം -സെക്രട്ടറി | ഏജൻസി -KWA മലമ്പുഴ |

നിർവ്വഹണ ഏജൻസിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 1-30-1 വാട്ടർ അതോറിറ്റിക്ക് സെൻറജ് ചാർജ്ജ് നൽകിയതിന്റെ കൃത്യത ഉറപ്പാക്കേണ്ടതാണ്

മേൽ പ്രവൃത്തിക്ക് കെ.ഡബ്ല്യൂ.എ., മലമ്പുഴ സമർപ്പിച്ച എസ്റ്റിമേറ്റ് വിവരം ചുവടെ ചേർക്കുന്നു
പ്രവർത്തി അടങ്കൽ - 802658.27
CENTAGE CHARGE -12.5% 100332.28
GST 12% -96318.99
Lumpsum -690.45
TOTAL -1000000/

1. സർക്കാർ ഉത്തരവ്(സാധാ) നം. 1069/2018/ത.സ്വ.ഭ,വ/16.4.2018 പ്രകാരം PWD മാന്വൽ വാട്ടർ അതോറിറ്റിക്കും ബാധകമായതിനാൽ എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിന്ന് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും 2.5 % സെന്റേജ് ചാർജ്ജ് ഈടാക്കാവുന്നതല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മുകളിൽ ചേർത്തിട്ടുള്ള എസ്റ്റിമേറ്റിൽ സെന്റേജ് ചാർജ്ജ് ആയി 12.5.% (10+2.5 ) ഈടാക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച് KWA യിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതും അധികമായി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ക്രമീകരിച്ച് പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാക്കേണ്ടതാണ് (എൻക്വയറി നം-10/19-20/21.6.21).

## 1-31 തൊഴിലുറപ്പ് പദ്ധതി -അവലോകനം

2019-20 സാമ്പത്തിക വർഷത്തെ കണക്കനുസരിച്ച് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ

തൊഴിലുറപ്പ് പദ്ധതിയിൽ ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ 2534 ആണ്. ഇവർക്കെല്ലാം തന്നെ തൊഴിൽ കാർഡുകൾ ലഭിച്ചവരാണ്. ഇവയിൽ സ്പിൽഓവറായി 758 പദ്ധികൾക്കുള്ള അംഗീകാരം ലഭ്യമായിട്ടുണ്ട്. പ്രസ്തുത പ്രൊജക്റ്റുകൾക്കായി 134477056/- രൂപ അടങ്കലായി വകയിരുത്തിയിട്ടുണ്ട്. 758 പദ്ധതികളാണ് 2019-20 സാമ്പത്തിക വർഷത്തിൽ ആരംഭിച്ചത്. ആയതിൽ 324 എണ്ണം പൂർത്തിയാക്കപ്പെട്ടിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിലൂടെ 1,016 കുടുംബങ്ങൾ തൊഴിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഇവർക്കെലാം തന്നെ തൊഴിൽ ലഭിച്ചിട്ടുമുണ്ട്. ആയതിൽ 98 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുണ്ട്. ഇവയിൽ സാധന സാമഗ്രികൾ ആവശ്യമുള്ള 2 പ്രവ്യത്തികളും ഉൾപ്പെടും. പദ്ധതി പ്രകാരം തൊഴിൽ ആവശ്യപ്പെട്ടതിന് ശേഷം തൊഴിൽ ലഭ്യമാവാത്തവരും, തൊഴിൽ രഹിത വേതനം നൽകപ്പെടാത്തവരുമായി ആരുമില്ല. തൊഴിൽ സ്ഥലങ്ങളിൽ അപകടം സംഭവിക്കുകയോ ആയതിന് പ്രതിവിധി സ്വീകരിക്കുവാനായി തുക ചിലവഴിക്കുകയോ ചെയ്തിട്ടില്ല. നിലവിൽ പ്രവ്യത്തികളുമായി ബന്ധപ്പെട്ട് പരാതി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. തൊഴിൽ സ്ഥലങ്ങളിൽ പ്രവ്യത്തികളുടെ വിവരം കാണിക്കുന്ന ബോർഡ് സ്ഥാപിക്കുന്നുണ്ട്.

2019-20 സാമ്പത്തിക വർഷത്തിൽ സ്ഥിര ആസ്തികൾ സൃഷ്ടിക്കപ്പെട്ടതിന്റെ വിശദവിവരങ്ങൾ :

1) കൊളമ്പ് വെള്ളച്ചാൽ നിർമ്മാണം (W5)

2. ആണ്ടിമഠം സ്കൂൾ പിൻവശം ചാൽനിർമ്മാണം സ്ലാബിടൽ(W8)

പദ്ധതി മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടേയും ചെലവഴിച്ച തുകകളുടേയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു :

| പ്രവൃത്തികളുടെ പേര് | നടപ്പിലാക്കിയത് | ചെലവഴിച്ച തുക |
|---|---|---|
| മണ്ണ് - ജല സംരക്ഷണം | 30 | 6774350 |
| വരൾച്ച തടയൽ | 6 | 118250 |
| ചെറുകിട ജലസേചനം | 7 | 823625 |
| വെള്ളപ്പൊക്ക നിയന്ത്ര നിവാരണ പ്രവർത്തനങ്ങൾ | 26 | 2288550 |
| മറ്റ് ചെലവുകൾ | 241 | 2572523 |
| ഭ്രവികസനം | 10 | 3236200 |
| പരമ്പരാഗത ജലശ്രോതസുകളുടെ പുനരുദ്ധാരണം | 4 | 3,30000 |
| ആകെ | 324 | 16143498 |

മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ മാഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവൃത്തനങ്ങൾ നല്ല രീതിയിൽ നിർവ്വഹിച്ച് വരുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു.

1-32 ഡപ്പോസിറ്റ് പ്രവർത്തി വിനിയോഗം ലഭ്യമാക്കണം

സ്ട്രീറ്റ് ലൈൻ സ്ഥാപിക്കുന്നതിനായി വൈദ്യുതി ബോർഡിൽ താഴെ പറയുംപ്രകാരം തുക നിക്ഷേപിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്റ്റ് :100/20-തെരുവ് വിളക്ക് -സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | അടങ്കൽ :600000 |
| | |

| | |
|---|---|
| ചെലവ് :599915 | ബിൽ : 27/19-20/3.1.20 -300000<br>ബിൽ : 33/19-20/3.1.20 -299915 |
| നിർവ്വഹണം :സെക്രട്ടറി | ഏജൻസി : KSEB |

മേൽ സൂചിപ്പിച്ച ഡെപ്പോസിറ്റ് പ്രവർത്തികളുടെ വിനിയോഗ സാക്ഷ്യപത്രം കെ.എസ്.ഇ.ബി യിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണ (നം11/19-20/21.6.2021)ത്തിന് ആയത് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-33 പാലിയേറ്റീവ് കെയർ - നിർവ്വഹണം

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) നിർവ്വഹണ ഉദ്യോഗസ്ഥനായി പാലിയേറ്റീവ് കെയർ പദ്ധതി നിർവ്വഹണത്തിനായി S0022/20 എന്ന പ്രൊജക്റ്റ് പ്രകാരം അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. പ്രൊജക്റ്റിന്റെ മറ്റ് വിശദവിവരങ്ങൾ :

| | |
|---|---|
| പേര് | പാലിയേറ്റീവ് കെയർ. |
| വികസന ഫണ്ട് | 5,30,000/-(ആകെ അടങ്കൽ.) |
| ബിൽ നം./തീയതി | ചെലവ് |
| 1/19-20/24/06/2019 | 64,840 |
| 2/19-20/11/7/2019 | 34,660/- |
| 4/19-20/22/08/2019 | 33,320/- |
| 5/19-20/28/09/2019 | 35,320/- |
| 6/19-20/28/9/19 | 1,00,000/- |
| 11/19-20/20/01/2020 | 9,280/- |
| 12/19-20/20/01/2020 | 32,500/- |
| ആകെ | 3,09,920/- |

ഹോം കെയർ സംവിധാനം.

സാന്ത്വന പരിചരണ പ്രൊജക്റ്റിന്റെ ഭാഗമായി ആഴിച്ചയിൽ മൂന്ന്/നാല് ഗൃഹ സന്ദർശനം നടത്തി വരുന്നുണ്ട്. പരിചരണ വിഭാഗം രോഗികളെ നേരിട്ട് പരിശോധിക്കുകയും മെച്ചപ്പെട്ട സേവനം ലഭ്യമാക്കുകയും ചെയ്ത് വരുന്നു. മാസത്തിൽ 16 ഗൃഹ സന്ദർശനം നടത്തുന്നതിന് തീരുമാനം എടുത്തിരുന്നെങ്കിലും കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ പൂർണ്ണമായി ഗൃഹസന്ദർശനം നടത്തുവാൻ കഴിഞ്ഞില്ലായെന്ന് പി.എച്ച്.സി മെഡിക്കൽ ഓഫീസർ ഓഡിറ്റ് വേളയിൽ വിശദീകരിക്കുകയുണ്ടായി.

പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി

2019-2020 ൽ 13.06.2019 ലും, 20.02.2020 ലും 2 തവണ മാത്രം പി.എം.സി കൂടിയിട്ടുള്ളത്. യോഗത്തിൽ പ്രവർത്തനങ്ങൾ വിലയിരുത്തുകയും പോരായ്മകൾ പരിഹരിക്കുന്നതിനുള്ള തീരുമാനങ്ങൾ എടുത്തിട്ടുമുണ്ട്.

ഹോം കെയർ സംവിധാനത്തിനുള്ള വാഹനം

ഹോം കെയറിന് വാഹനം വാടകയ്ക്കെടുക്കുന്നത് ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചാണ്. 2019-2020 ൽ KL-09X-9302 എന്ന നമ്പറുള്ള വാഹനമാണ് വാടകയ്ക്ക് എടുത്തിട്ടുള്ളത്. ഒരു ദിവസം പരമാവധി 1100/- രൂപ എന്ന നിരക്കിലാണ് വാടക നൽകി വരുന്നത്. സേവന ദാതാവിനുള്ള വാടക ഇവരുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

7/03/2019 ലെ സ.ഉ(സാധാ)നം.553/2019/ത.സ്വ.ഭ.വ പ്രകാരം പി.എം.സി താഴെ പറയുന്ന വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

1) ഖണ്ഡിക നം.2.9.2 ലെ വ്യവസ്ഥ പ്രകാരം പി.എം.സി രണ്ട് മാസത്തിലൊരിക്കൽ യോഗം ചേർന്ന് പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും പോരായ്മകൾ പരിഹരിക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതാണ്.

2) ഖണ്ഡിക നം.2.16.1 പ്രകാരം ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ യോഗ അജണ്ടകളിലുൾപ്പെടുത്തി പ്രവർത്തനങ്ങൾ വിലയിരുത്തലിനോടൊപ്പം മെച്ചപ്പെടുത്തുവാനുള്ള നടപടികളും മോണിറ്ററിംഗിന്റെ ഭാഗമായി സ്വീകരിക്കേണ്ടതാണ്..

3) ഹോംകെയർ പ്രവർത്തനങ്ങൾക്കായി ക്വട്ടേഷൻ മുഖാന്തിരം തെരഞ്ഞെടുത്ത വാഹന ഉടമയ്ക്കുള്ള വാടക ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി കൃത്യമായി കണക്കാക്കേണ്ടതും തുക പാലിയേറ്റീവ് കെയർ ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടതുമാണ്.

## 1-34 അംഗീകാരം ലഭ്യമാക്കിയ പ്രൊജക്റ്റുകൾ നിർവ്വഹിച്ചിട്ടില്ല

വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പ്രൊജക്റ്റുകൾ പ്രകാരം അംഗീകാരം ലഭ്യമാക്കിയതിന് ശേഷം നിർവ്വഹിച്ചിട്ടില്ല. വിശദവിവരങ്ങൾ :

I)

A)

| | |
|---|---|
| പ്രൊജക്റ്റ് നം. | SO091/19-20 |
| പേര് | ടൈലറിംഗ് യൂണിറ്റ് (ഗ്രൂപ്പ് സംരംഭം) |
| അടങ്കൽ (വികസന ഫണ്ട്) | 4,57,650/- |

നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണം. (21.06.2021 ലെ അന്വേഷണ നം.8)

കുടുമ്പശ്രീ മുഖേന അറിയിപ്പ് നൽകിയതിന് ശേഷം ഗുണഭോക്താക്കൾക്ക് അർഹതാ ആനുകൂല്യത്തിനായി സമർപ്പിക്കപ്പെടേണ്ട രേഖകൾ സമയബന്ധിതമായി ഹാജരാക്കുവാൻ സാധ്യമാകാത്തതിനാൽ 2019-2020 ൽ പദ്ധതി നിർവ്വഹിക്കുവാൻ സാധ്യമായില്ല.

B)

| | |
|---|---|
| പ്രൊജക്റ്റ് നം. | SO140/19-20 |
| പേര് | ഡ്രൈവറിംഗ് പരിശീലനം (എസ്.സി) (വനിത) |
| അടങ്കൽ (എസ്.സി.പി.) | 1,59,375/- |
| മറ്റുള്ളവ | 53,125/- |
| ആകെ | 2,12,500/- |

നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണം.

പരിശീലനം നടത്തുന്ന ഗുണഭോക്താക്കൾക്ക് കുടുമ്പശ്രീ മുഖേനയും മറ്റ് രീതികളിലും ഗുണഭോക്തൃ വിഹിതം അടവാക്കുവാൻ അറിയിപ്പ് നൽകിയിട്ടും സമയബന്ധിതമായി അടവാക്കുവാൻ സാധ്യമാവാത്തതിനാൽ പദ്ധതി ഉപേക്ഷിക്കപ്പെട്ടു.

C)

| | |
|---|---|
| പ്രൊജക്റ്റ് നം. | SO287/19-20 |
| പേര് | സ്വയം തൊഴിൽ സംരംഭം (വനിത ഗ്രൂപ്പ്) |
| അടങ്കൽ (വികസന ഫണ്ട്, പൊതു വിഭാഗം) | 2,50,000/- |

നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണം.

കുടുമ്പശ്രീ മുഖേന അറിയിപ്പ് നൽകിയിട്ടും താൽപ്പര്യപ്പെട്ട് വനിതാ ഗ്രൂപ്പുകൾ വരാത്തതിനാൽ പദ്ധതി നിർവ്വഹണം സാധ്യമായില്ല.

D)

| | |
|---|---|
| പ്രൊജക്റ്റ് നം. | SO286/19-20 |
| പേര് | കിച്ചൻ ബിൻ |
| അടങ്കൽ (വികസന ഫണ്ട്) | 97,069/- |
| തനത് ഫണ്ട് | 347/- |
| മറ്റുള്ളവ | 10,824/- |
| ആകെ | 1,08,240/- |

പദ്ധതി നടപ്പാക്കാതിരുന്ന സാഹചര്യം

ഗുണഭോക്തൃ വഹിതം അടയ്ക്കുവാനുള്ള കാലതാമസം കാരണം പദ്ധതി തൻ വർഷം നടപ്പിലാക്കുവാൻ കഴിഞ്ഞില്ല. 2020-21 ൽ സ്പിലോവറിൽ ഉൾപ്പെടുത്തി പൂർണ്ണമായി ചെലവഴിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1) പദ്ധതി ആസൂത്രണ നടപടികൾ പ്രകാര പ്രാരംഭ ഘട്ടത്തിൽ തന്നെ ഗുണഭോക്താക്കളെ ഗ്രാമസഭയിലൂടെ തെരഞ്ഞെടുത്തതിന് ശേഷം പദ്ധതി നിർവ്വഹണം സുഗമമാക്കുന്നതിന് ഇവരുടെ പങ്കാളിത്തം ഉറപ്പ് വരുത്തേണ്ടതാണ്. ഗുണഭോക്തൃ വിഹിതം ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങളും സമയബന്ധിതമായി നിർവ്വഹിക്കേണ്ടതാണ്.

2) പദ്ധതി സമയബന്ധിതമായും, സുഗമമായും നടത്തുവാനുള്ള സാധ്യത വിലയിരുത്തുകയും പൂർത്തീകരണം വരെ ഘട്ടം, ഘട്ടമായി മോണിറ്ററിംഗിലൂടെ കാര്യക്ഷമത ഉറപ്പ് വരുത്തേണ്ടതുമാണ്.

3) പ്രാരംഭ ഘട്ടത്തിൽ തന്നെ നിർവ്വഹണത്തിന്റെ പ്രവർത്തന കലണ്ടർ തയ്യാറാക്കുകയും, ആയതിൻ പ്രകാരം ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കേണ്ടതുമാണ്.

4) പദ്ധതി നിർവ്വഹണം പൂർത്തിയാകുന്നത് വരെ ഉദ്ദേശലക്ഷ്യങ്ങൾ പൂർണ്ണമായി കൈവരിക്കപ്പെടുന്നുണ്ടെന്ന് വർക്കിംഗ് ഗ്രൂപ്പ് ഉറപ്പ് വരുത്തേണ്ടതാണ്.

ഭാവിയിൽ പദ്ധതികൾ ഉപേക്ഷിക്കപ്പെടുവാനുള്ള സാഹചര്യങ്ങൾ ഒഴിവാക്കുകയും ആയതിന് ഓഡിറ്റ് നിർദ്ദേശങ്ങൾ പ്രവർത്തികമാക്കുവാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-35 സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി - അവലോകനം

കേരളത്തിലെ എല്ലാവർക്കും സുരക്ഷിത ഭവനം എന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ രണ്ടാമത് ഘടകമാണ് വ്യക്തിഗത ഭവന നിർമ്മാണം.

LIFE മിഷന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അംഗീകാരം ലഭ്യമാക്കിയ ഗുണഭോക്തൃ പട്ടികയിലെ എല്ലാ ഭൂമിയുള്ള ഭവന രഹിതർക്കും ഭവന നിർമ്മാണത്തിന് ധനസഹായം നൽകുക എന്നതാണ് പ്രധാന ലക്ഷ്യം.

2016 മാർച്ച് 31 ന് മുമ്പ് ഏതെങ്കിലും തദ്ദേശസ്വയഭരണ സ്ഥാപനങ്ങളുടേയൊ, ഇതര വകുപ്പുകളിൽ നിന്നും കരാറിൽ ഏർപ്പെടുകയോ ചെയ്ത് ആനുകൂല്യം കൈപ്പറ്റി ഭവന നിർമ്മാണം ആരംഭിച്ച് പൂർത്തിയാക്കാത്തവരെയാണ് ഈ വിഭാഗത്തിൽ ഗുണഭോക്താക്കളായി പരിഗണിക്കുന്നത്.

സ.ഉ(എം.എസ്)നം.34/2018/തസ്വഭവ തിയതി 16-03-2018 പ്രകാരം ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്.

<u>ഗുണഭോക്തൃ നിർണ്ണയം</u>

ഭവനരഹിതരായ കുടുംബങ്ങളെ പട്ടികപ്പെടുത്തുമ്പോൾ ഇവർ അനുഭവിക്കുന്ന ക്ലേശഘടകങ്ങളുടെ തീവ്രതയനുസരിച്ച് റാങ്ക് ചെയ്ത് ക്രമപ്പെടുത്തി പഞ്ചായത്ത് തലത്തിൽ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. LIFE മിഷന്റെ കർമ്മ സമിതിയാണിത് തയ്യാറാക്കാണ്ടേത്.പ്രസ്തുത മാനദണ്ഡങ്ങൾക്കനുസൃതമായി തയ്യാറാക്കിയ പട്ടികയിലെ ഏതെങ്കിലും ഗുണഭോക്താവിന് ആനുകൂല്യത്തിന് അർഹതയില്ലായെന്ന് നിർവ്വഹണ ഉദ്യോഗസ്ഥന് ബോദ്ധ്യപ്പെടുന്ന പക്ഷം അവരെ ഒഴിവാക്കാവുന്നതാണ്. ഇത്തരത്തിൽ ഒഴിവാക്കിയവരുടെ കാരണം ഇവരെ ബോദ്ധ്യപ്പെടുത്തുകയും പ്രസ്തുത വിവരം ബന്ധപ്പെട്ട ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

<u>2018-19ലെ ഗ്രാമ പഞ്ചായത്തിൽ ലൈഫ് മിഷന്റെ രണ്ടാം ഘട്ടം</u> (സ്പിലോവർ)

<u>A) ലൈഫ് മിഷൻ ഭവന പദ്ധതി - 2018-19 ലെ സ്പിലോവർ</u>)

<u>ലൈഫ് മിഷൻ ഭവന പദ്ധതി - (SO268/19-20)-ജനറൽ</u>

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| ജില്ലാ പഞ്ചായത്ത് | 4,391/- | 4,391/- |
| മറ്റുള്ളവ | 4,02,37,175/- | 54,61,566/- |
| ആകെ | 4,02,41,566/- | 54,65,957/- |

B)<u>ലൈഫ് മിഷൻ ഭവന പദ്ധതി - (SO269/19-20)-എസ്.സി</u>

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| വികസന ഫണ്ട് (എസ്.സി.പി.) | 42,200/- | 42,200/- |
| ബ്ലോക്ക് പഞ്ചായത്ത് | 2,11,764/- | 2,11,764/- |
| മറ്റുള്ളവ | 3,50,6,036/- | Nil |
| ആകെ | 37,60,000/- | 2,53,964/- |

പ്രസ്തുത ഘട്ടത്തിന്റെ ഭാഗമായി നടത്തിയ സർവ്വെ പ്രകാരം 2018-19 ലെ ഭൂമിയുള്ള ഭവനരഹിതരായി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന്റെ വിശദവിവരങ്ങൾ:

| | |
|---|---|
| ജനറൽ | 117 |
| പട്ടിക ജാതി | 08 |
| പട്ടിക വർഗ്ഗം | - |
| ആകെ | 125 |

2018-19ൽ ഭാഗികമായി ഭവന നിർമ്മാണം പൂർത്തിയാക്കിയ ജനറൽ, എസ്.സി വിഭാഗത്തിലുള്ള ഗുണഭോക്താക്കൾക്ക് 2019-2020 ൽ സ്പിലോവറിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണം പൂർത്തിയാക്കിയതിന് ശേഷം തുക പൂർണ്ണമായി നൽകിയിട്ടുണ്ട്.

A) ലൈഫ് മിഷൻ ഭവന പദ്ധതി - (SO215/19-20)-ജനറൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| വികസന ഫണ്ട് (G) | 26,23,200 | 25,97,863 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 1,10,00,000 | 98,00,000 |
| ബ്ലോക്ക് പഞ്ചായത്ത് | 1,08,9,764 | 1,03,7,746 |
| ജില്ലാ പഞ്ചായത്ത് | 1,37,5,085 | 6,40,000 |
| മറ്റുള്ളവ | 2,79,11,951 | 21,80,000 |
| ആകെ | 4,40,00,000 | 1,62,55,609 |

B) പദ്ധതി - ലൈഫ് മിഷൻ ഭവന പദ്ധതി ( 219/19-20)-(പട്ടിക ജാതി)

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| വികസന ഫണ്ട്(എസ്.സി.പി) | 13,78,400 | 11,76,036 |
| ബ്ലോക്ക് പഞ്ചായത്ത് | 2,11,764 | Nil |
| മറ്റുള്ളവ | 1,60,9,836 | Nil |
| ആകെ | 32,00,000 | 11,76,036 |

2019-2020 ൽ തുടർന്ന വരുന്ന രണ്ടാം ഘട്ടത്തിന്റെ വിശദവിവരങ്ങൾ

പദ്ധതിക്കായി തെരഞ്ഞെടുത്ത ഗുണഭോക്താക്കൾ 183 പേരാണ്. ആയതിൽ അർഹത പരിഗണിക്കുന്നതിനായി ആവശ്യമായ രേഖകൾ സമർപ്പിക്കാത്ത 55 ഗുണഭോക്താക്കളെ ഒഴിവാക്കിയിട്ടുണ്ട്. (KLU, സ്വന്തമായി ഭവനം ഉള്ളവർ, മറ്റു വകുപ്പുകൾ മുഖേന സഹായം ലഭ്യമാക്കി ഭവനം നിർമ്മിച്ചവർ ). കരാർ ചമച്ച, അനർഹരായ 6 ഗുണഭോക്താക്കൾക്ക് നല്കിയ ധനസഹായം തിരികെ ഈടാക്കുവാൻ R/R നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഗുണഭോക്താക്കളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു :

ജനറൽ വിഭാഗം

1) മീനാക്ഷി ആണ്ടിമഠം, കടക്കാംകുണം.

2) മഹേശ്വരി.എം. വിശ്വനാഥനഗർ ആണ്ടിമഠം.

3) ഗീത കെ.നടക്കാവ്, അകത്തേതറ.

4) ശെൽവൻ.ആർ.വിശ്വനാഥൻ, ആണ്ടിമഠം.

5) ദൈവാന, വിശ്വനാഥ നഗർ, ആണ്ടിമഠം.

6) ചന്ദ്രിക.കെ. വിശ്വനാഥ നഗർ, ആണ്ടിമഠം.

അർഹതയുള്ള മറ്റ് ഗുണഭോക്താക്കളുടെ വിശദവിവരങ്ങൾ :

കരാർ ചമച്ച ജനറൽ ഗുണഭോക്താക്കൾ - 120

കരാർ ചമച്ച എസ്.സി ഗുണഭോക്താക്കൾ - 08

പണി പൂർത്തിയാക്കിയ ജനറൽ ഗുണഭോക്താക്കൾ - 118

പണി പൂർത്തിയാക്കിയ എസ്.സി ഗുണഭോക്താക്കൾ - 08

നിലവിലെ സ്റ്റേജ് റിപ്പോർട്ട്.

| വിഭാഗം | നിർമ്മാണം ആരംഭിക്കാത്തവർ | നിർമ്മാണം പൂർത്തിയാക്കിയവർ | ആകെ |
|---|---|---|---|
| ജനറൽ | 02 | 118 | 120 |
| എസ്.സി. | - | 08 | 08 |
| ആകെ | 02 | 126 | 128 |

കരാർ ചമച്ച് പണി ആരംഭിക്കാത്ത 2 ഗുണഭോക്താക്കളാണ് ഉള്ളത്.

1) സുമതി.ആർ., ലക്ഷം വീട് കോളനി, ചേറിട് അകത്തേതറ.

2) ഫാത്തിമത്ത് സുഹറ, W/O മുഹമ്മദ്ദ് ഹനീഫ, നീലിക്കാട് ഒലവക്കോട്.

ഹഡ്കോ ലോൺ ലഭ്യമായതിന്റേയും ചെലവിന്റേയും വിവരം

2019-2020 ൽ രൂപ ഹഡ്കോയിൽ നിന്നും KURDFC മുഖേന വായ്പ ലഭ്യമായിട്ടുണ്ട്. പ്രസ്തുത വായ്പ ഒലവക്കോട്ടിലെ SBI യിൽ ആരംഭിച്ചിട്ടുള്ള 38071446687 എന്ന അക്കൗണ്ടിലാണ് നിക്ഷേപിച്ച് വരുന്നത്. ഗഡുക്കളായി ഗുണഭോക്താക്കൾക്ക് തുക നൽകേണ്ടി വരുന്ന സാഹചര്യത്തിൽ V.E.O നല്കി വരുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ പ്രസ്തുത അക്കൗണ്ടിൽ നിന്നും തുക കൈമാറുകയാണ് ചെയ്തു വരുന്നത്. വിശദവിവരങ്ങൾ :

| വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|
| 7,70,1,566/- | 76,41,566/- | 60,000/- |

സംസ്ഥാന വിഹിതം ലഭ്യമായതിന്റേയും ചെലവിന്റേയും വിവരം

| വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|
| 10,2,00,000/- | 98,00,000/- | 4,00,000/- |

മോണിട്ടറിംഗ്

ലൈഫ് മിഷൻ മൊബൈൽ അപ്ലിക്കേഷനിലൂടെ ജിയോ ടാഗിംഗ് ചെയ്ത് മോണിട്ടറിംഗ് നടത്തി വരുന്നുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1) മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്

A) ഭവന നിർമ്മാണത്തിന്റെ ആരംഭം മുതൽ മൊബൈൽ അപ്ലിക്കേഷനിലൂടെ ജിയോ ടാഗിംഗ് നടത്തി, അന്തിമ ഗഡു നൽകുമ്പോഴും ഗുണഭോക്താവിനെ വീടിന് മുമ്പിൽ നിർത്തി മൊബൈലിലൂടെ ഫോട്ടോകൾ എടുത്ത് പ്രസ്തുത ടാഗിംഗ് നടത്തേണ്ടതാണ്.
മേൽ പ്രതിപാദിച്ച രീതിയിലുള്ള മോണിറ്ററിംഗ് ഘടകങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്.

2) LIFE പദ്ധതിയുടെ മാർഗ്ഗ രേഖയനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതിയുടെ മാർഗ്ഗരേഖയ്ക്കനുസരിച്ചും, കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിലും പദ്ധതിയുടെ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

തുടർ നടപടികൾ സ്വീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-36 മഴക്കാല പൂർവ്വ ശുചീകരണം - ചെലവ് രേഖകൾ ഹാജരാക്കേണ്ടതാണ്

മഴക്കാലപൂർവ്വ ശുചീകരണത്തിനായി വാർഡ് ഒന്നിന് 15000/- രൂപ നിരക്കിൽ 17 വാർഡുകൾക്കായി തനത് ഫണ്ടിൽ നിന്നും 255000/- രൂപ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) ക്ക് കൈമാറിയിട്ടുണ്ട് (ചെക്ക് നം. ACB-01003015/14.06.2019). പ്രസ്തുത തുകയുടെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഹാജരാക്കിയില്ല. (23.06.2021 ന് അന്വേഷണ നം.26).

ഓഡിറ്റിന് ഹാജരാക്കാത്ത ചെലവിന വൗച്ചറുകളുടെ വിശദവിവരങ്ങൾ :

| വാർഡ് നം. | അക്കൗണ്ട് നം. | തുക |
|---|---|---|
| 01 | 30405558576 | 15,000 |
| 03 | 30404447469 | 15,000 |

| | | |
|---|---|---|
| 04 | 30405559080 | 15,000 |
| 05 | 30403330722 | 15,000 |
| 06 | 30404658152 | 15,000 |
| 09 | 30404737511 | 15,000 |
| 10 | 30404785395 | 15,000 |
| 11 | 30404445008 | 15,000 |
| 13 | 30403390181 | 15,000 |
| 14 | 30403237600 | 15,000 |
| 15 | 30406092159 | 15,000 |
| 16 | 30414296289 | 15,000 |
| 17 | 31781600247 | 15,000 |
| | ആകെ | 1,95,000/- |

ഓഡിറ്റ് നിർദ്ദേശം

മഴക്കാലപൂർവ്വ ശുചീകരണത്തിനായി നിർവ്വഹിച്ച മേൽ സൂചിത ചെലവ് രേഖകൾ ഹാജരാക്കുന്നതു വരെ 1,95,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-37 സാക്ഷരത പദ്ധതി – പദ്ധതി ലക്ഷ്യത്തിൽ ഉൾപ്പെടാത്ത ഇനങ്ങൾക്കുവേണ്ടിയുള്ള ചെലവ് നിരാകരിക്കുന്നു

പ്രൊജക്റ്റ് നം. 61, സാക്ഷരത (4 -ാം തരം, 7 -ാം തരം തുല്യത)

അടങ്കൽ - 50000/- രൂപ

ഫണ്ട് - തനത് ഫണ്ട്

ചെലവ് - 50000/- രൂപ (ചെക്ക് നം. 2616659/25.02.2020)

നിർവഹണോദ്യോഗസ്ഥ – എച്ച്.എം.

സാക്ഷരതാ (4 -ാം തരം, 7 -ാം തരം തുല്യത) പഠിതാകൾക്ക് സാക്ഷരതാ പഠനം ഉറപ്പുവരുത്തുന്നതിന് പരിശീലനവും പരീക്ഷാ ഫീസും പഠനോപകരണങ്ങളും നൽകുയാണ് പദ്ധതി ലക്ഷ്യം. എന്നാൽ പദ്ധതി ലക്ഷ്യത്തിൽ ഉൾപ്പെടാത്ത ഇനങ്ങളിലെ ചെലവുകൾക്ക് തുക അനുവദിച്ചതായി കാണുന്നു.

എ) തുല്യതാ പരീക്ഷകൾ നടന്ന ദിവസങ്ങളിൽ പരീക്ഷ എഴുതിയ പഠിതാകൾ, ഇൻസ്ട്രക്ടർമാർ, പ്രേരക് എന്നിവർക്ക് ചായ, ലഘു ഭക്ഷണം, ഉച്ച ഭക്ഷണം നൽകിയ ഇനത്തിൽ ശാസ്ത വനിതാ കുടുംബശ്രീയ്ക്ക് നൽകിയ തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പരീക്ഷയുടെ പേര് | പരീക്ഷ നടന്ന തീയതി | ചായ, ലഘു ഭക്ഷണം, ഉച്ച ഭക്ഷണം നൽകിയ ഇനത്തിലെ ചെലവ് |
|---|---|---|---|
| 1 | 4 -ാം തരം തുല്യതാ പരീക്ഷ | 17.11.2019 | 3360/- രൂപ |
| 2 | 7 -ാം തരം തുല്യതാ പരീക്ഷ | 16.11.2019, 17.11.2019 | 7350/- രൂപ |
| 3 | മികവുത്സവം പരീക്ഷ | 05.01.2020 | 600/- രൂപ |
| ആകെ | | | 11310/- രൂപ |

ബി) ചെയറുകൾ, പെടസ്റ്റിയൽ ഫാനുകൾ എന്നിവ വാങ്ങിയ വകയിലെ ചെലവുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം./ തീയതി | തുക (രൂപ) | റിമാർക്കസ് |
|---|---|---|---|
| 1 | 1423/28.12.2019 | 3570/- | ചോയ്സ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും പെഡസ്റ്റിയൽ ഫാൻ വാങ്ങിയതിന്റെ ചെലവ് |
| 2 | 1424/28.12.2019 | 3570/- | ചോയ്സ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും പെഡസ്റ്റിയൽ ഫാൻ വാങ്ങിയതിന്റെ ചെലവ് |
| 3 | 24/10.01.2020 | 4000/- | മയൂര ട്രേഡേഴ്സ് & കമ്മ്യൂണിക്കേഷൻ എന്ന സ്ഥാപനത്തിൽ നിന്നും 10 ചെയറുകൾ വാങ്ങിയതിന്റെ ചെലവ് |
| ആകെ | | 11140/- | |

പദ്ധതി ലക്ഷ്യത്തിൽ ഉൾപ്പെടാത്ത മേൽ ഇനങ്ങളിലെ ചെലവുകൾക്ക് തുക അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 33/24.06.2021) പഠിതാക്കളെല്ലാം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന എസ്.സി. കുട്ടികളായതിനാലാണ് മേൽ ചെലവുകൾ നടത്തിയത് എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്.

പദ്ധതി ലക്ഷ്യത്തിൽ ഉൾപ്പെടാത്ത മേൽ ഇനങ്ങളിലെ ചെലവുകൾക്ക് തുക അനുവദിച്ചതിന് നൽകിയ പ്രസ്തുത മറുപടി പരിഗണിക്കാവുന്നതല്ല. ആയതിനാൽ പദ്ധതി ലക്ഷ്യത്തിൽ ഉൾപ്പെടാത്ത മേൽ ഇനങ്ങൾക്കുവേണ്ടിയുള്ള 22450/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

ഓഡിറ്റ് നിർദ്ദേശം

1. പദ്ധതി ലക്ഷ്യത്തിൽ ഉൾപ്പെടാത്ത ഇനങ്ങളിലെ ചെലവുകൾക്ക് തുക അനുവദികാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. പദ്ധതി ലക്ഷ്യത്തിൽ ഉൾപ്പെടാത്ത മേൽ ഇനങ്ങളിലെ ചെലവുകൾക്ക് അനുവദിച്ച 22450/- രൂപ നിർവഹണോദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.

3. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ വാങ്ങിയ ചെയറുകൾ, പെഡസ്റ്റിയൽ ഫാനുകൾ എന്നിവ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതായി കാണുന്നില്ല. ആയത് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് നൽകേണ്ടതാണ്.

## 1-38 സാക്ഷരതാ കേന്ദ്രങ്ങൾക്ക് കമ്പ്യൂട്ടർ, പ്രിന്റർ - അധികം അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണ്

പ്രൊജക്ട് നം. 203, സാക്ഷരതാ കേന്ദ്രങ്ങൾക്ക് കമ്പ്യൂട്ടർ, പ്രിന്റർ (സ്പിൽ ഓവർ)
അടങ്കൽ - 50000/- രൂപ
ഫണ്ട് - മെയിന്റനൻസ് ഫണ്ട് (റോഡിതരം)
ചെലവ് - 42573/- രൂപ (ബിൽ നം. 12/19-20/30.12.2019)
നിർവഹണോദ്യോഗസ്ഥ – എച്ച്.എം.

സാക്ഷരതാ കേന്ദ്രങ്ങളുടെ സേവനം മെച്ചപ്പെടുത്തുന്നതിനായി കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങി നൽകുകയാണ് പദ്ധതി ലക്ഷ്യം.

കെൽട്രോണിന്റെ പ്രൊഫോർമ ഇൻവോയ്സ് (നം. TVM/ITBG/PI/RC/12648/19-20/19.12.2019) പ്രകാരമുള്ള 42573/- രൂപ കേരള ഐ.ടി മിഷന്റെ അക്കൗണ്ടിലേക്ക് (നം. 79901140003959) 30.12.2019 ലെ ബിൽ നം. 12/19-20 പ്രകാരം ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. പ്രൊഫോർമ ഇൻവോയ്സ് പ്രകാരം ലാപ്ടോപിന് 27722/- രൂപയും പ്രിന്ററിന് 14851/- രൂപയുമാണ് വില. എന്നാൽ

ഇൻവോയ്സ് നം. J9PMD85592/11.10.2020 (തുക – 14160/- രൂപ) പ്രകാരം ലഭിച്ചിട്ടുള്ള പ്രിന്റർ മാത്രമാണ് സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തിരിക്കുന്നത്.

രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ) സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള ലാപ്ടോപ് നാളിതു വരെ ലഭിച്ചതായി കാണുന്നില്ല.

ബി) ഇൻവോയ്സ് നം. J9PMD85592/11.10.2020 (തുക – 14160/- രൂപ) പ്രകാരം ലഭിച്ചിട്ടുള്ള പ്രിന്ററിന്റെ വില പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള പ്രിന്ററിന്റെ വിലയെക്കാൾ കുറവാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 37/24.06.2021) കമ്പ്യൂട്ടർ സാക്ഷരതാ കേന്ദ്രത്തിന് കൈമാറിയിട്ടുണ്ടെന്നും അധികമായി അനുവദിച്ച 691/- രൂപ തിരികെ ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശം</u>

1. സാക്ഷരതാ കേന്ദ്രത്തിന് കൈമാറിയിട്ടുള്ള ലാപ്ടോപ്/കമ്പ്യൂട്ടർ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ, ആയതിന്റെ ഒറിജിനൽ ഇൻവോയ്സ് എന്നിവ പരിശോധനയ്ക്ക് നൽകേണ്ടതാണ്.

2. ഇൻവോയ്സ് നം. J9PMD85592/11.10.2020 (തുക – 14160/- രൂപ) പ്രകാരം ലഭിച്ചിട്ടുള്ള പ്രിന്ററിന്റെ വില പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള പ്രിന്ററിന്റെ വിലയെക്കാൾ കുറവാണ്. ആയതിനാൽ കൂടുതൽ അനുവദിച്ച 691/- രൂപ (14851 – 14160) തിരികെ ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## <u>1-39 വിജയശ്രീ പദ്ധതി - ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ വരാത്ത പദ്ധതികൾ ഏറ്റെടുത്ത് നടത്താതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്</u>

പ്രൊജക്ട് നം. 1, വിജയശ്രീ പദ്ധതിയുമായി ചേർന്ന് പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന്

അടങ്കൽ - 100000/- രൂപ

ഫണ്ട് - വികസന ഫണ്ട് (പൊതു വിഭാഗം)

ചെലവ് - 62560/- രൂപ (ബിൽ നം. 10/19-20/30.12.2019)

നിർവഹണോദ്യോഗസ്ഥ – എച്ച്.എം.

പത്താം ക്ലാസ് പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. വൈകുന്നേരങ്ങളിലും അധിക സമയങ്ങളിലും കുട്ടികൾക്ക് അധ്യാപകർ ക്ലാസ് നൽകുന്നതിനോടൊപ്പം ഭക്ഷണവും നൽകുന്നതിനുമാണ് ഈ പദ്ധതി.

വിജയശ്രീ പദ്ധതി ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തു നടത്തുന്ന പദ്ധതിയാണ്. മാത്രമല്ല 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ മൂന്നാം പട്ടിക പ്രകാരം സർക്കാർ പ്രീ-പ്രൈമറി, പ്രൈമറി സ്കൂളുകളുടെ നടത്തിപ്പ് ചുമതലയാണ് ഗ്രാമപഞ്ചായത്തിനുള്ളത്. ആയതിനാൽ വിജയശ്രീ പദ്ധതിയുടെ ഇരട്ടിപ്പ് ഒഴിവാക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ വരാത്ത ഇത്തരം പദ്ധതികൾ ഭാവിയിൽ ഏറ്റെടുത്ത് നടത്താതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 39/24.06.2021)

## <u>1-40 എസ് എസ് എ വിഹിതം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്</u>

എസ്.എസ്.കെ ജില്ലാ പ്രൊജക്ട് ഓഫീസർക്ക് (അക്കൗണ്ട് നം. 0812101070730) എസ്.എസ്.എ വിഹിതം നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നം., പേര് | അടങ്കൽ, ഫണ്ടിനം | ബിൽ നം., തീയതി | ബിൽ തുക |
|---|---|---|---|

| | | | |
|---|---|---|---|
| 24, എസ് എസ് എ വിഹിതം | 387600/- രൂപ, വികസന ഫണ്ട് (പൊതു വിഭാഗം) | 02/19-20, 06.08.2019 | 387600/- രൂപ |
| 28, എസ് എസ് എ വിഹിതം (എസ്.സി.പി) | 375000/- രൂപ, വികസന ഫണ്ട് (എസ്.സി.പി) | 01/19-20, 06.08.2019 | 375000/- രൂപ |
| 30, എസ് എസ് എ വിഹിതം (ടി.എസ്.പി) | 50000/- രൂപ, വികസന ഫണ്ട് (ടി.എസ്.പി) | 03/19-20, 06.08.2019 | 50000/- രൂപ |

29.01.2018 ലെ സ.ഉ.(കൈ)നം.11/2018ത.സ്വ.ഭ.വ പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.6.3 ൽ ഗ്രാമപഞ്ചായത്തുകൾ സർക്കാർ നിശ്ചയിക്കുന്ന തുക എസ്.എസ്.എ. പ്രോജക്ടുകൾക്ക് വകയിരുത്തണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. മാത്രമല്ല ഈ പ്രോജക്ടുകളുടെ വിശദാംശം തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനം അതിന്റെ പങ്ക് വഹിക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട്, പഞ്ചായത്ത് പരിധിയിൽ തുക ചെലവഴിച്ച സ്കൂളുകൾ, ചെലവിന്റെ മറ്റ് വിശദാംശങ്ങൾ എന്നിവ അടങ്ങിയ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 23/23.06.2021) രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

വിനിയോഗ രേഖകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-41 വെറ്ററിനറി സർജ്ജൻ നിർവ്വഹണം നടത്തിയ പദ്ധതികൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രൊജക്ടുകളുടെ വിനിയോഗസാക്ഷ്യ പത്രം ലഭ്യമാക്കേണ്ടതാണ്

1) കന്നുകുട്ടി പരിപാലനം (വനിത)

നിർവ്വഹണ ഉദ്യോഗസ്ഥ - വെറ്ററിനറി സർജൻ

പ്രൊജക്ട് നം. – 3/20

അടങ്കൽ - വികസനഫണ്ട് (പൊതുവിഭാഗം സാധാരണ വിഹിതം ) – 156250 രൂപ

ഗുണഭോക്തൃ വിഹിതം (നേരിട്ട് ചെലവഴിക്കുന്നത് ) – 312500 രൂപ

സംസ്ഥാനാവിഷ്കൃത ഫണ്ട് – 156250 രൂപ

ആകെ – 625000 രൂപ

ചെലവ് – 312500 രൂപ

ട്രഷറി ബിൽ നം. – 1 GP3/19-20 തിയതി - 25-9-2019

പദ്ധതി നടപ്പാക്കുന്നതിനായി വെറ്ററിനറി സർജൻ 156250/- രൂപ 30-09-2019 തിയതിയിൽ അസി. ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, പാലക്കാട് ന്റെ STSB അക്കൗണ്ടിലേക്ക് (A/C. No.714021400000008) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പദ്ധതി പൂർത്തികരിച്ചതിന്റെ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

2. എ.ബി.സി. പ്രോഗ്രാം-ജില്ലാ പഞ്ചായത്തിൽ നിന്ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

പ്രൊജക്റ്റിന്റെ പേര്- എ.ബി.സി. പ്രോഗ്രാം

നിർവ്വഹണ ഉദ്യോഗസ്ഥ - വെറ്ററിനറി സർജൻ

പ്രൊജക്ട് നം - 9/20

അടങ്കൽ - വികസനഫണ്ട് (പൊതുവിഭാഗം സാധാരണ വിഹിതം ) - 48150 രൂപ

തനത് ഫണ്ട് - 301850 രൂപ

ആകെ-350000 രൂപ

ചെലവ് - 350000 രൂപ

ബിൽ നം - 4 GP9/20 – 48150 രൂപ – തിയതി - 14/10/19

ചെക്ക് നം. 6214810- 301850 രൂപ

എ.ബി.സി പദ്ധതിക്കായി സാമ്പത്തിക വർഷം 350000/- രൂപ ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് 16.10.19 നകം ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. (അക്കൗണ്ട് നം - 799011400002200, ജില്ലാ ട്രഷറി, പാലക്കാട്). ആയതിന്റെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം -28, തിയതി-23-6-2021)

## 1-42 പ്രൊജക്റ്റുകൾ സമയബന്ധിതമായി ഏറ്റെടുത്ത് പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി മൂന്ന് പ്രൊജക്റ്റുകളാണ് തൻവർഷം നടപ്പിലാക്കാനായി ഏറ്റെടുത്തിട്ടുള്ളത്. ഇതിൽ താഴെക്കൊടുത്തിരിക്കുന്ന രണ്ടു പ്രൊജക്റ്റുകൾക്ക് ബിൽ സമർപ്പിച്ചിരിക്കുന്നത് 27/3/2020 തിയതിയിലാണ് .

1. പ്രൊജക്റ്റിന്റെ പേര് - ക്ഷീരകർഷകർക്ക് പാൽ ഇൻസന്റീവ്

അടങ്കൽ - 388000 രൂപ

(വികസനഫണ്ട് -300000 രൂപ, ജില്ലാ പഞ്ചായത്ത് -88000 രൂപ)

2. പ്രൊജക്റ്റിന്റെ പേര് - എസ്.സി ക്ഷീരകർഷകർക് പാൽ ഇൻസന്റീവ്

അടങ്കൽ - 100000 രൂപ

(എസ്.സി -100000 രൂപ)

മേൽ സൂചിപ്പിച്ച രണ്ടു പ്രൊജക്റ്റുകളുടെയും ബിൽ 27/3/2020 തിയതിയിലാണ് സമർപ്പിച്ചിരിക്കുന്നത്. തൻ വർഷം നടപ്പിലാക്കേണ്ട പ്രൊജക്റ്റുകളുടെ ബിൽ സമർപ്പിക്കാനുണ്ടായ കാലതാമസത്തിന്റെ കാരണം വിശദമാക്കുന്നതിനു നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം. 7, തിയതി-21-6-2021), ടി പദ്ധതികളുടെ റിക്വിസിഷൻ ഡിസംബർ 2020 ൽ സമർപ്പിച്ചതാണെന്നും പഞ്ചായത്തിൽനിന്ന് ഫണ്ട് ലഭ്യമല്ലാത്തിരുന്നതിനാലാണ് നിർവ്വഹിക്കാൻ സാധിക്കാതിരുന്നത് എന്നുമാണ് നിർവ്വഹണോദ്യോഗസ്ഥ മറുപടിയായി അറിയിച്ചിട്ടുള്ളത്.

പ്രൊജക്റ്റുകൾ ഏറ്റെടുത്ത് ഫണ്ട് ലഭ്യത ഉറപ്പു വരുത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-43 ക്ഷീരസഹകരണസംഘങ്ങൾക്ക് പാൽ ശീതികരണികൾ വാങ്ങൽ പ്രൊജക്റ്റ് - രേഖകൾ ഹാജരാക്കിയില്ല

പ്രൊജക്റ്റിന്റെ പേര് - ക്ഷീരസഹകരണസംഘങ്ങൾക്ക് പാൽ ശീതീകരണികൾ വാങ്ങൽ

നിർവ്വഹണോദ്യാഗസ്ഥ - ഡയറി എക്സ്റ്റൻഷൻ ഓഫീസർ

പ്രൊജക്റ്റ് നം. – SO173/20

ആകെ അടങ്കൽ - 200000രൂപ {വികസനഫണ്ട് (പൊതുവിഭാഗം സാധാരണവിഹിതം) - 100000രൂപ , ഗുണഭോക്തൃവിഹിതം (നേരിട്ട് ചെലവഴിക്കുന്നത്- 100000 രൂപ)}

ചെലവ്- 100000 രൂപ, ബിൽ നം.1, തിയതി -19-11-19

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യാഗസ്ഥയായി, അകത്തേത്തറ ക്ഷീരസഹകരണസംഘത്തിന് 'ക്ഷീരസഹകരണസംഘങ്ങൾക്ക് പാൽ ശീതീകരണികൾ വാങ്ങൽ' എന്ന പ്രൊജക്റ്റ് പ്രകാരം പാൽ ശീതീകരണി വാങ്ങിയതിന് 100000 രൂപ സബ്സിഡിയായി നല്കിയിട്ടുണ്ട്.

ജ്യോതി കൂൾ മേക്കേഴ്സ്, വേലൂർ(പി.ഒ), നാമക്കൽ ജില്ല എന്ന സ്ഥാപനത്തിൽനിന്നാണ് പാൽ ശീതികരണി വാങ്ങിച്ചിരിക്കുന്നത്. ആയതിന്റെ ഒരു ബിൽ നിർവ്വഹണോദ്യാഗസ്ഥ ഹാജരാക്കിയിട്ടുണ്ട്.

ക്ഷീരസംഘങ്ങൾക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ 6.11 പ്രകാരം പാൽ ശീതികരണികൾ വാങ്ങുന്നതിന് വിലയുടെ 50% സബ്സിഡിയായി അനുവദിക്കാവുന്നതാണ്. പരമാവധി സബ്സിഡി തുക 3 ലക്ഷം രൂപയാണ്. തൻവർഷം പ്രതിദിനം ശരാശരി 300 ലിറ്റർ പാൽ കൈകാര്യം ചെയ്യുന്ന സംഘങ്ങൾക്കാണ് അർഹതാ മുൻഗണനയുള്ളത്.

എന്നാൽ ഈ പ്രൊജക്റ്റ് നടപ്പിലാക്കുന്നതിന് സഹകരണസംഘത്തിനെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമല്ല. സംഘത്തിന്റെ അർഹത തെളിയിക്കുന്നതിന്റെ രേഖകളോ, സഹകരണ സംഘത്തിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന്റെ രേഖകളോ ഹാജരാക്കിയിട്ടില്ല. അർഹതാ മാനദണ്ഡമായി പ്രൊജക്റ്റ് അടങ്കലിൽ സംഘം വിഹിതം എത്രയെന്നും ടി തുകയുള്ള ഭരണ സമിതിയുടെ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതാണ് എന്നിരിക്കെ ടി രേഖകൾ ഒന്നും ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല. ഭരണസമിതി തീരുമാനവും ഉൾപ്പെടുത്തിയിട്ടില്ല.

പാൽ ശീതികരണി സഹകരണ സംഘത്തിൽ സ്ഥാപിച്ചതിന്റെ രേഖകളും ഈ പ്രൊജക്റ്റിന്റെ മോണിറ്ററിംഗ് സമിതി റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല.
മേൽ വിവരങ്ങൾ സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് അന്വേഷണ(നം.7,21-6-2021)ത്തിന് മറുപടിയായി പഞ്ചായത്തിലെ ഏക ക്ഷീര സഹകരണസംഘമാണ് അകത്തേത്തറ പാൽ സൊസൈറ്റി എന്നും അതിനാൽ മറ്റ് ക്ഷീര സഹകരണസംഘങ്ങൾക്ക് സബ്സിഡി നല്കിയിട്ടില്ല എന്നുമാണ് മറുപടിയായി നിർവ്വഹണോദ്യാഗസ്ഥ അറിയിച്ചിട്ടുള്ളത്.
മേൽ പ്രസ്താവിച്ച രേഖകൾ ഹാജരാക്കുന്നതുവരെ 100000 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

### 1-44 അങ്കണവാടികളുടെ പ്രവർത്തനം-അവലോകനം

അകത്തേത്തറ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 26 അങ്കണവാടികൾ പ്രവർത്തിച്ച് വരുന്നു. 2019-20 സാമ്പത്തിക വർഷത്തെ സാമൂഹ്യക്ഷേമ വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് പരിശോധിച്ചതിൽ നിന്നും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തതായി കാണുന്നു:

1) അങ്കണവാടികളിൽ ആവശ്യമായ ഫർണീച്ചർ ലഭ്യമാക്കുക.

2) ആവശ്യമുള്ള സെന്ററുകളിൽ അറ്റകുറ്റപ്പണികൾ നടത്തുക

3) ആവശ്യാനുസരണം അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.

4) സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലവും, കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടവും ലഭ്യമാക്കുക.

സ്ത്രീകളുടേയും, കുട്ടികളുടേയും വികസനം കമ്മിറ്റി മിനിട്സ് പ്രകാരം താഴെ പറയുന്ന തീരുമാനങ്ങളും എടുത്തിട്ടുണ്ട് :

1) സ്ഥലം ഇല്ലാത്ത അങ്കണവാടികൾക്ക് സ്ഥലവും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടവും അനുവദിക്കുക.

2) ഫാൻ സൗകര്യമില്ലാത്ത വൈദ്യുതി കണക്ഷനുള്ളവർക്ക് പെഡസ്റ്റൽ ഫാൻ സ്ഥാപിച്ച് നൽകുക.

3) മഴവെള്ള സംഭരണികളിൽ വെള്ളം ശേഖരിക്കുവാനുള്ള സൗകര്യം ഒരിക്കുക.

4) വാഷ് ബേസിൻ, കുടിവെള്ളം, വൈദ്യുതി കണക്ഷൻ, ചുറ്റു മതിൽ, സ്റ്റെയർ കേസ്, എന്നിവയില്ലാത്ത അങ്കണവാടികൾക്ക് ആയതിനുള്ള സംവിധാനം ഒരുക്കുക.

മേൽ സൂചിത തീരുമാനങ്ങൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും അങ്കണവാടികൾക്ക് താഴെ പറയുന്ന അടിസ്ഥാന സൗകര്യങ്ങൾ ഇനിയും ലഭ്യമാക്കേണ്ടതുണ്ട്.

| നം. | അടിസ്ഥാന വിവരങ്ങൾ | വിശദാംശങ്ങൾ |
|---|---|---|
| 1 | അങ്കണവാടികളുടെ എണ്ണം | 26 |
| 2 | സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 16 |
| 3 | വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ എണ്ണം<br>വാടക ഇല്ലാത പ്രവർത്തിക്കുന്ന അങ്കണവാടികളുടെ എണ്ണം | 09<br>01 |
| 4 | സ്വന്തമായി കെട്ടിടമില്ലാത്ത സെന്ററുകളുടെ എണ്ണം<br>ഇതിൽ നിലവിൽ സ്ഥലം ലഭ്യമായവ<br>സ്ഥലം ലഭ്യമാകാത്തത് | 10<br>05<br>05 |
| 5 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്ത സെന്ററുകളുടെ എണ്ണം | 0 |
| 6 | ഗ്യാസ് കണക്ഷൻ ഇല്ലാത്തവയുടെ എണ്ണം | 0 |
| 7 | വൈദ്യുതി ഇല്ലാത്ത സ്വന്തം കെട്ടിടങ്ങൾ | 01 |
| 8 | ബേബി ഫ്രണ്ട്‌ലി ടോയ്‌ലെറ്റ് ഇല്ലാത്തവ | 26 |
| 9 | ശുദ്ധജല സംഭരണികൾ ഇല്ലാത്തവ | 0 |
| 10 | ചുറ്റ് മതിൽ ഇല്ലാത്തവ | 01 |
| 11 | കമ്പ്യൂട്ടർ ലഭിച്ചിട്ടുള്ള അങ്കണവാടികളുടെ എണ്ണം | 1 |
| 12 | ധാന്യ സംഭരണികൾ ഇല്ലാത്തവ | 0 |

ഓഡിറ്റ് നിർദ്ദേശങ്ങൾ

സർക്കുലർ നം. 31055/ഡി.സി.2/2011/ത.സ്വ.ഭ.വ 22/3/11 പ്രകാരം അങ്കണവാടികളുടെ അറ്റകുറ്റപണികൾ നടത്തുവാനും, സുരക്ഷിതത്വ സംവിധാനങ്ങൾ ഏർപ്പെടുത്തുവാനും പഞ്ചായത്ത് സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് സർക്കാർ താഴെപറയും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് :

1. പഞ്ചായത്തിന്റെ അധീനതയിലുള്ള അങ്കണവാടികളുടെ വാർഷിക അറ്റകുറ്റപണികൾ എല്ലാ വർഷവും ഏപ്രിൽ, മെയ് മാസങ്ങളിലായി പൂർത്തിയാക്കേണ്ടതാണ്.

2. വൈറ്റ് വാഷിംഗ്, പെയിന്റിംഗ്, ചുറ്റുമതിൽ എന്നിവയുടെ കേടുപാടുകൾ തീർത്ത് പെയിന്റിംഗ് നടത്തി ആവശ്യമായ സന്ദേശങ്ങൾ എഴുതേണ്ടതാണ്.

3. ഭൗതിക സൗകര്യങ്ങൾ ലഭ്യമായ സുരക്ഷിതത്വമുള്ള കെട്ടിടങ്ങൾ മാത്രമെ അങ്കണവാടികൾക്കായി വാടകയ്ക്കെടുക്കുവാൻ അനുവാദമുള്ളൂ.

4. വൈദ്യുത കണക്ഷൻ, ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ്, ഫാൻ തുടങ്ങിയ സൌകര്യങ്ങൾ ലഭ്യമാക്കുവാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, ICDS സൂപ്പർവൈസർ എന്നിവരെ ഉൾപ്പെടുത്തി പഞ്ചായത്തിലെ അങ്കണവാടികളുടെ അവസ്ഥാവിശകലനം നടത്തേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ഭൗതിക

സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

**1-45 ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ പദ്ധതി ഉപേക്ഷിച്ചത്- പദ്ധതി രൂപീകരണത്തിലെ അപാകങ്ങൾ ഒഴിവാക്കണം**

2019-20 വർഷത്തിൽ കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി അംഗീകാരം ലഭിച്ച 138/20- കൂൺ കൃഷി എന്ന പ്രോജക്റ്റ് ഗുണഭോക്താക്കൾ ഇല്ല എന്ന കാരണത്താൽ ഉപേക്ഷിക്കുകയാണുണ്ടായത്.

236250 രൂപയുടെ പദ്ധതി വിഹിതം ഉൾപ്പെടെ 472500 രൂപ അടങ്കലോടെയാണ് പദ്ധതിക്ക് അംഗീകാരം ലഭിച്ചത്. ഈ പദ്ധതി 2020-21 വർഷത്തിൽ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുമില്ല. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന പ്രക്രിയ പൂർത്തിയാക്കാതെ ഏകദേശം എണ്ണം ഉൾപ്പെടുത്തി തുക വകയിരുത്തി പദ്ധതിക്ക് അംഗീകാരം വാങ്ങുന്നത് ശരിയായ രീതിയല്ല. പദ്ധതി രൂപീകരണ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

**1-46 ജൈവവളം വില്പന-ബദൽ സംവിധാനം കണ്ടെത്തണം**

ഖരമാലിന്യ പ്ലാന്റിൽ നിന്നുള്ള ജൈവവളം വില്പന നടത്തിയ ഇനത്തിൽ കൃഷി ഓഫീസർ ഓഡിറ്റ് വർഷം 21650 രൂപ രസീത് മുഖേന പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്.

വളത്തിന്റെ ഉല്പാദനവും സ്റ്റോക്കും നിർവ്വഹണ ഉദ്യോഗസ്ഥ എന്ന നിലയിൽ കൃഷി ഓഫീസറുടെ ചുമതലയല്ല എന്നിരിക്കെ ഈ ഇനത്തിൽ രസീത് മുഖേനയുള്ള ധാരാളം നാമമാത്ര തുകകൾ കളക്ഷൻ രജിസ്റ്റർ ഇല്ലാതെ കാഷ് ബുക്കിൽ ചേർക്കുന്നതും അതിനായി പ്രൊഫഷണൽസിന്റെ സമയം ചെലവഴിക്കുന്നതും അംഗീകരിക്കാവുന്നതല്ല. അതേ സമയം ഇക്കാലയളവിൽ കാർഷിക മേഖലയിൽ നൂതന പദ്ധതികൾ ഒന്നും തന്നെ ആവിഷ്ക്കരിച്ചിട്ടുമില്ല. കൃഷി ഓഫീസറുടെ സേവനം കാർഷിക മേഖലയിലെ പദ്ധതി രൂപീകരണത്തിനും നിർവ്വഹണത്തിനും കാര്യക്ഷമമായി പ്രയോജനപ്പെടുത്തേണ്ടതാണ്. വളം വിതരണത്തിന് ബദൽ സംവിധാനം ഏർപ്പെടുത്തുന്നത് ആലോചിക്കേണ്ടതാണ്.

**1-47 ICDS സൂപ്പർവൈസറുടെ പദ്ധതികൾ- രൂപീകരണത്തിൽ അപാകങ്ങൾ**

2019-20 സാമ്പത്തിക വർഷത്തിൽ ICDS സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി അംഗീകാരം ലഭിച്ച താഴെ പറയുന്ന പദ്ധതികൾ പൂർണ്ണമായി നടപ്പിലാക്കാതിരുന്നതിനാൽ വികസന ഫണ്ടും മെയ്ന്റനൻസ് ഗ്രാന്റും ലാപ്സാകുന്നതിന് ഇടയായി. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രൊജക്റ്റ് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ലാപ്സായത് | ഫണ്ട് |
|---|---|---|---|---|
| 70/ 20-വയോജന യോഗ പരിശീലനം | 30000 | - | 30000 | വികസന ഫണ്ട് ജനറൽ |
| 74/-20-യോഗ പരിശീലനം-വനിതകൾ | 20000 | - | 20000 | - ടി - |
| 111/20 ജാഗ്രതാ സമിതി | 30000 | - | 30000 | - ടി - |

| | | | | |
|---|---|---|---|---|
| 189/20-ജാഗ്രതാ സമിതി (SO) | 86000 | 17150 | 68850 | - ടി - |
| 94/20-അങ്കണവാടികൾക്ക് അധിക വാടക | 30000 | - | 30000 | - ടി - |
| 122/20-അങ്കണവാടി സർഗ്ഗോത്സവം | 25000 | - | 25000 | - ടി - |
| 143/20-ഭിന്നശേഷിക്കാരായ കുട്ടികളുടെ സർഗ്ഗോത്സവം | 50000 | 6000 | 44000 | - ടി - |
| 190/20-യുവജനങ്ങളുടെ യോഗ പരിശീലനം(SO) | 22090 | 6065 | 16065 | - ടി - |
| 147/20 അങ്കണവാടികളിലേക്ക് ഫർണിച്ചർ, പാത്രങ്ങൾ എന്നിവ വാങ്ങൽ | 150000 | - | 150000 | മെയ്ന്റനൻസ് ഗ്രാന്റ് |

പദ്ധതി രൂപീകരണത്തിലെ അപാകങ്ങളാണ് ഫണ്ട് ലാപ്സ് ആകുന്നതിന് കാരണമായത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അപാകങ്ങൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.29/24.06.21) മറുപടി ലഭ്യമായില്ല. നിർബന്ധിത പ്രൊജക്ടുകൾ ക്രിയാത്മകമായി രൂപീകരിക്കേണ്ടതും വർക്കിംഗ് ഗ്രൂപ്പ് കൺവീനർ എന്ന നിലയിൽ നിർവ്വഹണ ഉദ്യോഗസ്ഥ പദ്ധതി രൂപീകരണത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

**1-48 ഗുണഭോക്താക്കളെ കണ്ടെത്താതെ പദ്ധതി രൂപീകരിച്ച് അംഗീകാരം നേടിയത് ശരിയായ നടപടിയല്ല**

പ്രൊ.നം-161/20-റിവോൾവിംഗ് ഫണ്ട്

നിർവ്വഹണം- അസി.സെക്രട്ടറി

അടങ്കൽ- 100000 രൂപ, പ്ലാൻ ജനറൽ

2019-20 വർഷത്തിൽ മാതൃകാപരമായി പ്രവർത്തിച്ചുവരുന്നതും ഗ്രേഡിംഗ് കഴിഞ്ഞതുമായ കുടുംബശ്രീ യൂണിറ്റുകളെ തെരഞ്ഞെടുത്ത് 20000/- രൂപ വീതം റിവോൾവിംഗ് ഫണ്ട് നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. ഇപ്രകാരം ലഭിക്കുന്ന ഫണ്ട് പ്രതിമാസ തവണകളായി തിരിച്ചടക്കേണ്ടിയിരുന്നു. പദ്ധതി നിർവ്വഹണ ഘട്ടത്തിൽ കുടുംബശ്രീ യൂണിറ്റുകൾ തിരിച്ചടക്കേണ്ട റിവോൾവിംഗ് ഫണ്ട് സ്വീകരിക്കുന്നതിന് വിസമ്മതിക്കുകയായിരുന്നു. ഇക്കാരണത്താലാണ് പദ്ധതി നടപ്പിലാക്കാൻ കഴിയാതിരുന്നതെന്നും പദ്ധതി സ്പിൽ ഓവർ അംഗീകാരത്തിന് സമർപ്പിക്കാതെ ഉപേക്ഷിച്ചതെന്നും നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം നം-34/25.6.21)

നടപടിക്രമങ്ങൾ പാലിക്കാതെ പദ്ധതി രൂപീകരിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

**1-49 ബഡ്സ് സ്കൂളിനു വേണ്ടി ലഭ്യമായ കുടുംബശ്രീ മിഷൻ ഫണ്ട് നഷ്ടപ്പെടുത്താൻ ഇടയാക്കാതെ ഉപയോഗപ്പെടുത്തണം**

2019-20 വർഷത്തിൽ അസി.സെക്രട്ടറി നിർവ്വഹണം നടത്തുന്നതിനായി അംഗീകാരം ലഭിച്ച "ബഡ്സ് സ്കൂളിന് കുടുംബശ്രീ മിഷൻ ഫണ്ട് ഉപയോഗം" (പ്രൊജക്ട് നം-210/19-20-Spill Over) എന്ന പദ്ധതി തൻവർഷം നടപ്പിലാക്കിയില്ല. ഈ ഇനത്തിൽ 2018-19 ൽ ലഭ്യമായ 12,50,000/- രൂപയിൽ നിന്ന് 18-19 ൽ വാടക ഇനത്തിൽ ചെലവഴിച്ച 60,000/- രൂപ മാത്രമാണ് പ്രയോജനപ്പെടുത്തിയിട്ടുള്ളത്. 2019-20 ൽ ബാക്കി 11,90,000 രൂപ അടങ്കലോടെ

പദ്ധതി അംഗീകാരം നേടിയെങ്കിലും പദ്ധതി നടപ്പിലാക്കിയില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം34/24.6.21) അസി.സെക്രട്ടറി സമർപ്പിച്ച മറുപടിയിൽ പ്രസ്തുത ഫണ്ടിന്റെ നിബന്ധനകൾക്കനുസൃതമായി തുക ചെലവഴിക്കാൻ സാധിച്ചില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ പദ്ധതി 2020-21 ൽ സ്പിൽ ഓവറായി നടപ്പാക്കിയതിൽ 99873/- രൂപ ചെലവഴിച്ചതായും മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. പ്രത്യേക ഉദ്ദേശത്തിനായി അനുവദിച്ച പ്രസ്തുത ഫണ്ടിന്റെ 87% തുക രണ്ടു വർഷത്തിനുശേഷവും ഉപയോഗപ്പെടുത്താൻ കഴിയാത്തത് പദ്ധതി നിർവ്വഹണത്തിലെ വീഴ്ചയാണ്.

നിബന്ധനകൾക്കനുസൃതമായി തുക ചെലവഴിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>1-50 രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്</u>

2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി വിവിധ രജിസ്റ്ററുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന രജിസ്റ്ററുകളുടെ പരിപാലനത്തിൽ അപാകങ്ങൾ ഉള്ളതായി കാണുന്നു.

1. ലോൺ രജിസ്റ്റർ- വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല. ലഭ്യമായ വിവരങ്ങൾ വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2. ഓഡിറ്റ് ഒബ്ജക്ഷൻ/ഓഡിറ്റ് റിക്കവറി രജിസ്റ്റർ- റിക്കവറി വിവരങ്ങൾ കൃത്യമായി ചേർക്കുന്നില്ല. വാർഷിക സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല. 2017-18, 2018-19 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരങ്ങൾ രജിസ്റ്ററിൽ ഉൾപ്പെടുത്തിട്ടില്ല. 2019-20 വാർഷിക കണക്കുകൾ പ്രകാരമുള്ള ഓഡിറ്റ് റിക്കവറി തുക രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

3. സ്യൂട്ട് രജിസ്റ്റർ എഴുതുന്നുണ്ടെങ്കിലും കേസുകളുടെ സ്ഥിതി പ്രതിമാസം പുതുക്കി രേഖപ്പെടുത്തിയിട്ടില്ല. E-Court മുഖേന കേസുകളുടെ വിവരം ലഭ്യമാക്കി പ്രിന്റ് എടുത്ത് കേസ് ഫയലിൽ സൂക്ഷിക്കേണ്ടതും വിവരങ്ങൾ സ്യൂട്ട് രജിസ്റ്ററിൽ ചേർത്ത് സാക്ഷ്യപ്പെടുത്തേണ്ടതും ആണ്.

ഈ വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(നം.36/25.6.21) മറുപടി ലഭ്യമായില്ല.

അപാകങ്ങൾ അടിയന്തിരമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

<u>1-51 അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ മരാമത്തു പ്രവൃത്തികൾ - അവലോകനം</u>

1. ഓഡിറ്റ് വർഷം വർഷം മരാമത്തു പ്രവൃത്തികൾക്കായി 23117187/- രൂപ വകയിരുത്തിയതിൽ 5577352/-രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ആകെ വകയിരുത്തിയ തുകയുടെ 24.13 % മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. 2019-20 വർഷം അംഗീകാരം വാങ്ങിയ 86 പ്രവൃത്തികളിൽ 58 എണ്ണം തൻ വർഷം പൂർത്തീകരിച്ചെങ്കിലും 22 എണ്ണത്തിൽ ക്യൂ ബില്ല് ആയതു മൂലം ചെലവു നടന്നില്ല. ആകെ 29പ്രവൃത്തികളിലാണ് ചെലവു നടന്നത്. തൻ വർഷം ആകെ അംഗീകാരം ലഭിച്ച പ്രവൃത്തികളിൽ 56 എണ്ണം 2020-21 ൽ സ്പിൽഓവറായി ഉൾപ്പെടുത്തി. അവ നിലവിൽ പൂർത്തീകരിച്ചിട്ടുള്ളതായി നിർവ്വഹണോദ്യോഗസ്ഥൻ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ട്.

2. അസി.എഞ്ചിനീയറുടെ രേഖകളും രജിസ്റ്ററുകളും വർക്ക് ഫയലുകളും പരിശോധിക്കുമ്പോൾ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

- ടെണ്ടർ രജിസ്റ്ററിൽ ടെണ്ടർ അംഗീകരിച്ച തീരുമാനം പൂർണ്ണമായി രേഖപ്പെടുത്തുന്നില്ല.
- എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി രേഖപ്പെടുത്തുന്നില്ല.
- കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് നൽകുന്നതിൽ തീയതി രേഖപ്പെടുത്തുന്നില്ല.
- പ്രവൃത്തികളുടെ ഫയലിൽ മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഇല്ല.
- പ്രവൃത്തികളിൽ എക്സ്ട്രാ ഐറ്റംസ് ഉൾപ്പെടുത്തുമ്പോൾ കരാറുകാരുമായി സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കുന്നില്ല.
- പദ്ധതി നിർവ്വഹണത്തിനും റോഡ് പ്രവൃത്തികൾ രൂപീകരിക്കുന്നതിനുമായി റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല. കൃത്യമായ കണക്ടിവിറ്റി ഇല്ലാതെ റോഡ് പ്രവൃത്തി നടപ്പിലാക്കുന്നത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നതിന് ഇടയാക്കുന്നു.
- ആസ്തി രജിസ്റ്റർ 2018-19 വരെ രേഖപ്പെടുത്തിയിട്ടുള്ളൂ.
- മേൽ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് ( 32/24.06.2021)മറുപടിയായി എ.ഇ അറിയിച്ചിട്ടുണ്ട്.

## 1-52 രണ്ടു വ്യത്യസ്ത കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് വേർതിരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയില്ല

പ്രൊജക്റ്റ്- കല്യാണ മണ്ഡപവും പഞ്ചായത്ത് വായനശാലയും അറ്റകുറ്റപണികൾ (87/19)

അടങ്കൽ- 250000(തനതുഫണ്ട്- 1000000/-, വികസനഫണ്ട് പൊതുവിഭാഗം- 150000/-)

ബിൽ നം.7/2019-20 /27.04.2019-150000, ചെക്ക് നം.-5822521 /29.03.19- 99975-

അളവു പുസ്തകം-45/18-19

മേൽപ്രവൃത്തിയിൽ പഞ്ചായത്തിലെ രണ്ടു വ്യത്യസ്ത കെട്ടിടങ്ങളായ കല്യാണ മണ്ഡപം, പഞ്ചായത്ത് വായനശാല എന്നിവയുടെ അറ്റകുറ്റപ്പണികൾക്കാണ് 250000/-രൂപ വകയിരുത്തിയിരിക്കുന്നത്. എന്നാൽ എസ്റ്റിമേറ്റ് തയ്യാറാക്കി യപ്പോൾ രണ്ടു കെട്ടിടങ്ങൾക്കും ആവശ്യമായ ഇനങ്ങൾക്ക് പ്രത്യേകം പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. ഇതുമൂലം ഓരോ കെട്ടിടത്തിനും എത്ര തുക വകയിരുത്തിയെന്നോ ബില്ല് പ്രകാരം എത്ര തുക ചെലവഴിച്ചെന്നോ ഉള്ള വ്യക്തമായ വേർ തിരിച്ചുള്ള കണക്ക് ലഭ്യമല്ല. ആസ്തി രജിസ്റ്ററിൽ വ്യത്യസ്തമായി ഉൾപ്പെടുത്തിയിട്ടുള്ള കല്യാണ മണ്ഡപം, പഞ്ചായത്ത് വായനശാല എന്നിവയുടെ മൂല്യ വർദ്ധിത പ്രവൃത്തികളായതിനാൽ ആസ്തി രജിസ്റ്റർ കാലികമാക്കുമ്പോൾ പ്രത്യേകം വിവരങ്ങൾ ആവശ്യമാണ്. ആയതിനാൽ ഭാവിയിൽ വ്യത്യസ്ത ആസ്തികളുമായി ബന്ധപ്പെട്ട ചെലവുകൾ വേറിട്ട് ലഭ്യമാവുന്ന തരത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-53 അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാങ്ക് അക്കൗണ്ടിലുള്ള ഇ ടെണ്ടർ ഫോറങ്ങളുടെ വില തനത് ഫണ്ടിലേക്ക് കൈമാറേണ്ടതാണ്

അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള, ഇ-ടെണ്ടർ നടത്തുന്നതിന്റെ ആവശ്യത്തിലേക്കായി തുറന്നിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ (എസ്. ബി. ഐ അക്കൗണ്ട് നം. 37120147228) 18.06.2021 വരെ 153700/- രൂപ നീക്കിയിരിപ്പുണ്ട്. ഇതിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ഉണ്ടായിരുന്ന 2015-16 മുതൽ കാലയളവിലെ ഇ-ടെണ്ടർ ഫോറങ്ങളുടെ വാറ്റുൾപ്പെടെയുള്ള വില 11.06.2018ന് അസി.എഞ്ചിനിയറുടെ ഈ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് കിട്ടിയിട്ടുള്ള തുക ഉൾപ്പെടെയുള്ളതാണ്. ഈ തുക നാളിതുവരെയായി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് കൈമാറിയിരുന്നില്ല. ടെണ്ടർ ഫോറങ്ങളുടെ വിലയായി നാളിതുവരെ ഈടാക്കിയ തുക

കണക്കാക്കി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് കൈമാറുന്നതിനും മറ്റു തുകകൾ അതാത് ഹെഡുകളിലേക്കും അടവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ വിവരങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (32/24.06.2021) ലഭ്യമായ മറുപടിയിൽ ലഭ്യമായ തുകയിലുണ്ടായ വ്യത്യാസത്തിനു വ്യക്തത ലഭ്യമാകാത്തതിനാലാണ് തുക അടവാക്കാതിരുന്നതെന്നും ഈ തുക പഞ്ചായത്തിലേക്കടവാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-54 യഥാസമയം എഗ്രിമെന്റ് വെയ്ക്കാത്തതിന് കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല

സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ് . പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല/കുറവായി ഈടാക്കി . മറ്റു നടപടിക്രമങ്ങൾ പാലിച്ചിട്ടുമില്ല. കരാർ വെച്ച് പ്രവൃത്തി ആരംഭിച്ച സാഹചര്യത്തിൽ കരാർ തുകയുടെ 1% പിഴ/കുറവുവന്ന തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.(സെലക്ഷൻ നോട്ടീസിൽ തീയതി രേഖപ്പെടുത്താത്തവയിൽ ഭരണസമിതി തീരുമാന തീയതി അടിസ്ഥാനമാക്കിയാണ് പിഴ നിശ്ചയിച്ചിട്ടുള്ളത്)

| ക്രമ നം. | പ്രവൃത്തി, എ.പി.എ.സി ബിൽ നം./തീയതി | ടെണ്ടർ അംഗീകരിച്ച തീയതി | എഗ്രിമെന്റ് തീയതി, കരാറുകാരൻ | ഈടാക്കേണ്ടിയിരുന്ന പിഴ(1%) ₹. | ഈടാക്കിയത് ₹. | ബാക്കി ഈടാക്കേണ്ടത് ₹. |
|---|---|---|---|---|---|---|
| 1. | 72/19-സംഗീത് നഗർ റോഡ് റീകോൺക്രീറ്റിംഗ്, 167620/- , ബിൽ നം.- 1/27.04.19- 168704/- | 11.09.18 | 51/04.10.18 ജനിൽ ജേക്കബ് | 1676 | 0 | 1676 |
| 2. | 41/19-പാഞ്ചാലിയമ്മൻ കോവിൽ ബ്രാഞ്ച് കോൺക്രീറ്റിംഗ്റോഡ്, 125383/-, ബിൽ നം.-10/25.6.19- 126794/- | 11.9.18 | 54/12.10.18 കെ.കണ്ണൻ | 1254 | 1000 | 254 |
| 3. | 76/19-ഹിൽവ്യൂ നഗർബ്രാഞ്ച് റോഡ് കോൺക്രീറ്റിംഗ്' , 232805 ബിൽ നം.-13/25.6.19- 194768/- | 11.09.18 26.9.18 ലെ സെലക്ഷൻ നോട്ടീസിൽ കരാറുകാരൻ ഒപ്പിട്ടില്ല. | 52/4.10.18 ജനിൽ ജേക്കബ് | 2328 | 0 | 2328 |
| 4. | 16/19-ചെറാട് ലക്ഷം വീട് റോഡ് റീടാറിംഗ്, | 11.09.18 | 53/12.10.18 കെ. കണ്ണൻ | 3377- | 0 | 3377 |

| | | | | | | |
|---|---|---|---|---|---|---|
| | 337761/- ചെക്ക് നം.- 2616683/-30.03.2020- 144000 | | | | | |
| 5. | 76/20,പൈനാപ്പിൾ വാലി റോഡ് കോൺക്രീറ്റിംഗ്, 310426- ബിൽ നം.-25/31.01.2020- 270149 | 26.11.19 | 32/18.12.19 ജനിൽ ജേക്കബ് | 3104- | 0 | 3104 |
| ആകെ ഈടാക്കേണ്ട പിഴ | | | | | | 10739 |

മേൽ വിവരങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (32/24.06.2021) ലഭ്യമായ മറുപടിയിൽ തുക കരാറുകാരിൽ നിന്നും ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

ആകെ ഈടാക്കേണ്ട പിഴ 10739/-രൂപ കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലൊടുക്കേണ്ടതാണ്.

## 1-55 അംഗീകൃത പ്രൊജക്റ്റ് ഫോറത്തിലുള്ളതിൽ നിന്നും വ്യതിചലിച്ച് പ്രവൃത്തി നടപ്പിലാക്കി

പ്രൊജക്റ്റ്- സ്കൂളുകളിൽ ടോയ്‌ലറ്റ് നിർമ്മാണം (41/18)

അടങ്കൽ- 265000( MG(NR)

ബിൽനം.6/2019-20 /27.04.2019- 203863-

അളവു പുസ്തകം-39/17-18,37/18-19

മേൽ പ്രവൃത്തിയുടെ അംഗീകൃത പ്രൊജക്റ്റ് ഫോമിൽ പ്രവർത്തനങ്ങളുടേയും ചെലവുകളുടെയും വിശദാംശങ്ങളിൽ (ഇ)

1. ജി.എൽ.പി.എസ്, അകത്തേത്തറ-130000/-

2. ജി.എച്ച്.എസ്, ഉമ്മിനി - 135000/-

എന്നിങ്ങനെയാണ് തുക വകയിരുത്തിയിരിക്കുന്നത്. എന്നാൽ എസ്റ്റിമേറ്റ് റിപ്പോർട്ട്, വർക്ക് ഫയൽ എന്നിവ പ്രകാരം ആണ്ടിമഠം സ്കൂളിനാണ് ആകെ 265000/- വകയിരുത്തി തുക ചെലവഴിച്ചിരിക്കുന്നത്. പ്രൊജക്റ്റ് ലക്ഷ്യം മാറിയതിന് ഭരണസമിതി തീരുമാനങ്ങളൊന്നുമില്ല. പ്രൊജക്റ്റ് ലക്ഷ്യത്തിൽ വ്യത്യാസം വരാനുണ്ടായ സാഹചര്യം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (40/25.06.2021) നിർവ്വഹണ കാലയളവിലെ എ.ഇ യോട് ആരാഞ്ഞ ശേഷം മറുപടി നൽകുന്നതാണെന്ന് നിലവിലെ എ.ഇ. മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

മെയിന്റനൻസ് പദ്ധതി തയ്യാറാക്കി തുക വകയിരുത്തി അംഗീകാരം വാങ്ങുന്നതിന് മുൻപായി അതിന്റെ മുൻഗണന ഉറപ്പാക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാൻഡിംഗ് കമ്മിറ്റി എന്നിവർ ശ്രദ്ധിക്കേണ്ടതാണ്. അംഗീകൃത പ്രൊജക്റ്റ് ഫോമിൽ നിർദ്ദേശിച്ചിരുന്നതിൽ നിന്നും വ്യതിചലിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-56 പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചതിന് നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല

അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ 2019-20 വർഷത്തെ പ്രവൃത്തികളുടെ ഫയലുകൾ പരിശോധിക്കുമ്പോൾ താഴെ പറയുന്ന പ്രവൃത്തികൾ യഥാസമയം പൂർത്തീകരിച്ചിട്ടില്ല എന്നും പ്രവൃത്തി പൂർത്തീകരണം ദീർഘിപ്പിക്കുന്നതിന് സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ, കരാറുകാരനുമായുള്ള

എഗ്രിമെന്റ് Clause 7 എന്നിവ പ്രകാരമുള്ള നടപടികൾ പാലിച്ചിട്ടില്ല എന്നും നിയമപ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല/കുറവായി ഈടാക്കി എന്നും ബോധ്യപ്പെട്ടു. ഈ പ്രവൃത്തികളിൽ പൂർത്തീകരണം ദീർഘിപ്പിച്ചതിന് എഗ്രിമെന്റ് കാലയളവിനുള്ളിൽ സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല. കൂടാതെ നിയമപ്രകാരം നൽകാവുന്നതിനേക്കാൾ കൂടുതൽ കാലാവധി ആദ്യ തവണ നീട്ടി നൽകിയിട്ടുമുണ്ട്. നിയമാനുസൃത പിഴ ചുമത്താതിരുന്നതു മൂലം ഗ്രാമപഞ്ചായത്തിന് പിഴ ഇനത്തിൽ തനതുഫണ്ടിന് വരുമാന നഷ്ടവുമുണ്ടായി. 2012 ലെ ജി.ഒ.(പി) 13/2012/PWD/01.02.2012 നമ്പറായുള്ള കേരള പി.ഡബ്ള്യൂ.ഡി മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതല്ല. കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്. പൂർത്തീകരണ കാലാവധിക്കു ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റേതായ കാരണങ്ങളാൽ ദീർഘിപ്പിച്ച് നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. മേൽ ഉത്തരവു പ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിന്ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് (അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ്) പിഴ പി.എ.സിയുടെ 1% (കുറഞ്ഞത് 1000 രൂപ കൂടിയത് 50000 രൂപ), ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% കുറഞ്ഞത് 2000 രൂപ കൂടിയത് 100000 രൂപ എന്നിങ്ങനെ നിശ്ചയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരങ്ങൾ | പിഴ ഈടാക്കേണ്ടത് 1%+2% | ഈടാക്കിയത് | പിഴ ഈടാക്കേണ്ടത് |
|---|---|---|---|---|
| 1. | വിവിധ സ്കൂളുകളിൽ ടോയ്‌ലറ്റ് നിർമ്മാണം (41/18)<br>പി.എ.സി. - 264573/-<br>ബിൽ നം. -6/27.4.19<br>തുക-203863/-<br>കരാറുകാരൻ- പി.അശോകൻ<br>എഗ്രിമെന്റ്- 35/7.12.17 (സൈറ്റ്- 7.12.17)<br>പൂർത്തീകരിക്കേണ്ട തീയതി - 7.6.18 ( 6മാസം)<br>പൂർത്തീകരിച്ച തീയതി- 22.2.19<br>അളവുപുസ്തകം-39/17-18, 37/17-18 | 7937 | 4078 | 3859 |
| 2. | സ്കൂളുകളിൽ ഷീ ടോയ്‌ലറ്റ് (124/19)<br>പി.എ.സി. - 295476/-<br>ബിൽ നം. -9/27.4.19-11683/-,<br>17/31.12.19, തുക- 140293/-<br>കരാറുകാരൻ- രാജഗോപാൽസ്വാമി<br>എഗ്രിമെന്റ്-9/28.9.18 (സൈറ്റ്- 28.9.18<br>പൂർത്തീകരിക്കേണ്ട തീയതി - 31.3.19 ( 6മാസം) | 2955 (1%) | 0 | 2955 |

| | | | | |
|---|---|---|---|---|
| | പൂർത്തീകരിച്ച തീയതി-14.5.19<br>അളവുപുസ്തകം-46/18-19,58/18-19,41/18-19 | | | |
| 3. | പൊതു കിണറുകളുടെ അറ്റകുറ്റപ്പണി (282/19/)<br>പി.എ.സി. - 267398/-<br>ബിൽ നം. - 18/31.12.19,<br>തുക- 267377/-<br>കരാറുകാരൻ- ടി.ആർ.ബാബുരാജ്<br>എഗ്രിമെന്റ്- 48/3.10.18 (സൈറ്റ്-)<br>പൂർത്തീകരിക്കേണ്ട തീയതി - 31.3.19 ( 6മാസം)<br>പൂർത്തീകരിച്ച തീയതി- 12.7.19<br>അളവുപുസ്തകം-49/18-19 | 8021 | 0 | 8021 |
| 4. | മേലെപ്പുറം അങ്കണവാടി റോഡ് കോൺക്രീറ്റ്(143/19/)<br>പി.എ.സി. - 139042/-<br>ബിൽ നം. - 24/31.1.20<br>തുക-139986/ -<br>കരാറുകാരൻ- നിജോ.പി.സെബാസ്റ്റ്യൻ<br>എഗ്രിമെന്റ്- 1.10.18/ (സൈറ്റ്- 1.10.18)<br>പൂർത്തീകരിക്കേണ്ട തീയതി - 31.3.19( 6മാസം)<br>പൂർത്തീകരിച്ച തീയതി-9.1.2020<br>അളവുപുസ്തകം-52/18-19 | 4171 | 3000 | 1171 |
| ആകെ ഈടാക്കേണ്ട പിഴ | | | | 16006 |

മേൽ വിവരങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (32/24.06.2021) ലഭ്യമായ മറുപടിയിൽ തുക കരാറുകാരിൽ നിന്നും ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ആകെ ഈടാക്കേണ്ട പിഴ 16006/-രൂപ കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലൊടുക്കേണ്ടതാണ്.

## 1-57 കമ്മിറ്റി തീരുമാനങ്ങൾക്ക് സമയബന്ധിതമായ തുടർനടപടികൾ ഉറപ്പ് വരുത്തണം

പഞ്ചായത്തിലെ 2019-20 വർഷത്തെ ഭരണസമിതി വിവിധ യോഗങ്ങളിൽ എടുത്ത തീരുമാനങ്ങളുടെ തുടർനടപടികളുടെ പുരോഗതി വിലയിരുത്തുന്നതിന് ഓഡിറ്റ് താഴെപറയുന്ന തീരുമാനങ്ങളിൽ തുടർ പരിശോധന നടത്തുകയുണ്ടായി.

1. 2018-19-ൽ പൂർത്തീകരിച്ചിട്ടുള്ള അകത്തേത്തറ അങ്കണവാടിയുടെ നിർമ്മാണത്തിലെ അപാകങ്ങൾ പരിഹരിക്കുന്നതിന് 25.7.19 ലെ 14(9), 26.11.19 ലെ 16 എന്നീ ഭരണസമിതി തീരുമാനങ്ങൾ പ്രകാരം അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 26.11.19 ലെ 16-ാം തീരുമാനപ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു മാസത്തിനകം അപാകത പരിഹരിച്ച് വിവരം അറിയിക്കുന്നതിന നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ തുടർ നടപടികളുടെ വിവരം, നിലവിലെ സ്ഥിതി എന്നിവ ലഭ്യമാക്കുന്നതിന് അസി.എഞ്ചിനീയർക്ക്

ഓഡിറ്റ് എൻക്വയറി (31/24.6.21)ന ൽകിയതിന് എ.ഇ. വ്യക്തമായ മറുപടി ലഭ്യമാക്കിയില്ല. മേൽ പ്രവൃത്തിയുടെ ഫയൽ പ്രകാരവും തുടർ നടപടികൾ സ്വീകരിച്ചതായി രേഖയില്ല.

2. ഭരണസമിതിയുടെ 30.12.19 ലെ 14-ാം നമ്പർ തീരുമാനമനുസരിച്ച് നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി ശ്രീമതി എൻ. ലക്ഷ്മിക്കുട്ടി അമ്മ W/O എം. രാമൻകുട്ടി മേനോൻ (Late) എന്നവർ ദാനം ചെയ്ത സ്ഥലത്തിന്റെ രജിസ്ട്രേഷൻ നടത്തുന്നതിന് ആവശ്യമായ തുക തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ തുടർ നടപടികളുടെ വിവരം, നിലവിലെ സ്ഥിതി എന്നിവ ലഭ്യമാക്കുന്നതിന് സെക്രട്ടറിക്ക് ഓഡിറ്റ് എൻക്വയറി (31/24.6.21) നൽകിയതിന് 8.9.2020 ന് 0.0490 ഹെക്ടർ സ്ഥലം പഞ്ചായത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്ത ആധാരം മറുപടിയോടൊപ്പം ഹാജരാക്കി. ഈ വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിനു നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. കമ്മിറ്റി തീരുമാനങ്ങൾക്ക് സമയബന്ധിതമായ തുടർനടപടികൾ ഉറപ്പു വരുത്തണം.

2. ഓരോ യോഗങ്ങളിലും മുൻ തീരുമാനങ്ങളുടെ തുടർനടപടികളുടെ മോണിറ്ററിംഗ് നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

3. ലഭ്യമായ സ്ഥലത്ത് ബഡ്സ് സ്കൂളിന് കെട്ടിടം നിർമ്മിച്ച് വാടകയിനത്തിലുള്ള ആവർത്തന ചെലവ് ഒഴിവാക്കേണ്ടതാണ്.

4. പഞ്ചായത്തിനു വിട്ടു കിട്ടിയ സ്ഥലത്തിന്റെ വിശദാംശങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-58 ടാറിംഗ് പ്രവൃത്തി- ബിറ്റുമിൻ വിതരണത്തിൽ സുതാര്യത ഇല്ല

പ്രൊജക്റ്റ്- സാഗരിക നഗർ റോഡ് റീടാറിംഗ്(223/20)

അടങ്കൽ- 150000 MG(R)

ബിൽനം22/2019-20 /23.01.2020- 150000/-

അളവു പുസ്തകം- 56/18-19

കരാറുകാരൻ- ജനിൽ ജേക്കബ്, എഗ്രിമെന്റ്- 33/18.12.19

പ്രവൃത്തി പൂർത്തീകരിച്ചത്- 06.01.2020

ഓഡിറ്റ് വർഷം അംഗീകാരം ലഭിക്കുകയും ഫൈനൽ ബില്ല് നൽകിയിട്ടുള്ള സാഗരിക നഗർ റോഡ് ടാറിംഗ് പ്രവൃത്തിയിൽ കരാറുകാരൻ മുൻ വർഷങ്ങളിൽ പഞ്ചായത്ത് സപ്ലൈ ചെയ്ത ടാർ ഉപയോഗിച്ചാണ് പ്രവൃത്തി ചെയ്തിട്ടുള്ളത്. വർക്ക് ഫയൽ പ്രകാരം താഴെ പറയുന്നവയ്ക്ക് വ്യക്തത ഇല്ലാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ്എൽക്വയറി(32/24.09 2021)നൽകി.

1. കരാറുകാരന് സപ്ലൈ ചെയ്ത ബിറ്റുമിന്റെ വില കുറവു ചെയ്തതിന്റെ വിവരം
2. ഉപയോഗിച്ച ബിറ്റുമിന്റെ കാലി ബാരലിന്റെ വില കുറവു ചെയ്ത വിവരം
3. കരാറുകാരന്റെ കൈവശമുണ്ടായിരുന്ന ബിറ്റുമിൻ എപ്പോൾ സപ്ലൈ ചെയ്തതാണെന്നോ ഇപ്രകാരം ബാക്കിയുള്ള ബിറ്റുമിൻ ഉപയോഗം കഴിഞ്ഞ് ബാക്കിയുള്ള ബിറ്റുമിന്റെ വില ഈടാക്കിയതിന്റെ വിവരം
4. ബിറ്റുമിൻ രജിസ്റ്ററിൽ മുൻവർഷങ്ങളിൽ നൽകിയ ആകെ ബിറ്റുമിൻ ബാരലിന്റെ എണ്ണമല്ലാതെ മറ്റു വിവരങ്ങൾ ചേർത്തിട്ടില്ല.

ഓഡിറ്റ്എൽക്വയറി മറുപടിയായി കരാറുകാരന് സപ്ലൈ ചെയ്ത(6.4.18 ൽ ) ബിറ്റുമിൻ കാലി ബാരലിന്റെ വില ഒരെണ്ണമൊഴികെ മറ്റുള്ളവ ഈടാക്കിയിട്ടുണ്ടെന്നും കരാറുകാരന് സപ്ലൈ ചെയ്ത ബിറ്റുമിന്റെ വില മുൻവർഷത്തെ ബില്ലിൽനിന്നും ഈടാക്കിയതിന്റെ രേഖകളും ഹാജരാക്കി.

പ്രവൃത്തിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

- ബിറ്റുമിൻ ഡിപാർട്ട് മെന്റ് സപ്ലൈ ആകുന്നത് കരാറുകാരൻ കത്തു നൽകുമ്പോഴാണ്.
- മുൻ വർഷങ്ങളിൽ ബാക്കിയുള്ള ബിറ്റുമിൻ തിരികെ ഈടാക്കിയില്ല.
- സാഗരിക നഗർ റോഡ് ടാറിംഗ് പ്രവൃത്തിക്കുശേഷവും കരാറുകാരന്റെ കയ്യിൽ - VG-30 92.38kg,RS1- 509kg എന്നിങ്ങനെ ബിറ്റുമിൻ ബാക്കിയുണ്ട്. ഇത് പിന്നീടിതു വരെ ഉപയോഗിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1. ഡിപാർട്ട് മെന്റ് സപ്ലൈ ആയി നൽകുന്ന സാധനസാമഗ്രികൾ ആവശ്യകതക്കനുസരിച്ച് നൽകേണ്ടതും ബാക്കയുള്ളത് അതാത് സമയം തിരിച്ചേൽപ്പിക്കുകയോ മറ്റ് പ്രവൃത്തികൾക്ക് ഉപയോഗിക്കുകയോ ചെയ്യേണ്ടതാണ്.

2.തിരിച്ചേൽപ്പിക്കാത്തവക്ക് മാർക്കററ് റേറ്റിൽ വില ഈടാക്കേണ്ടതാണ്.

## 1-59 ആസ്തി സംരക്ഷണ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കേണ്ടതാണ്

സ.ഉ(കൈ)നം.11/2018/തസ്വഭവ തിയതി 29-01-2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ. 6.7 ൽ നിർദ്ദേശിച്ച പ്രകാരം മെയ്ന്റനൻസ് ഫണ്ടും കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്. ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.

ആസ്തി സംരക്ഷണ പദ്ധതി /വാർഷിക മെയിന്റനൻസ് പ്ലാൻ തൻവർഷം (2019-20) തയ്യാറാക്കിയിട്ടുണ്ടോ എന്നും ഇതിന്റെ അടിസ്ഥാനത്തിലാണോ റോഡ് റോഡിതര ആസ്തികളുടെ അറ്റകുറ്റപ്പണികൾക്ക് മുൻഗണന നൽകി പ്രോജക്ട് തയ്യാറാക്കി നിർവ്വഹിക്കുന്നത് എന്നതിന്റെ പരിശോധന നടത്തിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി നിർവ്വഹണത്തിനും റോഡ് പ്രവൃത്തികൾ രൂപീകരിക്കുന്നതിനുമായി റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല. കൃത്യമായ കണക്ടിവിറ്റി ഇല്ലാതെ റോഡ് പ്രവൃത്തി നടപ്പിലാക്കുന്നത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നതിന് ഇടയാക്കുന്നു.

2. ആസ്തി രജിസ്റ്ററും കാലികമാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിനായി ഐ.കെ.എം വികസിപ്പിച്ച സചിത്ര സോഫ്റ്റ്വെയറിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യേണ്ടതാണെന്ന് സർക്കുലർ നം. തസ്വഭവ-ഐ.ബി-1/141/2017/തസ്വഭവ തിയതി 23-08-2017 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ആയത് പാലിച്ചതായി കാണുന്നില്ല.

3. സാമ്പത്തിക വർഷത്തേക്ക് നിർവ്വഹണോദ്യോഗസ്ഥരുടെ യോഗം വിളിച്ചതിന്റെയും നിർവ്വഹണോദ്യോഗസ്ഥർ ആസ്തി പരിപാലനത്തിനായി സമർപ്പിച്ചിട്ടുള്ള ആവശ്യകതകളുടെയും അതനുസരിച്ച് മുൻഗണനാ ലിസ്റ്റ് തയ്യാറാക്കിയതിന്റെയും രേഖകൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (31/24.6.19,40/25.06.2021 മുഖേന ആവശ്യപ്പെട്ടതിന് നിർവ്വഹണോദ്യോഗസ്ഥരുടെ

യോഗം വിളിക്കാറുണ്ടെങ്കിലും ആസ്തി പരിപാലനത്തിനായി സമർപ്പിച്ചിട്ടുള്ള ആവശ്യകതകൾക്കനുസരിച്ച് മുൻഗണനാ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലെന്ന മറുപടിയാണ് ലഭ്യമായത് .

4. റോഡ് മെയ്ന്റനൻസ് ഫണ്ടിനത്തിൽ 7731769 രൂപ വകയിരുത്തി 30 പ്രോജക്റ്റുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിൽ 8 പ്രോജക്റ്റുകൾക്കായി 1578745 രൂപ (വകയിരുത്തിയ തുകയുടെ 20%) മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

5. റോഡിതര മെയ്ന്റനൻസ് ഫണ്ടിനത്തിൽ 2186942 രൂപ വകയിരുത്തി 8 പ്രോജക്റ്റുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിൽ 3 പ്രോജക്റ്റുകൾക്കായി 809308 രൂപ (വകയിരുത്തിയ തുകയുടെ 37%) മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

4. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളായ അങ്കണവാടികൾ, പി.എച്ച്സി, കൃഷിഓഫീസ്, മൃഗാശുപത്രി, ആയുർവേദ ആശുപത്രി, കുടുംബശ്രീ ഓഫീസ്, വി.ഇ.ഒ ഓഫീസ് എന്നിവയുടെ അറ്റകുറ്റപ്പണികൾക്കായി വകയിരുത്തിയ തുകകൾ ചെലവഴിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. നിർവ്വഹണോദ്യോഗസ്ഥരിൽ നിന്നുമുള്ള ആവശ്യകതയ്ക്കനുസരിച്ച് മുൻഗണനാടിസ്ഥാനത്തിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയതിനുശേഷം ആസ്തി സംരക്ഷണ പ്രോജക്റ്റുകൾ തയ്യാറാക്കി നടപ്പിലാക്കേണ്ടതാണ്.
3. റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിനായി വകയിരുത്തുന്ന തുക സമയബന്ധിതമായി ചെലവഴിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. സ്ഥല ലഭ്യത, ഫണ്ട് ലഭ്യത എന്നിവ ഉറപ്പുവരുത്തേണ്ടതാണ്.
4. മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-60 പി.എച്ച്.സി യിലെ വിവിധ പ്രവൃത്തികൾ - സ്ഥല ലഭ്യത ഉറപ്പുവരുത്തുന്നതിൽ വീഴ്ച

പി.എച്ച്.സി യിലെ വിവിധ പ്രവൃത്തികളുടെ നിർവ്വഹണത്തിനായി ആവിഷ്കരിച്ച 2016-17, 2017-18 വർഷങ്ങളിലെ പ്രൊജക്റ്റുകൾ 11/18,12/2018 മാസങ്ങളിലാണ് പൂർത്തീകരിച്ചിട്ടുള്ളത്. സ്ഥലം മാർക്കുചെയ്യാൻ വൈകിയതിനാലാണ് പ്രവൃത്തി പൂർത്തീകരണം വൈകിയത് എന്നാണ് കരാറുകാരന്റെ കത്തു പ്രകാരം കാണുന്നത്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനങ്ങൾ/ നടപടികൾ | 1. പി.എച്ച്.സി അറ്റകുറ്റപ്പണികൾ (16-17) | 2. പി.എച്ച്.സി അറ്റകുറ്റപ്പണികൾ (17-18) |
|---|---|---|
| പ്രൊജക്റ്റ് നം. | 165/17, 288/19 (2018-19 ൽ തുക നൽകുന്നതിന് മാത്രം എന്ന സാക്ഷ്യപത്രം നൽകി പുതിയ പ്രൊജക്റ്റായി അംഗീകാരം വാങ്ങി. ഫണ്ട് MGNR ൽനിന്നും Plan General ആക്കി.) | 52/18 |
| അടങ്കൽ, പിഎസി | 300000, 297196 | 270000, 268344 |
| എസ്റ്റിമേറ്റ് പ്രകാരം ചെയ്യേണ്ട പ്രവൃത്തി | സ്റ്റോർ മുറി നിർമ്മിക്കാനും അറ്റകുറ്റപ്പണികൾക്കും | പുതിയ ടോയ്‌ലറ്റ് നിർമ്മിക്കുന്നതിനും നിലവിലുള്ള കോമ്പൗണ്ട് വാളിന്റെ പ്ലാസ്റ്ററിംഗിനും |
| ഫണ്ട് | മെയിന്റനൻസ് ഫണ്ട് -റോഡിതരം | മെയിന്റനൻസ് ഫണ്ട്- റോഡിതരം |

| | | |
|---|---|---|
| കരാറുകാരൻ | ശ്രീ.കണ്ണൻ | ശ്രീ.കെ.സി.തോമസ് |
| എഗ്രിമെന്റ് | 51/31.3.17 | 37/8.12.17 |
| സൈറ്റ് കൈമാറിയത് | 31.3.17 | 8.12.17 |
| പൂർത്തീകരിക്കേണ്ടത് | 6 മാസം (TS പ്രകാരം) | 6 മാസം (TSപ്രകാരം ) |
| പൂർത്തീകരിച്ചത് | 03.12.18 | 27.11.18 |
| സമയം ദീർഘിപ്പി ക്കുന്നതിന് കരാറുകാരന്റെ അപേക്ഷ | 1. 9.7.18 – എഞ്ചിനീയറിംഗ് വിഭാഗം മാർക്ക് ചെയ്തിരുന്ന സ്ഥലത്ത് വാട്ടർ അതോറിറ്റിയുടെ വലിയ പൈപ്പ് ലൈൻ പോകുന്നതുകൊണ്ട് പ്രവൃത്തി ചെയ്യാൻ സാധിച്ചില്ല. ഇത് ചൂണ്ടിക്കാട്ടി 9.1.18 ന് കത്തു നൽകിയിരുന്നു (കത്ത് ഫയലില്ല). സ്ഥലം മാറ്റി കാണിച്ചു തരാനുള്ള കാലതാമസമാണ് പ്രവൃത്തി കൃത്യസമയത്ത് പൂർത്തിയാകാതി രുന്നതിനു കാരണം. ജൂൺ 2018 നാണ് LSGDയിൽ നിന്നും വേറെ സ്ഥലം മാർക്ക് ചെയ്തു തന്നത്. ആയതിനാൽ പിഴ ഒഴിവാക്കണം.<br>2. തീയതി ഇല്ല-മേൽക്കാരണ ങ്ങളാലും മഴക്കെടുതിയും പ്രളയവും കാരണം പ്രവൃത്തി ഉദ്ദേശിച്ച രീതിയിൽ പൂർത്തിയാക്കാൻ കഴിഞ്ഞില്ല. 30.11.18 വരെ പിഴയില്ലാതെ സമയം നീട്ടുന്നതിന്. | 1. 20.7.18- ജൂൺ 2018നാണ് LSGDയിൽ നിന്നും സ്ഥലം മാർക്ക് ചെയ്തു കിട്ടിയത്. ആയതിനാൽ പ്രവൃത്തി പൂർത്തീകരിക്കാനുള്ള സമയം 30.9.18 വരെ നീട്ടുന്നതിന്.<br>2. തീയതി ഇല്ല- വാട്ടർ അതോറിറ്റിയുടെ വലിയ പൈപ്പ് ലൈൻ പോകുന്ന തുകൊണ്ട് പ്രവൃത്തി ചെയ്യാൻ<br>വൈകി. മഴക്കെടുതിയും പ്രളയവും കാരണം പ്രവൃത്തി സമയ ബന്ധിതമായി പൂർത്തിയാക്കാൻ കഴിഞ്ഞില്ല. 15.11.18 വരെ പിഴയില്ലാതെ സമയം നീട്ടുന്നതിന്. |
| എ.ഇ..യുടെ ശുപാർശ | മേൽ പ്രകാരം അനുവദിച്ചു. | മേൽ പ്രകാരം അനുവദിച്ചു. |
| ബിൽ നം./ തീയതി – തുക, ഫണ്ട് , അളവുപുസ്തകം | 8/27.4.19- 248936/-<br>Plan General,13/18-19 | 15/25.6.19- 207778/-, മെയിന്റനൻസ് ഫണ്ട് റോഡിതരം, 17/18-19 |
| പിഴ ഈടാക്കിയത് | 2490/- | 2078 |
| ഈടാക്കേണ്ടത് | 2972 | 2683 |

മേൽ പദ്ധതികളുടെ നടപടിക്രമങ്ങളിൽ താഴെ പറയുന്ന വീഴ്ചകൾ കാണുന്നു.

1. ആദ്യ പ്രവൃത്തിയിൽ കരാറുകാരൻ ആറു മാസത്തിനകം (06/2017) പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണെങ്കിലും അതിനു ശേഷമാണ് (1/2018) സ്ഥലലഭ്യതയെക്കുറിച്ച് കത്ത് നൽകിയതായി പറയുന്നത്.

2. രണ്ടു പ്രവൃത്തികളിലും എഗ്രിമെന്റ് കാലയളവിനുള്ളിൽ പൂർത്തീകരണ സമയം ദീർഘിപ്പിക്കുന്നതിന് അപേക്ഷ നൽകിയിട്ടില്ല.

3. സ്ഥല ലഭ്യത ഉറപ്പുവരുത്തുന്നതിന് നിർവ്വഹണോദ്യോഗസ്ഥന്റെ ഭാഗത്തുനിന്നും വീഴ്ച ഉണ്ടായിട്ടുണ്ട്.

4. രണ്ടു പ്രവൃത്തികളിലും പൂർത്തീകരണ സമയം ദീർഘിപ്പിച്ചതിനുള്ള പിഴ പിഎസിയുടെ 1 % വാങ്ങേണ്ടതിനു പകരം തുക കുറവായാണ് വാങ്ങിയത്.

5. പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലയളവിൽ നിർവഹണോദ്യോഗസ്ഥൻ, വർക്കിംഗ് ഗ്രൂപ്പ് എന്നിവർ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുകയോ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/24.06.2021) മേൽ കാലയളവിലെ എ.ഇ.യിൽ നിന്നും മറുപടി ലഭിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1. ഫണ്ട് ലഭ്യത, തടസ്സമില്ലാത്ത ഭൂമിയുടെ ലഭ്യത എന്നിവ ഉറപ്പു വരുത്തിയ ശേഷമാകണം പദ്ധതികൾ ടെണ്ടർ ചെയ്യേണ്ടത് എന്ന പൊതുമരാമത്ത് മാന്വൽ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

2. പദ്ധതി നിർവ്വഹണം അതാത് വർക്കിം ഗ്രൂപ്പുകൾ മോണിറ്റർ ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

3. പി.എച്ച്.സി പോലെയുള്ള സ്ഥാപനങ്ങളിലെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്.

4. കുറവായി ഈടാക്കിയ പിഴ കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 സാക്ഷരത പദ്ധതി - പദ്ധതി ലക്ഷ്യത്തിൽ ഉൾപ്പെടാത്ത ഇനങ്ങൾക്കുവേണ്ടിയുള്ള 22450/- രൂപയുടെ ചെലവ് നിരാകരിക്കുന്നു

പ്രൊജക്ട് നം. 61, സാക്ഷരത (4-ാം തരം, 7-ാം തരം തുല്യത)
അടങ്കൽ - 50000/- രൂപ (തനത് ഫണ്ട്)
ചെലവ് - 50000/- രൂപ (ചെക്ക് നം. 2616659/25.02.2020)
നിർവഹണോദ്യോഗസ്ഥ – എച്ച്.എം.

സാക്ഷരത (4-ാം തരം, 7-ാം തരം തുല്യത) പഠിതാകൾക്ക് സാക്ഷരതാ പഠനം ഉറപ്പുവരുത്തുന്നതിന് പരിശീലനവും പരീക്ഷാ ഫീസും പഠനോപകരണങ്ങളും നൽകുകയാണ് പദ്ധതി ലക്ഷ്യം. എന്നാൽ പദ്ധതി ലക്ഷ്യത്തിൽ ഉൾപ്പെടാത്ത ഇനങ്ങളിലെ ചെലവുകൾക്ക് തുക അനുവദിച്ചതായി കാണുന്നു.

എ) തുല്യതാ പരീക്ഷകൾ നടന്ന ദിവസങ്ങളിൽ പരീക്ഷ എഴുതിയ പഠിതാക്കൾ, ഇൻസ്ട്രക്ടർമാർ, പ്രേരക് എന്നിവർക്ക് ചായ, ലഘു ഭക്ഷണം, ഉച്ച ഭക്ഷണം നൽകിയ ഇനത്തിൽ ശാസ്ത വനിതാ കുടുംബശ്രീയ്ക്ക് നൽകിയ തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പരീക്ഷയുടെ പേര് | പരീക്ഷ നടന്ന | ചായ, ലഘു ഭക്ഷണം, ഉച്ച ഭക്ഷണം നൽകിയ ഇനത്തിലെ ചെലവ് |
|---|---|---|---|

| | | തീയതി | |
|---|---|---|---|
| 1 | 4 -ാം തരം തുല്യതാ പരീക്ഷ | 17.11.2019 | 3360/- രൂപ |
| 2 | 7 -ാം തരം തുല്യതാ പരീക്ഷ | 16.11.2019, 17.11.2019 | 7350/- രൂപ |
| 3 | മികവുത്സവം പരീക്ഷ | 05.01.2020 | 600/- രൂപ |
| ആകെ | | | 11310/- രൂപ |

ബി) ചെയറുകൾ, പെടസ്റ്റിയൽ ഫാനുകൾ എന്നിവ വാങ്ങിയ വകയിലെ ചെലവുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം./ തീയതി | തുക (രൂപ) | റിമാർക്ക്സ് |
|---|---|---|---|
| 1 | 1423/28.12.2019 | 3570/- | ചോയ്സ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും പെഡസ്റ്റിയൽ ഫാൻ വാങ്ങിയതിന്റെ ചെലവ് |
| 2 | 1424/28.12.2019 | 3570/- | ചോയ്സ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും പെഡസ്റ്റിയൽ ഫാൻ വാങ്ങിയതിന്റെ ചെലവ് |
| 3 | 24/10.01.2020 | 4000/- | മയൂര ട്രേഡേഴ്സ് & കമ്മ്യൂണിക്കേഷൻ എന്ന സ്ഥാപനത്തിൽ നിന്നും 10 ചെയറുകൾ വാങ്ങിയതിന്റെ ചെലവ് |
| ആകെ | | 11140/- | |

പദ്ധതി ലക്ഷ്യത്തിൽ ഉൾപ്പെടാത്ത മേൽ ഇനങ്ങളിലെ ചെലവുകൾക്ക് തുക അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 33/24.06.2021) പഠിതാക്കളെല്ലാം സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന എസ്.സി. കുട്ടികളായതിനാലാണ് മേൽ ചെലവുകൾ നടത്തിയത് എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്.

പദ്ധതി ലക്ഷ്യത്തിൽ ഉൾപ്പെടാത്ത മേൽ ഇനങ്ങളിലെ ചെലവുകൾക്ക് തുക അനുവദിച്ചതിന് നൽകിയ പ്രസ്തുത മറുപടി പരിഗണിക്കാവുന്നതല്ല. ആയതിനാൽ മേൽ ഇനങ്ങൾക്കുവേണ്ടിയുള്ള 22450/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

ഓഡിറ്റ് നിർദ്ദേശം

1. പദ്ധതി ലക്ഷ്യത്തിൽ ഉൾപ്പെടാത്ത ഇനങ്ങളിലെ ചെലവുകൾക്ക് തുക അനുവദിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. നിരാകരിച്ച തുക 22450/- രൂപ നിർവഹണോദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.

3. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ വാങ്ങിയ ചെയറുകൾ, പെഡസ്റ്റിയൽ ഫാനുകൾ എന്നിവ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതായി കാണുന്നില്ല. ആയത് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | ഗ്രാന്റ് സാക്ഷ്യപത്രം നമ്പർ/ തീയതി |
|---|---|---|

| | | |
|---|---|---|
| 2019-20 | 17.6.21 മുതൽ 24.6.21 വരെ | റിപ്പോർട്ടിന്റെ അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട് |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം

| ഫണ്ട് ഇനം/ പദ്ധതി | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് വിഹിതം | | | | | |
| ആശ്രയ | 80000 | 0 | 80000 | 80000 | 0 |
| ലൈഫ് | 441748 | 1229764 | 1671512 | 1249525 | 421984 |
| ഉഴവ് കൂലി | 0 | 192395 | 192395 | 192395 | 0 |
| പാലിയേറ്റീവ് കെയർ | 59890 | 0 | 59890 | 0 | 59890 |
| ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് | 40400 | 0 | 40400 | 0 | 40400 |
| കുടിവെള്ള പദ്ധതി | 0 | 1000000 | 1000000 | 1000000 | 0 |
| ഇത്തിങ്ങ പറമ്പ് അങ്കണവാടി കുടിവെള്ളം | 10000 | 0 | 0 | 0 | 10000 |
| ശുചിത്വം- വാഹനം വാങ്ങൽ | 497553 | 0 | 497553 | 0 | 497553 |
| ജില്ലാ പഞ്ചായത്ത് വിഹിതം | | | | | |
| ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് | 0 | 83000 | 0 | 0 | 83000 |
| ലൈഫ് | 832799 | 1241857 | 2074656 | 1164391 | 910265 |

ജില്ലാ പഞ്ചായത്തിന്റേയും ബ്ലോക്ക് പഞ്ചായത്തിന്റേയും വിഹിതങ്ങളുടെ വരവ്-ചെലവ് കണക്കുകളുടെ വിവരം കാണിക്കുന്ന രജിസ്റ്റർ പൂർണ്ണമല്ല. തുക ലഭ്യമായ തുകകളുടെ വർഷം തിരിച്ചുള്ള സംക്ഷിപ്തം രജിസ്റ്ററിൽ തയ്യാറാക്കിയിട്ടില്ല. വാർഷികകണക്കുകളിലെ ഷെഡ്യൂൾ ബി-4 പ്രകാരമുള്ള നീക്കിയിരിപ്പ് രജിസ്റ്ററിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല. സംയുക്ത പ്രോജക്ടുകളുടെ നീക്കിയിരിപ്പ് ക്രമീകരിച്ച് ചെലവഴിക്കാതെ അവശേഷിക്കുന്ന തുക അതാത് സ്ഥാപനങ്ങളിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക ₹. | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി | 100/20-തെരുവ് വിളക്ക് -സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | ബിൽ:27/19-20/3.1.20-300000 , ബിൽ: 33/3.1.20 -299915 | 599915 | വിനിയോഗ വിവരം ലഭ്യമായിട്ടില്ല | |
| കേരള വാട്ടർ അതോറിറ്റി | 144/20 -കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | ബിൽനം.20/11.2.20 –450000<br>ചെക്ക്നം-2616634 /7.2.20-500000<br>ചെക്ക്നം-2616648 /7.2.20-200000<br>ചെക്ക്നം-2616650 /7.2.20-300000 | 1450000 | വിനിയോഗ വിവരം ലഭ്യമായിട്ടില്ല | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക(AFS) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ്-KURDFC വായ്പ | 2019-20 | 15757863 | 15757863 | - | - | 23545311* |

*AFS പ്രകാരമുള്ള നീക്കിയിരിപ്പ് - വായ്പാ രജിസ്റ്ററിലെ വിവരങ്ങൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

ജി.ഒ പ്രൊജക്ട് മുഖേന 2019-20 ൽ അടവാക്കിയ 1750000/- രൂപ വാർഷികകണക്കിൽ ഉൾപ്പെടാത്തതിനാൽ വായ്പ ബാദ്ധ്യത തുകയും വ്യത്യാസമുണ്ട്.

വായ്പ കണക്കുകൾ പുന:പരിശോധിച്ച് രജിസ്റ്ററിൽ ചേർത്ത് സാക്ഷ്യപ്പെടുത്തേണ്ടതും സാംഖ്യയിൽ ക്രമീകരിക്കേണ്ടതുമാണ്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിര നിക്ഷേപമില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയായി തൻവർഷം തുകയൊന്നും ഈടാക്കിയിട്ടില്ല. വാർഷിക കണക്കുപ്രകാരം ഈയിനത്തിൽ 1200/- രൂപ വരവുള്ളത് ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ളതായി രേഖകളിലില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 2-8(A)<br>2-8(B) | 2006-07 | 3-6<br>4-1 | വരവിനങ്ങളിലെ ക്രമക്കേട് | വരവ് നഷ്ടം പലിശ സഹിതം 142638/- |

| | | | | | |
|---|---|---|---|---|---|
| | | | | പണാപഹരണം | ്രൂപ 09/2009 മുതൽ തവണകളായി റിക്കവറി നടത്തിയിട്ടുണ്ട്. സമിതി അന്തിമ തീർപ്പ് കൽപ്പിച്ചിട്ടില്ല. |
| 2012-13 | 3.3.16 | വിഷയാധിഷ്ടിത അവലോകനം | 3.3.6 | ആരോഗ്യ മേഖല | തീർപ്പാക്കിയിട്ടില്ല |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

തൻവർഷം തുക ഈടാക്കിയിട്ടില്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

തൻവർഷം തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹. 74651752/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹. 74686652/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹. 49195/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹. 100000/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | ₹. 22450/- | ശ്രീമതി. ഷൈല മേരി.ജെ, ഹെഡ് മിസ്ട്രസ്സ് |
| ആകെ | | ₹. 22450/- | |

ഭാഗം.1-ൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-54 | 7635 | സരസ്വതി.ആർ., അസി.എഞ്ചിനീയർ |
| | 3104 | റീജ.എസ്.രാജ്, അസി.എഞ്ചിനീയർ |
| 1-56 | 14835 | ശ്രുതി.ജി., അസി.എഞ്ചിനീയർ |
| | 1171 | അജിത്കുമാർ, അസി.എഞ്ചിനീയർ |
| ആകെ | 26745 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ |
|---|---|---|

| നമ്പർ | | പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-43 | ₹. 100000/- | ശ്രീമതി. ദിവ്യ.പി,<br>ഡയറി ഫാം ഇൻസ്ട്രക്ടർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ഷൈല മേരി.ജെ<br>ഹെഡ് മിസ്ട്രസ്സ് | വിരമിച്ചു | 'സാരംഗ് '<br>ബാങ്ക് കോളനി,<br>ആണ്ടിമഠം, അകത്തേത്തറ<br>പാലക്കാട്. |
| ശ്രീമതി. ദിവ്യ.പി,<br>ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി ഫാം ഇൻസ്ട്രക്ടർ,<br>അകത്തേത്തറ ഗ്രാമ പഞ്ചായത്ത്. | പുത്തൻവീട്,<br>മുണ്ടൂർ പോസ്റ്റ്<br>പാലക്കാട് |
| സരസ്വതി.ആർ.,<br>അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ<br>വടകരപ്പതി ഗ്രാമ പഞ്ചായത്ത് | സ്വാതി, ഇ-5-ഭഗവതി നഗർ,<br>പുതുശ്ശേരി, പാലക്കാട്. |
| റീജ.എസ്.രാജ്,<br>അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ<br>മരുതറോഡ് ഗ്രാമ പഞ്ചായത്ത് | ക്വാർട്ടേഴ്സ് നം. 12/ഇ14,<br>കെ.എസ്.എച്ച്.ബി.<br>കോളനി,മാട്ടുമന്ത,<br>സി.എൻ.പുരം,<br>പാലക്കാട്. |
| ശ്രുതി.ജി.,<br>അസി.എഞ്ചിനീയർ | ലീവിലാണ് | ഒ.പി.എസ്.382,ശ്രുതി,വട്ടവിള,<br>തിരുമല.പി.ഒ,<br>തിരുവനന്തപുരം. |
| അജിത്കുമാർ,<br>അസി.എഞ്ചിനീയർ | അകത്തേത്തറ ഗ്രാമ പഞ്ചായത്ത്<br>അസി.എഞ്ചിനീയർ | മൈലാവിൽ ഹൗസ്,<br>മങ്കര.പി.ഒ.<br>പാലക്കാട്. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്ക്സ് | തീർപ്പാക്കാൻ അവശേഷിക്കുന്ന പരാമർശങ്ങൾ |
|---|---|---|---|
| 1996- | എൽ.എഫ്.പി6-251/98/ 25-9-98 | ഫർദർ | 12 |

| | | | |
|---|---|---|---|
| 97 | | റിമാർക്സ് | |
| 1997-98 | നം. കെ.എസ്.എ. പി.കെ.ഡി14/301/19/ 23.01.2021 | ഫർദർ റിമാർക്സ് | 11 |
| 1998-99 | | | 06 |
| 1999-00 | എൽ.എഫ്.പി6-1144/01/ 15-1-02 | ഫർദർ റിമാർക്സ് | - |
| 2000-01 | നം. കെ.എസ്.എ. പി.കെ.ഡി14/301/19/ 23.01.2021 | ഫർദർ റിമാർക്സ് | 19 |
| 2001-02 | | | 08 |
| 2002-03 | | | 07 |
| 2003-04 | | | 06 |
| 2004-05 | | | 02 |
| 2005-06 | | | 07 |
| 2006-07 | | | 09 |
| 2007-08 | എൽ.എഫ്.പി14-38/2011/24-1-11 | ഫർദർ റിമാർക്സ് | 7 |
| 2008-09 | കെ.എസ്.എ-പി.കെ.ഡി. 14-212/16/ 27-10-2016 | കത്ത് | 2 |
| 2009-10 | എൽ.എഫ്.പി14-2088/2012/ 9.11.2012 | കത്ത് | 3 |
| 2010-11 | കെ.എസ്.എ-പി.കെ.ഡി.14-215/15/14.10.16 | ഫർദർ റിമാർക്സ് | 6 |
| 2011-12 | എൽ.എഫ്.പി14-1787/2015/ 30-5-2016/22.8.16 | ഫർദർ റിമാർക്സ് | 16 |
| 2012-13 | നം.കെ.എസ്.എ-പി.കെ.ഡി 14/ 303/16/18.10.16 | ഫർദർ റിമാർക്സ് | 11 |
| 2013-14 2014-15 | നം.കെ.എസ്.എ-പി.കെ.ഡി 14/2264/16,29-03-2017 | ഫർദർ റിമാർക്സ് | 8 |
| 2015-16 | നം.കെ.എസ്.എ.പി.കെ.ഡി. 14/210/2017/8.01.2018 | ഫർദർ റിമാർക്സ് | 6 |
| 2016-17 | നംകെ.എസ്.എ.പി.കെ.ഡി. 847/2018/4.06.2018 | ഫർദർ റിമാർക്സ് | 11 |
| 2017-18 | നം. കെ.എസ്.എ. പി.കെ.ഡി14/85/19/15.10.2019 | ഫർദർ റിമാർക്സ് | 39 |
| 2018-19 | നം. കെ.എസ്.എ. പി.കെ.ഡി14/792/2020/25.06.2020 | റിപ്പോർട്ട് | 36 |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ അകത്തേത്തറ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്<br>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ അകത്തേത്തറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം -3

വാർഷികകണക്ക്-വിവിധ പത്രികകൾ

| | | | | |
|---|---|---|---|---|
| Akathethara Grama Panchayat | | | | |
| RECEIPT & PAYMENT STATEMENT | | | | |
| | | | | |
| For the period from 01-April-2019 to 31-March-2020 | | | | |
| | | | | |
| Code.No | Description of Items | Schedule No.1 | Amount | |
| | RECEIPTS | | | |
| | Opening Balance | | | |
| Bank | Bank | RP-40(a) | 10694240.00 | |
| Cash | Cash | RP-40(a) | 102906.00 | |
| | Operating | | | |
| 110000000 | Tax Revenue | RP-1 | 3858435.00 | |
| 130000000 | Rental income from Panchayat Properties | RP-3 | 402500.00 | |
| 140000000 | Fees & User Charges | RP-4 | 605198.00 | |
| 150000000 | Sale & Hire Charges | RP-5 | 167837.00 | |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 36465454.00 | |
| 171000000 | Interest Earned | RP-9 | 250371.00 | |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 15293181.00 | |
| 350000000 | Other Liabilities | RP-36 | 298409.00 | |
| | | | | |

| | | | | |
|---|---|---|---|---|
| 431000000 | Sundry Debtors (Receivables) | RP-43 | 409271.00 | |
| | Non Operating | | | |
| 180000000 | Other Income | RP-10 | 15243.00 | |
| 330000000 | Secured Loans | RP-32 | 11101566.00 | |
| 340000000 | Deposits Received | RP-34 | 330014.00 | |
| 350000000 | Other Liabilities | RP-36 | 309815.00 | |
| 431000000 | Sundry Debtors (Receivables) | RP-43 | 4457828.00 | |
| 460000000 | Loans, Advances and Deposits | RP-47 | 686630.00 | |
| | Grand total | | 85448898.0 | -1 |
| | PAYMENTS | | | |
| | Operating | | | |
| 210000000 | Establishment Expenses | RP-11 | 6171964.00 | |
| 220000000 | Administrative Expenses | RP-12 | 1485636.00 | |
| 230000000 | Operations & Maintenance | RP-13 | 4773834.00 | |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 2687440.00 | |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 17992959.00 | |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 1866631.00 | |
| 253000000 | Decentralised Plan Programme-Projects not included in | RP-18 | 717419.00 | |

| | | | | |
|---|---|---|---|---|
| Sector Division | | | | |
| | | | | |
| Page No : 1 | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 325500.00 | |
| | Schemes | | | |
| 255000000 | Maintenance Projects | RP-20 | 4450189.00 | |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 54500.00 | |
| 280000000 | Prior Period item | RP-26 | 524752.00 | |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 12948363.00 | |
| 350000000 | Other Liabilities | RP-36 | 5487697.00 | |
| | Non Operating | | | |
| 240000000 | Interest & Finance Charges | RP-14 | 0.0 | |
| 270000000 | Provisions and Write off | RP-23 | 0.0 | |
| 280000000 | Prior Period Item | RP-26 | -191670.(X) | |
| 330000000 | Secured Loans | RP-32 | 0.0 | |
| 340000000 | Deposits Received | RP-34 | 300363.00 | |
| 350000000 | Other Liabilities | RP-36 | 2679270.00 | |
| 410000000 | Fixed Assets | RP-38 | 1424694.00 | |
| | | | | |

| | | | | |
|---|---|---|---|---|
| 412000000 | Capital work in Progress | RP-40 | 1908099.00 | |
| 440000000 | Pre-paid Expenses | RP-45 | 7641566.00 | |
| 460000000 | Loans, Advances and Deposits | RP-47 | 1437446.00 | |
| | Closing Balance | | | |
| Bank | Bank | RP-40(b) | 10757092.00 | |
| Cash | Cash | RP-40(b) | 5154.00 | |
| | Grand 'Fowl | | 85448898.00 | |

| | | | |
|---|---|---|---|
| Akathethara Grama Panchayat | | | |
| | | | |
| INCOME & EXPENDITURE STATEMENT | | | |
| | | | |
| For the period from 0l-April-2019 to 3l-March-2020 | | | |
| | | | |
| Code.No | Description of Items | Schedule No.1 | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 8817081.00 |
| 130000000 | Rental Income from Panchayat / Municipal Properties | 1-3 | 478900.00 |
| 140000000 | Fee & User Charges | I-4(b) | 829923.00 |
| 150000000 | Sale & Hire Charges | I-5(b) | 167837.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / | 1-6 | 75051929.00 |
| | Subsidies | | |
| 171000000 | Interest Earned | 1-8 | 250371.00 |
| 180000000 | Other Income | 1-9 | 15910.00 |
| | | | |

| | | | |
|---|---|---|---|
| | Total Income | | 85611951.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 14077116.00 |
| 220000000 | Administrative Expenses | I-11(b) | 1551576.00 |
| 230000000 | Operations & Maintenance | I-12(b) | 4777274.00 |
| 240000000 | Interest & Finance Charges | I-13 | 0.0 |
| 250000000 | Decentralised Plan Programme-Productive Sector / | I-14 | 3016340.00 |
| | Programme Expenses | | |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 25548243.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1866631.00 |
| 253000000 | Decentralised Plan Programme-Projects not included in | I-14(c) | 717419.00 |
| | Sector Division | | |
| 254000000 | Expenditures of Transfered Institutions and State Sponsored | I-14(d) | 18571400.00 |
| | Schemes (not included under Decentralized Plan Programme) | | |
| 255000000 | Maintenance Projects | I-14(e) | 4450189.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 54500.00 |
| 270000000 | Provisions and Write off | I-16 | 0.0 |
| 272000000 | Depreciation | I-17(a) | 2847132.00 |
| | Total Expenditure | | 77477820.00 |
| | Gross Surplus/ Deficit of income over Expenditure | | 8134131.00 |
| 280000000 | Prior Period Item | I-18 | -8274941.00 |

| | | | |
|---|---|---|---|
| | Gross Surplus/Deficit of Income over Expenditure after prior period items. | | 16409072.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |
| | | | |

| | | | |
|---|---|---|---|
| Akathethara Grama Panchayat | | | |
| BALANCE SHEET | | | |
| | | | |
| hor the period from 01-April-2019 to 31-March-2020 | | | |
| | | | |
| Code.No | Description of Items | Schedule No.1 | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 27823853.75 |
| 312000000 | Reserves | B-3 | 20623574.00 |
| | Total Reserve & Surplus | | 48447427.75 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 6916665.00 |
| | Total Grants, Contributions for Specific Purposes | | 6916665.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 23545311.00 |
| | Total Loans | | 23545311.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1753037.00 |
| | | | |

| | | | |
|---|---|---|---|
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1159870.25 |
| 360000000 | Provisions | B-10 | 56206.00 |
| | Total Current Liabilities and Provisions | | 2969113.25 |
| | TOTAL LIABILITIES | | 81878517.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 51493821.00 |
| 411000000 | Accumulated Depreciation | B -11 | -5348623.00 |
| 412000000 | Capital Work in Progress | B-1 1(a) | 0.0 |
| | Total Fixed Assets | | 46145198.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 110555.00 |
| 431000000 | Sundry Debtors (Receivables) | B-15 | 310916.00 |
| 440000000 | Pre-paid Expenses | B-16 | 23545311.00 |
| 450000000 | Cash and Bank Balance | B-17 | 10762246.00 |
| | | | |
|  | | | |